# *An insight into*
# VALLATHOL THARAVADU



Like branches on a tree,
We all grow in different directions
Yet, our roots remain as one

## The Team



**Ramdas Vallathol**



**Dr. Vallathol Vinod Menon**



**Dr. Anil Vallathol**



**Vallathol Bharadwajan**



**Vallathol Nandakumar**



**Rathi Vallathol**



**Girija Krishnan**

This book is conceptualised, compiled (including synopsis written for Malayalam articles) by Ramdas Vallathol with the main objective of strengthening bonds among the family members. This book is released on first Vallathol family reunion day on December 23, 2017.

*An insight into*

# Vallathol Tharavadu


| | |
|---|---|
| Messages | |
| സമാഗമത്തിനൊരാമുഖം | അനിൽ വള്ളത്തോൾ |
| അമ്മേ ഭഗവതി | വള്ളത്തോൾ ജനാർദ്ദനൻ |
| അമ്മേ ദേവീ! തുണക്കണേ! | വള്ളത്തോൾ ദാമോദരമേനോൻ |
| എന്റെ ഗ്രാമം | വള്ളത്തോൾ ഭവദാസൻ |
| പ്രണാമം | വള്ളത്തോൾ ഭരദ്വാജൻ |
| മങ്ങാത്ത ഒരു പിടി സ്മരണകൾ | സരോജിനി വി. മേനോൻ |
| ഓർമ്മകളുടെ സുഗന്ധം | കുറ്റിപ്പുറത്ത് ചന്ദ്രശേഖരൻ നായർ |
| ശർക്കരയേക്കാൾ മധുരമുണ്ടായിരുന്നു ആ സ്നേഹത്തിന് | വള്ളത്തോൾ ഭാർഗ്ഗവമേനോൻ, |
| മരിച്ചവരും മരിക്കാത്ത ചില സ്മൃതികളും, ശ്രുതികളും | വള്ളത്തോൾ ജനാർദ്ദനമേനോൻ |
| ഒരു ഓർമ്മകുറിപ്പ് | സരോജിനി പാട്ടത്തിൽ |
| വള്ളത്തോൾ സ്മരണകൾ | വിശ്വനാഥ മേനോൻ |
| മഹാകവി വള്ളത്തോൾ – വളരെ വലിയ ഒരാൾ | സി. രാധാകൃഷ്ണൻ |
| എന്റെ സ്മരണകളിൽ | വള്ളത്തോൾ ഉണ്ണികൃഷ്ണൻ |
| പുല്ലൂണി ബാല്യകാലസ്മരണകൾ | Dr. Mohandas C. |
| എന്റെ ഓർമ്മകൾ | ലക്ഷ്മിക്കുട്ടിയമ്മ |
| മറക്കാൻ കഴിയാത്ത ചില വിലപിടിച്ച ഓർമ്മകൾ | വാസന്തി മേനോൻ |
| കോന്തിമേനോൻ കാര്യക്കാർ | കുറ്റിപ്പുറത്ത് കിട്ടുണ്ണി നായർ |
| കൊണ്ടയൂർ തറവാട് | വള്ളത്തോൾ ഭാരതിയമ്മ |
| ചന്ദനസുഗന്ധം | ഭാമിനി |
| ഓർമ്മയിൽ ഞാനും, അമ്മയും, അമ്മു ഏടത്തിയും | ശ്രീമതി |
| എന്റെയും വളർച്ചയ്ക്ക് പിറകിൽ - കലാമണ്ഡലം | വിമലാ മേനോൻ |
| From Fading Pages of Memory | Ravindranatha Paniker Poonthottam |
| Eventful and enjoyable childhood ...... | Surendranath P. |
| Time of my life | Jothin Vallathol |
| What's There in a Name? | Soman Paniker P. |
| Truly a blessed soul | 'Kalathilakom' Dr. Vinduja Menon |
| Directory | |
| Family Tree | |
| Synopsis for Malayalam Articles | Ramdas Vallathol |




M.T. Vasudevan Nair

"SITHARA"
KOTTARAM ROAD
CALICUT - 673 006
KERALA STATE



മഹാകവി വള്ളത്തോൾ
നാരായണമേനോന്റെ   പിൻ
തലമുറക്കാർ എല്ലാവരും കൂടി
ഒത്തുകൂടുന്ന വള്ളത്തോൾ
സംഗമത്തിലേക്കു വള്ളത്തോൾ
കുടുംബത്തിലെ രാമദാസ് വിനോദ്
എന്നിവർ വന്ന് നേരിട്ട് ക്ഷണിച്ചതിൽ
ഞാൻ വളരെയേറെ സന്തോഷിക്കുന്നു
എന്റെ ശാരീരിക അസ്വസ്ഥത കാരണം
എത്തിച്ചേരുവാൻ കഴിയാത്തതിൽ
അതിയായ ദുഃഖമുണ്ട് കുടുംബ
സംഗമത്തിനും അതിനോടനുബന്ധിച്ച്
ഇറക്കുന്ന സ്മരണികയും എല്ലാവിധ
മംഗളങ്ങളും നേരുന്നു
അക്കിത്തം







K J YESUDAS
THARANGANISARI, FOUNDER & PRESIDENT

"മഹാകവി വള്ളത്തോൾ"

ആ മഹാത്മാവ്
പേര് കേൾക്കുമ്പോൾ
തന്നെ പുളകമുണ്ടാകു
ന്നയാൾ കേരളത്തിൽ
ജനം. ഒട്ടനവധി മഹത്
വ്യക്തികളിൽ ഉന്നത
സ്ഥാനം കൈവരിച്ചു
ജനം. ജനഹൃദയത്തിൽ
നിലനിൽക്കുന്നു.

കേരളത്തിന്റെ പേരും
പ്രശസ്തിയും നിലനിർത്തിപ്പോ
ന്ന യശസ്വിയായ
വള്ളത്തോൾ നാരായ
ണമേനോൻ എന്നും
എന്റെ മനസ്സിൽ
നിലനിൽക്കും.
അദ്ദേഹത്തിന്റെ
തൂലികയിൽ നിന്നൊഴുകി
വീണ ഓരോ വാക്കും
പൂർണ്ണതകൊണ്ട് അറിയുന്നു.

പെരുമയെടുത്ത്
ഒരു പൂജ അർപ്പിക്കാൻ
ഇടയാക്കിത്തന്ന ജഗദീ
ശ്വരന് എന്റെ പ്രണാമം.
അദ്ദേഹത്തിന്റെ കുടുംബ
ക്കാരിലും സ്മരണിക
പ്രകാശനത്തിനും എന്നെ
യും ഉൾപ്പെടുത്തിയതിൽ
അതിയായ സന്തോഷമുണ്ട്.
അദ്ദേഹത്തെ ആദരവോ
ടെ സ്മരിക്കുന്നവർക്കും സർവ്വ
മംഗളാശംസകളും.
എന്റെ ഹൃദയം നിറഞ്ഞ
നമസ്കാരം.
നിങ്ങളുടെ യേശുദാസ്





വള്ളത്തോൾ തറവാട് സ്വന്തം വീടുപോലെ
തന്നെയായിരുന്നു എനിയ്ക്ക്.
“ലോകമേ തറവാട് തനിയ്ക്കീ ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ”

എന്നു പഠിപ്പിച്ച മഹാകവി വള്ളത്തോൾ ഗുരുനാഥന്റെ അനുഗ്രഹം തന്നെയാവണം പുൽക്കൊടിയോളം നിസ്സാരനായ എന്നെയും ആ കുടുംബത്തിന്റെ ഭാഗമാക്കിത്തീർത്തത്. അടുത്ത ബന്ധുവായ മാധവൻ നായർമാഷ് ആലങ്കോട്ടേക്കു വിവാഹം ചെയ്തുകൊണ്ടുവന്ന വള്ളത്തോളിന്റെ മരുമകൾ വിജയലക്ഷ്മിയമ്മ എനിക്കു അമ്മയെപ്പോലെയാണ്. അവരുടെ മക്കളായ രാധികേച്ചിയും ബാബു വള്ളത്തോളും അകാലത്തിൽ പൊലിഞ്ഞുപോയ എന്റെ സഹപാഠി ഗോകുലം ഡോ. വിനോദും സ്വന്തം സഹോദരങ്ങളെപ്പോലെയും. ആ ബന്ധമാണ് ഇളം പ്രായത്തിൽത്തന്നെ പുല്ലൂണിയിലെ വള്ളത്തോൾ തറവാടുമായി അടുപ്പത്തിലാക്കിയത്. തറവാട്ടിൽ ഒരിടങ്ങഴി അരികൂടുതൽ വെയ്ക്കുന്ന ദിവസം ഒരിലചോറ് എനിയ്ക്കുമുണ്ടായിരുന്നു.

1978-ൽ പുല്ലൂണിയിൽ കഥാപ്രസംഗം ചെയ്യാൻ പോയതും ആ സ്നേഹസൗഹൃദങ്ങൾ കാരണമാണ്. അന്നെനിയ്ക്ക് പ്രായം 18. കുമാരേട്ടൻ, ഭാർഗ്ഗവേട്ടൻ, മുരള്യേട്ടൻ, താട്ടൻ (രാജേന്ദ്രൻ), രാമുവേട്ടൻ, മാധവൻ കുട്ടിമ്മാമ, ഭരദ്വാജേട്ടൻ, ഭരതരാജേട്ടൻ തുടങ്ങി വള്ളത്തോൾ കുടുംബത്തിലെ എല്ലാ ശാഖയിലുംപെട്ട ഒട്ടെല്ലാവരും എന്റെയും കാരണവരായി വള്ളത്തോൾ കുടുംബവുമായി പിന്നീട് എന്റെ കുടുംബത്തിന് വിവാഹങ്ങൾ വഴിയുള്ള ഒരു ബന്ധുത്വവുമുണ്ടായി.

ഇപ്പോൾ ഈ വരികൾ കുറിയ്ക്കുന്ന നിമിഷംവരെ ആഴമേറിയ ആ ഹൃദയബന്ധങ്ങളെല്ലാം ഊഷ്മളമായിത്തന്നെ നിലനിൽക്കുന്നു.

മഹാകവി വള്ളത്തോൾ എന്ന കവി ഗുരുനാഥന്റെ 'വെട്ടം' പരത്തുന്ന പഴയ വിശ്വഭവനത്തിൽ വള്ളത്തോൾ കുടുംബാംഗങ്ങളെല്ലാം ഒത്തുചേരുന്ന വിശിഷ്ട സന്ദർഭത്തിൽ ഒരു കുടുംബാംഗമായിത്തന്നെ ഞാനും ഉണ്ടാവും.

എല്ലാവർക്കും നന്മ മാത്രം നേരുന്നു.
കവി ഗുരുവിന്റെ വാക്കുകൾകൊണ്ടു തന്നെ ആ ഗുരുപാദസ്മരണയിൽ പ്രണാമമർപ്പിക്കട്ടെ.

നമസ്തേ ഗതതർഷ!
നമസ്തേ ദുരാധർഷ!
നമസ്തേ സുമഹാത്മൻ!
നമസ്തേ ജഗൽഗുരോ!

സ്നേഹാദരങ്ങളോടെ

സ്വന്തം

**(ആലങ്കോട് ലീലാകൃഷ്ണൻ)**

# സമാഗമത്തിനൊരാമുഖം

*ചിരമരിമയിൽ വള്ളത്തോൾ ഗൃഹം പാർക്കിലൊന്നാം-*
*തരമൊരു തറവാടാണിങ്ങു വെട്ടത്തുനാട്ടിൽ*
*പരമതിനുടെ മേന്മക്കാദിമൻ കോന്തിമേനോൻ*
*വരഗുണനിധി കാര്യക്കാരിതിഖ്യാതനല്ലോ*

എന്നിങ്ങനെ വാഴ്ത്തപ്പെട്ട വള്ളത്തോൾ തറവാട് കേളിയേറിയ കേരളീയ ഗൃഹങ്ങളിൽ പ്രാതഃസ്മരണീയമാകുന്നു. ഈ തറവാടിനെക്കുറിച്ച് പ്രശസ്തകവിയും വള്ളത്തോൾ കമ്പനിയിലെ അംഗവുമായിരുന്ന കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ നൽകുന്ന ഒരു വിവരണം ഇങ്ങനെയാണ്.

പൊന്നാനിയുടെയും തിരൂരിന്റെയും മധ്യത്തിലുള്ള മംഗലം അംശത്തിലാണ് വള്ളത്തോൾ തറവാട്. ഒടുവിൽ നാടുവാണ വെട്ടത്തുരാജാവിന്റെ മന്ത്രിസ്ഥാനം വഹിച്ച കോന്തിമേനോൻ കാര്യക്കാരെക്കൊണ്ട് മുമ്പുതന്നെ അത് പേരും പെരുമയും നേടിയിരിക്കുന്നു. സമ്പത്തും സന്തതിയും ഒരുപോലെ നിറഞ്ഞ തറവാടാണത്. അതിലെ അംഗങ്ങൾ വളരെക്കാലം തൊട്ട് ഒരേ കാരണവന്റെ കീഴിൽ മംഗലം, ചേന്നര എന്നീ രണ്ടു തൊട്ടംശങ്ങളിലുള്ള നാലുഗൃഹങ്ങളിലായിട്ടാണ് താമസം. ഇപ്പോൾ ഭാഗിച്ചു പിരിഞ്ഞു വീടുകൾ വർദ്ധിച്ചിട്ടുണ്ട്.

(മംഗലം ഗ്രാമം ഇപ്പോൾ മലപ്പുറം ജില്ലയിലുള്ള തിരൂർ താലൂക്കിലാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും തിരൂർ റെയിൽവെ സ്റ്റേഷനിൽനിന്ന് ആലത്തിയൂർവഴി ഏഴു കിലോമീറ്റർ സഞ്ചരിച്ചാൽ ഈ പ്രദേശത്ത് എത്തിച്ചേരാമെന്നുമുള്ള വസ്തുത ഇതോടൊപ്പം അറിയിച്ചുകൊള്ളട്ടെ).

കിട്ടുണ്ണിനായർ സൂചിപ്പിച്ചതുപോലെ പുല്ലൂണി, കൊണ്ടയൂർ, കോഴിപ്പറമ്പിൽ, ചേന്നരക്കളം, ആച്ചിക്കുളം/പള്ളിയത്ത്, ചിറ്റഴി, മുരിക്കിങ്ങിൽ/പാട്ടത്തിൽ, തൃക്കടീരി, പൂന്തോട്ടം എന്നിങ്ങനെ ശാഖോപശാഖകളായി ഈ തറവാട് ഇന്ന് പടർന്ന് പന്തലിച്ചിരിക്കുകയാണ്. "ലോകമേ തറവാട്" എന്ന് മഹാകവി വള്ളത്തോൾ പണ്ടു പാടിയതിനെ അന്വർത്ഥമാക്കുമാറ് വള്ളത്തോൾ തറവാട്ടിലെ അംഗങ്ങൾ ഭൂമുഖത്ത് പലയിടങ്ങളിലായി സ്ഥാനമുറപ്പിച്ചുകഴിഞ്ഞു. എങ്കിലും ഏത് വിദേശത്തുപോയി വസിക്കിലും ഏകാംബസോദരരാണെന്ന ഓർമ്മ ഹൃദയത്തിൽ സൂക്ഷിക്കുന്നവർക്ക് തങ്ങളുടെ പരമമൂലസ്ഥാനത്തെ മറക്കാനാവില്ലല്ലോ. വള്ളത്തോൾ തറവാട്ടംഗങ്ങളുടെ പുനഃസമാഗമം ഒരു യാഥാർത്ഥ്യമായിതീരുന്നത് ഈ പശ്ചാത്തലത്തിലാണ്.



തറവാടിന്റെ പൂർവ്വിക മഹിമയിലേക്ക് ഒന്നെത്തിനോക്കുന്നത് ഇവിടെ സമീചീനമായിരിക്കും. വെട്ടത്തു രാജാവിന്റെ മന്ത്രിയായിരുന്ന കോന്തിമേനോൻ കാര്യക്കാരിൽനിന്നത്രെ തറവാടിന്റെ അറിയപ്പെടുന്ന ചരിത്രം ആരംഭിക്കുന്നത്. പത്താം നൂറ്റാണ്ടിൽ അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് വെട്ടത്തുനാട്ടിലെ വലിയൊരു ഭൂവിഭാഗത്തിന്റെ അധീശത്വം വള്ളത്തോൾ തറവാടിനായിരുന്നുവെന്ന് പഴമക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്. പുല്ലൂണിയിൽ ഇന്ന് മഹാകവി വള്ളത്തോൾ സ്മാരകം നിലനിൽക്കുന്നിടത്തായിരുന്നു കോന്തിമേനോൻ സർവ്വ പ്രതാപങ്ങളോടും രാജകീയ ഐശ്വര്യങ്ങളോടുംകൂടി വാണരുളിയിരുന്നത്. അന്നത് പതിനാറ് കെട്ടുള്ള വലിയൊരു ഭവനമായിരുന്നു. എഴുത്തുവിദ്യയും ആയുധവിദ്യയും അഭ്യസിപ്പിക്കുന്നതിനായി വീടിനോട് ചേർന്ന് തന്നെ വലിയൊരു കളരിയുമുണ്ടായിരുന്നു. അഗതികൾക്ക് അഭയകേന്ദ്രവും പട്ടിണിപ്പാവങ്ങൾക്ക് വിരുന്നുശാലയും പീഡിതർക്ക് ആശ്രയസ്ഥാനവുമായിരുന്നു പുല്ലൂണിഭവനം. നാട്ടിലെ ഏതു വിധത്തിലുള്ള അനീതികൾക്കും അക്രമങ്ങൾക്കും കാര്യക്കാരുടെ മഹനീയ ഇടപെടൽ മൂലം പരിഹാരം ലഭിക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ ഭക്തിവിശ്വാസങ്ങളിലും സേവനതൽപരതയിലുമുള്ള മതിപ്പ് കണ്ടറിഞ്ഞതുകൊണ്ടാവാം സാക്ഷാൽ ഭഗവതിതന്നെ ഒറ്റക്കാലിൽ ചിലമ്പണിഞ്ഞ കോഴിയുടെ രൂപത്തിൽ പുല്ലൂണിഭവനത്തിന്റെ മച്ചകത്തിൽവന്ന് നർത്തനം ചെയ്തതായി ഐതീഹ്യമുണ്ട്. അതിനുശേഷമാണ് വള്ളത്തോൾ തറവാട് വള്ളത്തോൾ കോഴിപ്പറമ്പ് എന്നുകൂടി നാമകരണം ചെയ്യപ്പെട്ടത്. (കോവിൽപറമ്പാണ് കോഴിപ്പറമ്പായത് എന്നും പക്ഷാന്തരമുണ്ട്). ഈ ദേവി പുല്ലൂണിക്കാവിലമ്മയായി - ദേശത്തിന്റെ പരദേവതയായി സ്തുതിക്കപ്പെടുന്നു. അവിടെ ക്ഷേത്രം പണിയിച്ചതും പൂജാകർമ്മങ്ങൾക്കായി ആളെ ഏർപ്പെടുത്തിയതും കോന്തിമേനോൻ കാര്യക്കാരാണ്.

മറ്റൊരു ചരിത്രസംഭവംകൂടി ഇവിടെ സ്മരിക്കാവുന്നതാണ്. കൊ.വ. പത്താം ശതകത്തിന്റെ ഉത്തരാർധത്തിൽ കൊച്ചി ശക്തൻതമ്പുരാന്റെ കാലത്ത് അവിടത്തെ ഹരിക്കാരൻ പട്ടരുടെ കുതന്ത്രംമൂലം രാജകോപത്തിന്നു പാത്രമായ പള്ളിയത്തു മൂത്തനായർ വെട്ടത്തുനാട്ടിൽ വന്നു കോന്തിമേനോൻ കാര്യക്കാരുടെ കൂടെ താമസിക്കുകയും വസ്തുതകൾ ബോധ്യപ്പെട്ട കാര്യക്കാർ തമ്പുരാനെ കണ്ട് ശുപാർശചെയ്തു പ്രസാദിപ്പിക്കുകയുമുണ്ടായി. പിന്നീട് പള്ളിയത്തു നായർ വിവാഹം ചെയ്തത് കാര്യക്കാരുടെ ഒരു മരുമകളെയാണ്. അതിലുണ്ടായ സന്താനത്തെ പള്ളിയത്തേക്ക് ദത്തെടുക്കുകയുണ്ടായി. (ഈ മൂത്ത നായരുടെ ദൗഹിത്രിയുടെ ദൗഹിത്രനാണ് മധുമഞ്ജരി, ഗോപാലകൃഷ്ണൻ തുടങ്ങിയ കൃതികളുടെ കർത്താവും വള്ളത്തോൾ കമ്പനിയിലെ അംഗവുമായിരുന്ന പ്രശസ്ത കവി വള്ളത്തോൾ ഗോപാലമേനോൻ) പള്ളിയത്തു തറവാടും വള്ളത്തോൾ തറവാടും തമ്മിൽ ബന്ധുത്വമുണ്ടായത് അങ്ങനെയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും വള്ളത്തോൾ തറവാടിന്റെ പ്രശസ്തി ലോകമെങ്ങും വ്യാപിച്ചത് നമുക്കെല്ലാം അറിയാവുന്നതുപോലെ മലയാളത്തിന്റെ ദേശീയ കവിയും കേരളീയകലകളുടെ സമുദ്ധാരകനുമായിരുന്ന വള്ളത്തോൾ നാരായണമേനോന്റെ ജനനത്തോടെയാണ്. വള്ളത്തോൾ നാരായണമേനോൻ, വള്ളത്തോൾ ഗോപാലമേനോൻ, കുറ്റിപ്പുറത്ത് കേശവൻനായർ, കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ എന്നിവരുടെ സൗഹൃദവും ബന്ധുത്വവും മംഗലത്ത് ഒരു വള്ളത്തോൾ കമ്പനിതന്നെ പടുത്തുയർത്തി. അവർ അംഗങ്ങളായുള്ള പരിഷ്കാരാദിവർദ്ധിനി സഭ എന്ന സാഹിത്യസമാജവും സദാനന്ദസന്ദായിനി എന്ന നാടക സംഘവും അക്കാലത്തെ കലാരസികരെ ഏറെ സ്വാധീനിക്കുകയുണ്ടായി.

കുറ്റിപ്പുറത്തു തറവാടുമായി വള്ളത്തോൾ തറവാടിനുണ്ടായ ചിരകാലബന്ധുത്വത്തെക്കുറിച്ചുകൂടി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. കലയിൽ മുളച്ച പ്രേമത്തിന്റെ പരിണതഫലമായിരുന്നു ഈ തറവാടുകൾ തമ്മിലുണ്ടായ സവിശേഷബന്ധം. പതിനേഴാം ശതകത്തിന്റെ ആരംഭദശയിൽ, ഒരിക്കൽ കുറ്റിപ്പുറത്തു തറവാട്ടിൽ ഒരാഘോഷത്തിന് വള്ളത്തോൾ തറവാട്ടുകാരും ക്ഷണിക്കപ്പെട്ടു. കലാരസിക നായിരുന്ന ശങ്കുണ്ണിമേനോനാണ് അതിൽ പങ്കെടുക്കാൻ നിയുക്തനായത്. ആഘോഷാനന്തരം പ്രേക്ഷകരും യുവതികളും ചേർന്നുള്ള ഒരു കലാവിരുന്നും ഏർപ്പാടാക്കിയിരുന്നു. അക്കൂട്ടത്തിൽ സംഗീതം, കൈകൊട്ടിക്കളി, കുമ്മി, ശാസ്ത്രീയസംഗീതം മുതലായ പ്രദർശനം കാഴ്ചവെച്ചവരിൽ സുമുഖിയും സംഗീതജ്ഞയും കലാകുശലയുമായ ഒരു സ്ത്രീ ശങ്കുണ്ണിമേനോന്റെ പ്രത്യേകശ്രദ്ധ ആകർഷിച്ചു. അവരെക്കുറിച്ച് സുഹൃത്തുക്കൾവഴി അന്വേഷിച്ചപ്പോൾ തന്റെ ആഗ്രഹപൂർത്തിക്ക് വലിയ തടസ്സമുണ്ടാവില്ലെന്നും ബോദ്ധ്യമായി. ആ മഹതി കുറ്റിപ്പുറത്തു തറവാട്ടിലെ കാരണവരുടെ ഭാഗിനേയി കല്യാണിയമ്മ ആയിരുന്നു. പിന്നെ താമസമുണ്ടായില്ല. അവിടം വിടുംമുമ്പ് കല്യാണിയമ്മയെ വിവാഹം ചെയ്യാനുള്ള തന്റെ ഇംഗിതം സുഹൃത്തുക്കൾ മുഖേന തറവാട്ടുകാരണവരെ അറിയിച്ചു. സന്തോഷപൂർവം അത് സ്വീകരിക്കപ്പെടുകയും ചെയ്തു. അങ്ങനെയാണ് സമാനനിലയിൽ വർത്തിച്ചിരുന്ന പുകൾപെറ്റ രണ്ടു തറവാടുകൾ കുടുംബബന്ധുക്കളായത്.

വിവാഹാനന്തരം ശങ്കുണ്ണിമേനോൻ കല്യാണിയമ്മയെ പുല്ലൂണി ഭവനത്തിൽ കൊണ്ടുവന്ന് കുറച്ചുകാലം താമസിപ്പിച്ചു. ഭേദപ്പെട്ട സാമ്പത്തികസ്ഥിതി ഉണ്ടായിരുന്നതിനാൽ താമസിയാതെ അദ്ദേഹം ഭാര്യക്കും മക്കൾക്കുമായി പുല്ലൂണിക്കടുത്തുതന്നെ പുതുശ്ശേരിപ്പറമ്പിൽ ഒരു വീടുണ്ടാക്കിക്കൊടുത്ത് അവിടെ സ്ഥിരവാസമുറപ്പിച്ചു. അങ്ങനെ കുറ്റിപ്പുറത്തു തറവാടിന്റെ ഒരു ശാഖ മംഗലത്ത് വേരൂന്നുകയും ചെയ്തു.

ശങ്കുണ്ണിമേനോന് കല്യാണിയമ്മയിൽ രണ്ടു പുത്രിമാർ ജനിച്ചു. പാറുക്കുട്ടിയും മീനാക്ഷിയും. മൂത്തമകൾ പാറുക്കുട്ടിയമ്മയെ ശങ്കുണ്ണിമേനോന്റെ ഒരു മരുമകനായ ഉക്കുണ്ണിമേനോനും ഇളയവളായ മീനാക്ഷിയമ്മയെ മറ്റൊരു മരുമകൻ കൊച്ചുണ്ണിമേനോനും പാണിഗ്രഹണം ചെയ്ത് വള്ളത്തോൾ - കുറ്റിപ്പുറം തറവാടുകൾ തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമാക്കി. പാറുക്കുട്ടിയമ്മയ്ക്ക് ഉക്കുണ്ണിമേനോനിൽ ജനിച്ച മൂന്നു മക്കളിൽ ദ്വിതീയനാണ് പ്രശസ്ത കവി കുറ്റിപ്പുറത്ത് കിട്ടുണ്ണിനായർ. (മാധവനും നാണിക്കുട്ടിയുമാണ് മറ്റുമക്കൾ). മീനാക്ഷിയമ്മക്കുണ്ടായ മൂന്നു മക്കളിൽ മൂത്തയാളാണ് മറ്റൊരു പ്രശസ്തകവിയായ കുറ്റിപ്പുറത്ത് കേശവൻ നായർ. (ഗോപാലൻ, ഗോവിന്ദൻ എന്നിവരാണ് മറ്റുമക്കൾ). ഇതേസമയം വള്ളത്രൂട് എന്ന ചുരുക്കപ്പേരിൽ വിളിക്കപ്പെട്ടിരുന്ന വള്ളത്തോൾ വീട് ചേന്നരയിൽ പുഷ്ടിപ്രാപിക്കുകയുണ്ടായി. വാസ്തവത്തിൽ വള്ളത്തോൾ തറവാട് ശ്രീമൂലസ്ഥാനം കൈക്കൊണ്ടിരുന്നത് അവിടെയാണെന്നു പറയാം. അവിടെ രണ്ടു വലിയ കുളങ്ങളുടെ കരയിലായി പരദേവതക്ക് സ്ഥാനം കല്പിക്കപ്പെടുക നിമിത്തം ക്ഷേത്രം ഇരുകുളങ്ങര ദേവീക്ഷേത്രം എന്നു വിളിക്കപ്പെട്ടു. 19-ാം ശതകത്തിന്റെ ആരംഭത്തിൽ നിത്യബ്രഹ്മചാരിയും വൈദ്യാഗ്രണിയുമായ വള്ളത്തോൾ രാമുണ്ണിമേനോനായിരുന്നു തറവാടിന്റെ കാരണവർ. അദ്ദേഹത്തിന്റെ ശിഷ്യത്വത്തിലാണ് മഹാകവി അടക്കമുള്ള കവിപ്രഭൃതികൾ വളർന്നത്.

ബ്രഹ്മാവിൻ മകളായ പെണ്ണിനെ മുദാ
വേട്ടുള്ള ധീരൻപര-
ബ്രഹ്മാദ്വൈതവിവേകശാലികളിൽ
വെച്ചഗ്രാസനം കൊണ്ടവൻ
വന്മാടിൻ നിലവിട്ടിട്ടും പടിമുറക്കെന്നെപ്പഠിപ്പിച്ചിടു-
ന്നമ്മാമൻ ദയപൊഴിക്കട്ടെ മഴക്കൊപ്പമായ്

എന്ന് വള്ളത്തോൾ നാരായണമേനോൻ അദ്ദേഹത്തെ പ്രശംസിച്ചിട്ടുണ്ട്. രാമുണ്ണി മേനോന്റെ സഹോദരിയായ കുട്ടിപ്പാറുഅമ്മയ്ക്ക് മല്ലിശ്ശേരി ദാമോദരൻ ഇളയതിൽ 1878-ലാണ് മഹാകവി വള്ളത്തോൾ നാരായണമേനോൻ ഭൂജാതനായത്.

വള്ളത്തോൾ തറവാട് സന്തതിപരമ്പരകളാൽ അഭിവൃദ്ധി പ്രാപിക്കുകയും വൈവാഹികബന്ധങ്ങളാൽ സജീവത കൈകൊള്ളുകയും ചെയ്തതോടെ പുതിയ താവഴികൾ ഉദയം ചെയ്തു. മഹാകവിയുടെ സഹോദരിസ്ഥാനീയമായ അമ്മാളു അമ്മയെ കുറ്റിപ്പുറത്തു കേശവൻനായർ പരിഗ്രഹിച്ച് ചേന്നരക്കളം ശാഖക്കു തുടക്കമിട്ടു. അക്കാലത്തുതന്നെ മഹാകവിയുടെ ഒരമ്മാവനായ അച്യുതമേനോൻ ചിറ്റഴിതറവാട്ടിലെ ഒരംഗത്തെ വിവാഹംകഴിച്ച് ചേന്നരയിൽത്തന്നെ കോഴിപ്പറമ്പിൽ ഭവനമുണ്ടാക്കി താമസം തുടങ്ങിയിരുന്നു. അദ്ദേഹത്തന്റെ പുത്രി മാധവി അമ്മയെ മഹാകവി പരിഗ്രഹിച്ചതോടെ വള്ളത്തോൾ-ചിറ്റഴി ബന്ധം കൂടുതൽ ദൃഢമായി. വള്ളത്തോൾ മഹാകവിയുടെ ജ്യേഷ്ഠൻ ശങ്കുണ്ണി മേനോൻ വഴിക്കാണ് പൂന്തോട്ടം വീടുമായി ഈ തറവാട് ബന്ധപ്പെടുന്നത്. പൂന്തോട്ടത്തിൽ നാണിക്കുട്ടി അമ്മയായിരുന്നു ശങ്കുണ്ണിമേനോന്റെ പത്നി മഹാകവിയുടെ മരുമകളായ ശാരദ അമ്മ തൃക്കടീരി പത്തായപ്പുരയിൽ മാധവൻ കുട്ടിമേനോനെ വിവാഹം കഴിച്ച് തൃക്കടീരി വള്ളത്തോൾ തറവാടു ബന്ധത്തിനും തുടക്കമിട്ടു.

പുല്ലൂണിയിലെ കോന്തിമേനോൻ പണിയിച്ച ഗൃഹം ഭാഗിച്ചാണ് കളത്തിൽ വീടും ആച്ചിക്കുളംവീടും പ്ലാക്കോട്ടുവീടും സംസ്ഥാപിതമാവുന്നത്. കുട്ടൻമേനോൻ എന്ന കിട്ടുണ്ണിമേനോൻ ആണ് കളത്തിൽ വീടിന്റെ സ്ഥാപകൻ. കുഞ്ചപ്പമേനോന്റെയും മറ്റും മാതാവായ ലക്ഷ്മിക്കുട്ടി അമ്മക്കുവേണ്ടി സമീപത്തുതന്നെ മറ്റൊരു ഭവനം പുല്ലൂണികാരണവർ നിർമ്മിച്ചുകൊടുത്തു - അതത്രെ ആച്ചിക്കുളം വീടായി അറിയപ്പെടുന്നത്. പുല്ലൂണിത്തറവാട്ടിലെ നാരായണിഅമ്മയുടെ മൂത്തമകൾ അമ്മുഅമ്മക്കു വേണ്ടി സമീപത്തുതന്നെ നിർമിച്ച ഭവനം പ്ലാക്കോട്ടു വീടെന്ന പേരിലും അറിയപ്പെട്ടു. കുഞ്ചപ്പമേനോൻ പാട്ടത്തിൽ നമ്പ്യാരുടെ മരുമകളെ വിവാഹം കഴിച്ച് മുരിക്കിങ്ങൽ ഭവനത്തിന് ബീജാപാപം കുറിച്ചു. ഇങ്ങനെ പല പല താവഴികളിലൂടെ ശൃംഖലാബന്ധിതമായി വളർന്ന് മഹത്വത്തിന്റെ ഗിരിശൃംഗങ്ങൾ താണ്ടുകയാണ് വള്ളത്തോൾ തറവാട്. തറവാട്ടിലെ പുതിയ തലമുറക്ക് ഈ വക ചരിത്രങ്ങൾ പ്രായേണ അജ്ഞാതമായിരിക്കാം എന്നതിനാലാണ് ഇതിത്രയും സംക്ഷിപ്തമായി പ്രതിപാദിച്ചത്. തുടർന്നിങ്ങോട്ടുള്ള വളർച്ചയുടെ സോപാനങ്ങൾ കൃത്യമായി അടയാളപ്പെടുത്താനുള്ള ആത്മാർത്ഥമായ പരിശ്രമത്തിന്റെ ഭാഗമാണ് ഈ പുസ്തകം.

വള്ളത്തോൾ കുടുംബവൃക്ഷം എന്ന ഒരാശയം വർഷങ്ങൾക്കുമുമ്പ് മനസ്സിൽ കൊണ്ടുനടക്കുകയും അത് നടപ്പാക്കാൻ അശ്രാന്തപരിശ്രമം നടത്തുകയും ചെയ്ത ഒരാൾ നമ്മോടൊപ്പമുണ്ടായിരുന്നു. ദിവംഗതനായ വള്ളത്തോൾ ഭരതരാജന്റെ മൂത്ത പുത്രൻ ജയരാജ്. ഏറെക്കുറെ പൂർത്തീകൃതമായ ഒരു കുടുംബവൃക്ഷമാതൃക അവശേഷിപ്പിച്ചാണ് ആ യുവാവ് അകാലത്തിൽ നമ്മോട് വിട പറഞ്ഞത്. വള്ളത്തോൾ തറവാട് എന്ന വടവൃക്ഷത്തിന്റെ ബലവത്തായ ശാഖകളെ അടയാളപ്പെടുത്തിക്കൊണ്ട് ഒരു രേഖാചിത്രം സമർപ്പിക്കാൻ ഇന്നു ഞങ്ങൾക്ക് ധൈര്യം പകരുന്നത് ജയന്റെ അന്നത്തെ കഠിനമായ തപസ്യയാണ്. ആ സ്മരണക്കു മുമ്പിൽ പ്രണാമം!

വിശുദ്ധമായ ഓർമ്മകളുടെ സുഗന്ധം പേറുന്ന ഈ സ്മരണിക പ്രവാസികളുടെ ഗൃഹാതുരത്വവും തദ്ദേശീയരുടെ ഉടലിരമ്പവും ഒരുപോലെ അനുഭവിപ്പിക്കാൻ കെല്പുറ്റതാകണമെന്ന ലക്ഷ്യത്തോടെയാണ് പുറത്തിറങ്ങുന്നത്. വള്ളത്തോൾ തറവാടുമായി ആത്മബന്ധം പുലർത്തിയിരുന്ന പലരുടെയും ദീപ്തമായ സ്മരണകൾ ഇതിലുൾച്ചേർത്തിരിക്കുന്നു. ഈ ഓർമ്മകളാണ് നമ്മുടെ കരുത്ത്. നമോവാകം!

വള്ളത്തോൾ തറവാടിനെ ശ്രേയോമാർഗത്തിലേക്കു നയിക്കുന്നതിനും ശരിയായ ദിശാബോധം കാട്ടിത്തരുന്നതിനും ഉത്സുകരായ ഒട്ടേറെ അഭ്യുദയകാംക്ഷികൾ നമുക്കുണ്ട്. അവരുടെ അനുഗ്രഹാശിസ്സുകൾ വിലമതിക്കാനാവാത്ത സ്വത്തായി ഞങ്ങൾ കണക്കാക്കുന്നു. ഈ സ്മരണികയുടെ തിലകമായി അവ പ്രശോഭിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

നമ്മുടെ തറവാട്ടിൽ ഉൽകൃഷ്ടമായ കർമപന്ഥാവിലൂടെ സഞ്ചരിച്ച് വീടിനും നാട്ടിനും ലോകത്തിനും കനത്ത സംഭാവനകൾ നൽകി മൺമറഞ്ഞ മഹാരഥൻമാർ ഉണ്ടായിട്ടുണ്ട്. അവരിൽ കലാകാരൻമാരുണ്ട്. ശാസ്ത്രകാരൻമാരുണ്ട്. ഭരണനിപുണൻമാരുണ്ട്. മഹാകവി വള്ളത്തോൾ നാരായണമേനോൻ, വള്ളത്തോൾ ഗോപാലമേനോൻ, വാസുദേവമേനോൻ, വള്ളത്തോൾ ശ്രീകുമാരൻ, നാരായണൻകുട്ടിമേനോൻ, കുമാരമേനോൻ, ദാമോദരമേനോൻ, ഭരതരാജൻ, ബാലകൃഷ്ണമേനോൻ ഇങ്ങനെ ഈ പട്ടിക അനന്തമായി നീളുന്നു. തറവാടുമായി വിവാഹബന്ധത്തിലൂടെ ആത്മൈക്യം സ്ഥാപിച്ച വേറെയും എത്രയോപേർ! അതെ, ഇവരൊക്കെയാണ് നമ്മുടെ അഭിമാനസ്തംഭങ്ങൾ.

ഐശ്വര്യത്തിന്റെ നെയ്ത്തിരിനാളം പൂർവാധികം ശോഭയോടെ ജ്വലിച്ചുകൊണ്ടിരിക്കുകയാണ്. വള്ളത്തോൾ തറവാട്ടിലെ പുതിയ തലമുറ പ്രതീക്ഷയുടെ പന്തങ്ങൾ ഏറ്റുവാങ്ങി പ്രയാണം തുടങ്ങിക്കഴിഞ്ഞു. തൊണ്ണൂറു വയസ്സു

കഴിഞ്ഞ മുതിർന്ന തലമുറമുതൽ മൂന്നുമാസം പ്രായമായ ചെറിയ തലമുറയിൽവരെ ആവേശത്തിന്റെ ഈ അഗ്നി പടരുമാറാകട്ടെ!

കുടുംബവൃക്ഷത്തോടൊപ്പം കുടുംബാംഗങ്ങളോരോരുത്തരുടെയും മേൽവിലാസവും മറ്റു വിവരങ്ങളും ശേഖരിച്ചു ചേർക്കാൻ ഞങ്ങൾ ആവോളം ശ്രമം നടത്തിയിട്ടുണ്ട്. പരിമിതികളുണ്ടാവാം. തെറ്റുകുറ്റങ്ങളുണ്ടാവാം. എത്രത്തോളം മനസ്സിരുത്തിയാലും പറ്റിപ്പോയേക്കാവുന്ന പ്രമാദങ്ങൾക്ക് ഓരോ കൂടുംബാംഗത്തിന്റെയും സൗമനസ്യം മാപ്പു നൽകട്ടെ! അപൂർണതകൾ പരിഹരിച്ച് കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നേറാൻ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും മറ്റഭ്യുദയകാംക്ഷികളുടേയും നിർലോഭമായ പിന്തുണ നിലക്കാത്ത ഊർജമായി കൂടെയുണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

അമ്മേ! കൊണ്ടയൂർ ഭഗവതി! തുണക്കണേ!

– അനിൽ വള്ളത്തോൾ

**Dr. Anil Vallathol**

Professor
Department of Malayalam and Kerala Studies
University of Calicut, Kerala. PIN 673635
Ph. 09447335316, 0494 2567160

*(Res. Kuttipurath House, Mangalam, Malappuram Dt.)*



Pullooni Kalari



# അമ്മേ ഭഗവതി

വള്ളത്തോൾ ജനാർദ്ദനൻ

അമ്മേ മംഗലദേവതേ ഭഗവതി,  മൽ ചിത്ത സഞ്ചാരിണീ
എൻ മാതാവിനു തുല്യയായ് അവനിയിൽ സന്താപസംഹാരിണി
ഇമ്മണ്ണിൻ പുകഴ് മേൽക്കുമേലുയരുവാൻ സർവ്വത്ര സംകാരിണി
എൻ മേൽ നിൻ കരുണാമൃതം പൊഴിയണേ പുല്ലൂണി വാഴംബികേ!

മുന്നം നല്ലൊരു കുക്കുടം വടിവിലായ് വന്നന്തികേ നിന്നതും
പിന്നെ കാരണവർ സ്വരൂപമൊരുനാൾ സ്വപ്നേ ദർശിച്ചതും
പുല്ലൂണിക്കുറികാട്ടി മേദിനിയിതിൽ ക്ഷേത്രം ചമപ്പിച്ചതും
എല്ലാം നിൻ വിളയാട്ടുതന്നെ ഭഗവതി പുല്ലൂണി വാഴംബികേ!

രക്തം തുള്ളിയതൊന്നിൽ നിന്നു വിടരും ആറായിരം രാക്ഷസ-
ശക്തന്മാരെ ഝടുതിയൊരുനൊടിക്കുള്ളിലായ് ഭസ്മമാക്കി
ശക്തീ നിൻ പദ ഭക്തിയൊന്നു മതിയീ ഭക്തനും മുക്തിക്കഹോ
ശക്തിക്കീവിധമെന്നെ കാത്തരുളണേ പുല്ലൂണി വാഴംബികേ!

ആചാര്യൻപോൽ നടിച്ചും അടിമുടി കപട സ്വാമിയായി വേഷമിട്ടും
വാചാലന്മാർ വിളമ്പും പ്രസംഗ വിഭവം പാഴ്ചോറുതാനല്ലയോ
യാചിക്കുന്നോർക്കു നൽകുന്ന മൃതസദൃശമാം ദേവി നിൻ സൽപ്രസാദം
ജ്ഞാനം മാത്രമതാണെനിക്കുപരമം പുല്ലൂണി വാഴംബികേ!

ത്വൻ കാരുണ്യം കൊതിച്ചിട്ടിവിടെയനുദിനം എത്തിടുന്നോരെ നിത്യം
ഭക്തിക്കണ്ണൊത്തവണ്ണം വരമരുളി  കാത്തിടും ഭദ്രകാളി
പിൽക്കാലത്തഭിവൃദ്ധിയും പ്രതിഭയും വിത്തങ്ങൾ പുത്രാദികൾ
സൽക്കീർത്ത്യാദികളത്രയും അരുളി നീ പുല്ലൂണി വാഴംബികേ!

പാതാളത്തിൽനിന്നും യമനൊരു കയറും കൊണ്ടു പോത്തിൻ പുറ-
ത്തേതാനും കിങ്കരന്മാരോടൊരുദിനമിവിടെ എന്നിടം എത്തീടുമ്പോൾ
മാതാ, തൻ കരലാളനത്തിലമരും പൈതലെ കാത്തിടും പോൽ
മാതാവേ, കാത്തിടേണം അമൃതഗതിതരേണം പുല്ലൂണി വാഴംബികേ!

# അമ്മേ ദേവീ! തുണക്കണേ!

വള്ളത്തോൾ കൊണ്ടയൂർ ഇരുകുളങ്ങര ക്ഷേത്രത്തിന് വേണ്ടി പ്രത്യേകം രചിച്ചത്

**വള്ളത്തോൾ ദാമോദരമേനോൻ**



എന്നംബികേ! യെരുകുളങ്ങരെവാഴുമമ്മേ!
ധന്യേ! മദീയ കുല ദേവതയാകുമാര്യേ!
നിൻ നാമ കീർത്തനമെനിയ്ക്കവസാനവായു-
വന്നിടുവോളമെളുതായ് വരുവാൻ നമിപ്പൂ.
    അമ്മ! ഭവൽപ്പദസുമംഗല സേവ ചെയ്തു
    ജന്മം നശീച്ചീവനു മുക്തി ലഭിക്കുവാനായ്
    സമ്മോദമിങ്ങു തുനിയിന്നതുകണ്ടുകൊണ്ടു
    നിൻ മാനസത്തിലിവനോടലിവോടുമില്ലേ?
സാധുക്കൾ തൻഗുണമതാന്നിവനുള്ള ചിന്ത-
സാധിപ്പതിന്നു തവനൽക്കരുണാകടാക്ഷം
ബാധിക്കണേയിവനിൽ നിന്നൊഴിയാത്തതാകും
ബാധയ്ക്കു തുല്യമനീശം ഗിരിവര്യപുത്രീ!
    ലോകത്തിനൊക്കയതി സൗഖ്യമണപതിന്നെൻ
    കൈകൾക്കു ശക്തിയവിടുന്നു തരേണ മമ്മേ!
    ശോകങ്ങൾ നീങ്ങിയവർ തൻമണിമോദബാഷ്പം
    തൂകുന്നതാണീ വനനശ്വരമായ വിത്തം
കണ്ണിന്നുനിന്റെ മധുരാകൃതികാണുവാനും,
കർണ്ണങ്ങൾ നിന്റെ പരിതംബത! കേൾക്കുവാനും
വർണ്ണിക്കുവാൻ തവകഥാമൃതമെന്റെ നാവു
തിണ്ണം പദങ്ങൾ തവസീമ്നിമിചരിയ്ക്കുവാനും
    കർപ്പൂരധൂപവരചന്ദന ഗന്ധമാല്യ
    പുഷ്പങ്ങൾ നിൻപദതലാർച്ചിതമായതെല്ലാം
    ഘ്രാണിപ്പതിന്നു മമനാസിക, യിപ്രകാരം
    കൽപ്പിച്ചിടേണമവിടുന്നു ദയാംബുരാശേ!
ദുഷ്ടന്മാരായദൈത്യ പ്രമുഖരെ നിഹനി-
ച്ചീടുവാനുഗ്രരൂപം
പുഷ്ടപ്രീത്യാവരിച്ചീയുലകിനെയനീശം
കാത്തകൈവല്യമൂർത്തേ!
ഇഷ്ടപ്രാപ്തിയ്ക്കുനിത്യം ശരണമിവനുനൽ-
കീടുകാപത്തു നീക്കി
ത്തുഷ്ട്യാ ഭദ്രേ! പൊറുക്കാൻ ഭവതി കനിയണേ
യെന്റെ കുറ്റങ്ങളെല്ലാം.
    അമ്മേ! ദേവീ! തുണയ്ക്കണേ, മമ മനഃ
    ക്ഷേത്രേ വിളങ്ങേണമേ,
    ദുർമോഹങ്ങളകറ്റണേ, മമ സദാ
    ത്വൽഭക്തി വർദ്ധിയ്ക്കണേ
    ധർമ്മാ ധർമ്മ വിവേചനത്തിലിവനു
    ണ്ടാകുന്ന പാവങ്ങളാ
    മെൻ മാലിന്യമകറ്റണേ, യഖിലവും
    ദുഃഖങ്ങൾ തീർക്കേണമേ!



# എന്റെ ഗ്രാമം

വള്ളത്തോൾ ഭവദാസൻ



മഹാകവി വള്ളത്തോൾ, ജന്മംകൊണ്ടൊരുഗ്രാമം
മലയാള ഭാഷയ്ക്കുമാറ്റുകൂട്ടുംഗ്രാമം
“ചേന്നര”യാണെന്റെ ഗ്രാമം!
ചാരുത നിറഞ്ഞ ഗ്രാമം!
പാരിലെങ്ങും പേരുകേട്ട
കവിതൻ ജന്മംകൊണ്ട പുണ്യമായ ഗ്രാമം!
ആയിരങ്ങൾ തിരികൊളുത്തും
അമ്പലങ്ങളുള്ള ധന്യഗ്രാമം!
ആയിരങ്ങൾ നമസ്ക്കരിക്കും
പള്ളികളുള്ള ഗ്രാമം!
ഹിന്ദുമുസ്ലീം മൈത്രിക്കെന്നും
മാതൃകയാണെൻ കൊച്ചു ഗ്രാമം!
വെറ്റിലയും കുരുമുളകും
പെറ്റപൊന്നു ഗ്രാമം!
തെങ്ങും കവുങ്ങും ഫലംതിങ്ങും
മാവും പ്ലാവും പൊൻവയലും
സമൃദ്ധമായ് വിളയും നെൽക്കതിരും
മണ്ണിൻ മണമുള്ള മനുഷ്യരും
തിങ്ങിപാർക്കുമെൻ ഗ്രാമം!
കഥകളികണ്ട ഗ്രാമം
കാഥികർ നിറഞ്ഞൊരെൻഗ്രാമം
തുഞ്ചന്റെ കിളിയുടെ കൊഞ്ചൽകേട്ടു
പുഞ്ചിരിച്ചുണരുന്നഗ്രാമം.
കവിത്രയത്തിൻ സാന്നിദ്ധ്യത്താൽ
കവിതകൾ വിരിഞ്ഞെന്റെ ഗ്രാമം
സായംസന്ധ്യകൾ കവിയരങ്ങാൽ
സന്തോഷമുഖരിതമായെൻഗ്രാമം
ഓർമ്മയിലെന്നും ആനന്ദത്തിൻ
സാഗരം തീർക്കുമെൻഗ്രാമം!
അഭിമാനിപ്പൂ ഇവിടെ ജനിച്ചതിൽ
സന്തോഷിപ്പൂ ഇവിടെ വളർന്നതിൽ
ചേന്നരയാണെന്റെ ഗ്രാമം
സ്വപ്നങ്ങൾക്ക് ചിറകുമുളപ്പിച്ച ഗ്രാമം!



Chennara kalam

# പ്രണാമം



വള്ളത്തോൾ ഭരദ്വാജൻ

നമിക്കാം, നമുക്കിന്ന്, അർപ്പിക്കാം ഓർമ്മപ്പൂക്കൾ
നമുക്കുമുന്നെപ്പോയ, കുടുംബാംഗങ്ങൾക്കെല്ലാം
വന്ദിപ്പൂ, ആദരാഞ്ജലികളർപ്പിപ്പൂ ഒന്നിച്ചു നാം
ധന്യമീ മുഹൂർത്തത്തിൽ, 'ഈ' സംഗമപ്പുലരിയിൽ!
നമ്മളെനാമാക്കുവാൻ കഠിനദ്ധ്വാനം ചെയ്തോർ
വിയർപ്പിൻ വിലനൽകി, ജീവിതം ഹോമിച്ചവർ
എന്നുമെ ജ്വലിക്കുന്ന സൂര്യരശ്മികൾ പോലെ
എന്നെന്നും പ്രകാശിപ്പൂ, നമ്മൾതൻ ഹൃദയത്തിൽ
അന്നവർ പകർന്നൊരു സ്നേഹവും കരുണയും
ഇന്നുനമ്മിലൊഴുകട്ടെ, സൗഹൃദരക്തമായ്.

കുട്ടിപ്പുരകൾ മേഞ്ഞും കഞ്ഞിയും ചോറും വെച്ചും
കണ്ണൻചിരട്ടകളിൽ മണ്ണപ്പമുണ്ടാക്കിയും
കണ്ട പച്ചിലകളെല്ലാം നുറുക്കിക്കറിവെക്കാൻ
ഉണ്ടാക്കി കുഞ്ഞടുപ്പുകൾ, മെടഞ്ഞു പച്ചോലകൾ
കടലാസുതോണികൾ ഒഴുക്കിക്കളിച്ചിവർ
പിണങ്ങിയും ഇണങ്ങിയും സൗഹൃദം പങ്കിട്ടിവർ

ഒന്നിച്ചു പഠിച്ചവർ, ഒന്നിച്ചു കളിച്ചിവർ,
ഒന്നിച്ചുണ്ടുറങ്ങുവാൻ, താഴ്പ്പായിൽ കിടന്നവർ!
അമ്പലക്കുളങ്ങളിൽ, നീന്തിക്കളിച്ചോരിവർ
അൻപഴും മഴയത്ത്, നനഞ്ഞങ്ങുല്ലസിച്ചോർ

കാലപ്പകർച്ചയിൽ ചിതറിയ ബന്ധങ്ങളെ
ഒന്നായി ഊട്ടി ഉറപ്പിക്കുമീവേളയിൽ
സ്വർഗ്ഗകവാടം തുറന്നെത്തി നോക്കുന്നുണ്ടവർ
സന്തോഷസംതൃപ്ത അനുഗ്രഹം വർഷിപ്പവർ

എന്തിനിവേണം നമുക്കിനിജീവിതം
ധന്യമാവാൻ ഇതിൽപ്പരം സാഫല്യം!
ദീപ്തമായ് ശോഭിച്ചിടും ഈ "ഭദ്രദീപനാളം"
നിത്യവും ജ്വലിക്കട്ടെ, കുടുംബ 'കെടാവിളക്കായ്"

പ്രാർത്ഥിക്കാം നമുക്കിന്ന്, കുറ്റങ്ങൾ പൊറുക്കുവാൻ
പ്രാർത്ഥിക്കാം നമ്മെ എന്നും നേർവഴി നയിക്കുവാൻ
ഇന്നത്തെ പ്രതിജ്ഞയായ് ഉച്ചത്തിൽ ചൊല്ലീടാം, നാം
ബന്ധങ്ങൾ ദൃഢമാക്കും, സൗഹൃദം ശക്തമാക്കും
നമിക്കാം... നമുക്കിന്ന്...



Illuminated Vallathol Kondayur Irukulangara Bhagavathy Temple

# മങ്ങാത്ത ഒരു പിടി സ്മരണകൾ

സരോജിനി വി. മേനോൻ (W/o വള്ളത്തോൾ വാസുദേവമേനോൻ), ചെന്നൈ

ചില ഓർമ്മകളുടെ തിളക്കം, ഒരിയ്ക്കലും മങ്ങാറില്ല. എന്റെ ഭർത്തൃകുടുംബമായ പ്രശസ്ത വള്ളത്തോൾ തറവാടുമായി ബന്ധപ്പെട്ടുള്ള മനോഹരമായ പല ഓർമ്മച്ചിത്രങ്ങളും അക്കൂട്ടത്തിൽ പെടുന്നു. അറുപത്തിയെട്ടോളം വർഷങ്ങളുടെ പഴക്കമുണ്ടെങ്കിലും, ബന്ധുജനങ്ങൾ, സ്നേഹത്തലോടൽ കൊണ്ടു മിഴിവേറ്റിയ അവയെല്ലാംതന്നെ ഇന്നും എന്റെ മനസ്സിലെ വെളിച്ചമായി ബാക്കി നിൽക്കുന്നു. ഏതു പ്രതിസന്ധിയിലും, വിഷമ ഘട്ടത്തിലും കരുത്തും പ്രതീക്ഷയുമായി എന്നും മുന്നോട്ടു നയിക്കുന്നതും ആ സ്നേഹസ്മരണകളുടെ പ്രകാശം തന്നെ.

ഓർക്കുന്നു. വള്ളത്തോൾ കുടുംബവുമായുള്ള അടുപ്പത്തിന്റെ തുടക്കം. 1950-ലായിരുന്നു എന്റെ വിവാഹം. മഹാകവി ശ്രീ വള്ളത്തോൾ നാരായണ മേനോന്റെ മരുമകനും ശ്രീ കുറ്റിപ്പുറത്തു കേശവൻ നായരുടെ മകനുമായ ശ്രീ വാസുദേവമേനോനായിരുന്നു വരൻ.

നവവധുവായി, ഭർതൃഗൃഹത്തിലേയ്ക്ക് കടന്നു ചെല്ലുമ്പോഴും ഒരു ലേശം പോലും, അപരിചത്വം, തോന്നിയിരുന്നില്ലെന്നതാണ് വാസ്തവം! കാരണം വിവാഹത്തിനു മുൻപുതന്നെ അവിടത്തെ സകല വർത്തമാനങ്ങളും ഭർതൃസഹോദരിയായ മിനി പറഞ്ഞുതന്നിരുന്നു!

ദേവകി, തങ്കം, മാലതി, ബാല, നന്ദൻ, മുകന്ദൻ, ശ്രീധരൻ എന്നീ എല്ലാ സഹോദരങ്ങളെയും അങ്ങിനെ മിനി വഴി, കാണാതെത്തന്നെ ഞാൻ പരിചയപ്പെട്ടുകഴിഞ്ഞിരുന്നു!

പ്രശസ്ത കവിയും, വാഗ്മിയുമായ വാസുദേവന്റെ അച്ഛനും, ആയുർവേദ ചികിത്സാ വിദഗ്ധനും, സംസ്കൃത പണ്ഡിതനുമായ എന്റെ അച്ഛനും, സുഹൃത്തുക്കളുമായിരുന്നു. അവരൊന്നിച്ചു കൂടുമ്പോൾ സംസാരവിഷയമായിരുന്നത് കവിതയും സാഹിത്യവുമായിരുന്നുവെന്നതും ഞാനോർക്കുന്നു.



അക്കാലത്ത് വാസുവേട്ടന്റെ അച്ഛൻ ചികിത്സയ്ക്കായി മദിരാശിയിൽ ഞങ്ങളുടെ വീട്ടിലേയ്ക്കു വന്നിരുന്നപ്പോൾ കൂടെ ഉണ്ടായിരുന്നത് മിനിയായിരുന്നു. ഏതാണ്ടൊരു രണ്ടുവയസ്സിന്റെ മൂപ്പു മാത്രമുണ്ടായിരുന്ന സുന്ദരിയായ മിനി വളരെ വേഗം എന്റെ സുഹൃത്തായി മാറി. മിനിയ്ക്കാണെങ്കിൽ തറവാട്ടിലെ വിശേഷങ്ങൾ പറയാൻ വലിയ ഉത്സാഹമാവുമായിരുന്നു.

വാസുവേട്ടന് അന്നു ബോംബെയിൽ ആയിരുന്നു ജോലി. താമസിയാതെ മദിരാശിയിലേക്ക് മാറ്റമായി. വന്നയുടനെ പിതൃസുഹൃത്തെന്ന നിലയിൽ എന്റെ അച്ഛനെ വന്നുകണ്ടു. പിന്നീട്, സ്വന്തം പിതാവിന്റെ ചികിത്സക്കാലത്ത് ഇടയ്ക്കിടയ്ക്ക് വീട്ടിൽ വരികയും പതിവായി. ക്രമേണ അദ്ദേഹം വീട്ടിലെ നിത്യ സന്ദർശകനുമായി. വീട്ടുകാരുമായും ഏറെ അടുത്തു. അതൊടുവിൽ, വാസുവേട്ടന്റെയും എന്റെയും പ്രത്യേകമായ പരസ്പര താല്പര്യത്തിലും, ഒടുവിൽ വിവാഹത്തിലും കലാശിച്ചെന്നു കൂടിപറഞ്ഞാൽ മതിയല്ലോ!

സുദൃഢവും സ്നേഹസുരഭിലവുമായ ആ ബന്ധത്തിന്റെ മാറ്റുകൂട്ടാൻ, വിവാഹാനന്തരം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും മത്സരിച്ച് സ്നേഹിച്ചിരുന്നുവെന്നതും ഓർക്കാതെവയ്യ!

അന്ന് മഹാകവി വള്ളത്തോൾ നാരായണമേനോന്റെ പ്രിയമരുമകന്റെ വധു എന്ന നിലയിലും ഞാനതിരറ്റ് ആഹ്ലാദിച്ചു. അഭിമാനിച്ചു. അദ്ദേഹത്തിന്റെ കുടുംബത്തിലെ ഒരംഗമാകാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമായും, ഞാൻ കരുതി.

കാരണം, മഹാകവി എനിയ്ക്ക് ഏറെ ആരാധ്യനായിരുന്നു. വായനക്കമ്പം ധാരാളമുണ്ടായിരുന്നതുകൊണ്ട്, അദ്ദേഹത്തിന്റെ കവിതകൾ എനിയ്ക്കു

പരിചിതമായിരുന്നു. ഏറെ പ്രിയപ്പെട്ടവയും. ഒന്നു രണ്ടു കവിതകൾ പാഠ്യവിഷയങ്ങളുമായിരുന്നു. ഞാനേറെ ബഹുമാനിച്ചിരുന്ന ഒരു ദേശീയ നേതാവായിരുന്നു അദ്ദേഹം.

മഹാകവിയെ, ഞാനാദ്യമായി കാണുന്നത്, ഒരു സംസ്കാരിക പരിപാടിയിൽ പങ്കെടുക്കാനായി. അദ്ദേഹം മദിരാശിയിൽ വന്നപ്പോഴായിരുന്നു അദ്ദേഹത്തെ കാണാൻ ഞങ്ങൾ വിദ്യാർത്ഥിനികൾ, ആവേശത്തോടെ വേദിയിലെത്തി – എന്നാൽ തിരക്കു കാരണം അടുത്തേക്കെത്താൻ കഴിഞ്ഞില്ല. എന്നാൽ സ്റ്റേജിൽ കാണാറായി. ഒത്ത തടിയും ഉയരവും തേജസ്സുറ്റ മുഖവും ചേർന്ന ഗംഭീരമായ രൂപവും തുടർന്നു കേൾക്കാനിടയായ ഉജ്ജ്വലമായ പ്രസംഗവും ഞങ്ങളിൽ, അങ്ങേ അറ്റത്തെ ആദരവവുളവാക്കാൻ പ്രാപ്തമായിരുന്നുവെന്നതു ഓർക്കുന്നു.

പിന്നീട് വിവാഹശേഷമാണ് അദ്ദേഹത്തെ അടുത്തു പരിചയപ്പെടുന്നത്. ചെറുതുരുത്തിയിലെ, അദ്ദേഹത്തിന്റെ വീട്ടിലെ താമസകാലം മറക്കാനാവില്ല. അദ്ദേഹത്തിന്റെ വാത്സല്യം വേണ്ടത്ര അന്നനുഭവിച്ചു. ചുണ്ടനക്കം നോക്കി, വാക്കുകൾ ഊഹിച്ചെടുക്കാൻ ഏറെക്കുറെ അദ്ദേഹത്തിനായിരുന്നു. വ്യക്തമാവാതെ വരുമ്പോൾ എഴുതിക്കാണിയ്ക്കുകയായിരുന്നു പതിവ്. അവിടെ നിന്നു മടങ്ങുമ്പോൾ അദ്ദേഹം എനിയ്ക്കൊരു സമ്മാനം തരികയുണ്ടായി. ‘ഓണപ്പുടവ’ എന്ന സ്വന്തം രചന! അതിൽ സ്വന്തം കൈയ്യക്ഷരത്തിൽ ഏതാനും വാക്കുകളും എഴുതിയിരുന്നു. “സ്നേഹപൂർവ്വം, സരോജിനിയ്ക്ക് എന്ന്! വിലപ്പിടിപ്പുള്ള ഒരോണപ്പുടവ കിട്ടിയ സന്തോഷമായിരുന്നു അന്നെനിയ്ക്ക്! ഇന്നും, അതെന്റെ വിലയേറിയ സ്നേഹ സ്മരണതന്നെ!

ഞങ്ങളുടെ വിവാഹശേഷം മഹാകവി മദിരാശിയിൽ വരുമ്പോഴൊക്കെ താമസിച്ചിരുന്നത് ഞങ്ങളോടൊപ്പമായിരുന്നു. കൂടെ ഗോപിയേട്ടനുണ്ടായിരുന്നു. അച്ഛനുമായും അദ്ദേഹം നല്ല അടുപ്പത്തിലായിരുന്നു. വർത്തമാനങ്ങളും പതിവായിരുന്നു. അദ്ദേഹം വന്നു കഴിഞ്ഞാൽ പിന്നെ വീട്ടിലൊരു ഉത്സവപ്രതീതിയാണ്. ആരാധകരുടെയും, സാഹിത്യ പ്രേമികളുടെയും, വലിയൊരു സന്ദർശകപ്പടതന്നെ വീട്ടിൽ സദാ വന്നെത്തുമായിരുന്നു. എന്നാൽ ഏതു തിരക്കിലും, ദിനാചര്യയിലെ അച്ചടക്കം അദ്ദേഹം ഉപേക്ഷിയ്ക്കുമായിരുന്നില്ല. അതിരാവിലെ ഉറക്കമുണരും. കഞ്ഞിയാണ് പ്രിയപ്പെട്ട പ്രഭാത ഭക്ഷണം. കൃത്യം പന്ത്രണ്ടുമണിയായാൽ ഊണ്. പിന്നെ ഒരല്പം വിശ്രമം. അതിഥികളെ കാണൽ. എഴുത്ത്, വായന അങ്ങിനെ ഓരോന്നിനും ഓരോസമയക്രമം പാലിച്ചുകൊണ്ടായിരുന്നു നിത്യചര്യകൾ.

ഋഗ്വേദം വിവർത്തനം ചെയ്യുന്ന കാലത്താണ് അധികം ദിവസം അദ്ദേഹം മദിരാശിയിലുണ്ടായത്. അദ്ദേഹത്തിന് എഴുതാനും വായിയ്ക്കാനുമുള്ള സൗകര്യങ്ങൾ ഒരുക്കുമ്പോഴൊക്കെ മനസ്സിൽ അളക്കാനാവാത്ത കൃതാർത്ഥത അനുഭവിച്ചിരുന്നു.

അക്കാലത്തായിരുന്നു പണ്ഡിറ്റ് നെഹ്റുവിന്റെ മദിരാശി സന്ദർശനമുണ്ടായത്. രാജ് ഭവനിലായിരുന്നു അദ്ദേഹത്തിന്റെ താമസം. മഹാകവിയ്ക്ക് അദ്ദേഹത്തെ കാണാൻ ക്ഷണമുണ്ടായിരുന്നു. എന്നാൽ മഹാകവി ചെന്നത് ഞങ്ങളെ സകുടുംബം ഒപ്പം കൂട്ടിയായിരുന്നു. സൗമിനിയ്ക്കന്ന് അഞ്ചു വയസ്സായിരുന്നു പ്രായം. അദ്ദേഹം, സൗമിനിയോട് വളരെ വാത്സല്യത്തോടെ ഒരു കാര്യം പറഞ്ഞു. മോള് ചാച്ചാജിയെ മാലയണിയിയ്ക്കണം എന്ന്. മാത്രമല്ല സമയമായപ്പോൾ സരസമായി ആഗ്യം കാട്ടി ഓർമ്മിപ്പിച്ചുകൊണ്ട്, അവളെക്കൊണ്ട് മാലയിടുവിയ്ക്കയും ചെയ്തു!

അതായിരുന്നു മഹാകവിയുടെ ഞങ്ങളുമൊത്തുള്ള അവസാനത്തെ വാസക്കാലം. 1956-ലായിരുന്നു അത്. 1958-ൽ അദ്ദേഹം എന്നന്നേയ്ക്കുമായി വിട പറഞ്ഞതോടെ വലിയൊരു വാത്സല്യധാരയാണ് അതോടെ ഉറങ്ങിപോയത്. എങ്കിലും, അതിൽ പിന്നീടും നാട്ടിലേയ്ക്കുള്ള ഓരോ യാത്രയിലും, വാസന്തിയടക്കമുള്ള അദ്ദേഹത്തിന്റെ മക്കളെ, കാണാൻ ഞങ്ങൾ മുടങ്ങാതെ പോകുമായിരുന്നു.

മഹാകവിയുടെ മരണാനന്തരം, പതുക്കെപ്പതുക്കെ വീണ്ടെടുത്ത സന്തോഷവും സമാധാനവും ഭർത്താവും കുട്ടികളുമായി ആസ്വദിച്ചുകൊണ്ടിരിയ്ക്കെയാണ്, ഒട്ടും പ്രതീക്ഷിയ്ക്കാത്ത ഒരു മഹാദുരന്തം ഞങ്ങളുടെ കുടുംബത്തിൽ ആഞ്ഞടിച്ചത്. 1968-ൽ ആയിരുന്നു അത്. ഒരു കാറപകടത്തിന്റെ രൂപത്തിലായിരുന്നു വിധിയുടെ ക്രൂരമായ അടിയുണ്ടായത്. നാട്ടിലേയ്ക്കുള്ള ഒരു കാർയാത്രയ്ക്കിടയിലായിരുന്നു അത്. സഞ്ചരിച്ചിരുന്ന കാറ് അമ്പേ തകർന്നു. കാറിലുണ്ടായിരുന്ന അമ്മയും ഞാനും കുറച്ചുപരിക്കുകളോടെ രക്ഷപ്പെട്ടെങ്കിലും പ്രിയപ്പെട്ട വാസുവേട്ടനെ എന്നെന്നേക്കുമായി ഞങ്ങൾക്കു നഷ്ടപ്പെട്ടു.

സൗമിനിയ്ക്കന്ന് പതിനാറുവയസ്സായിരുന്നതേയുള്ളൂ. സുരേഷിന് പതിമൂന്നും. ഞാൻ പാടേ തകർന്നു പോയൊരു ഘട്ടം. ജീവിതം, എവിടെയും എത്തും മുൻപുള്ള ഒരു വീഴ്ചയായിരുന്നത്. മരവിച്ചു നിന്ന മനസ്സും ജീവിതവും, കഠിനമായ ആ തകർച്ചയിൽ നിന്നും തളർച്ചയിൽ നിന്നും പതുക്കെ പതുക്കെയാണെങ്കിലും വീണ്ടെടുക്കാനും ജീവിതയാത്ര തുടരാനും, അന്നു സാധ്യമായത് തീർച്ചയായും വീട്ടുകാരുടെയും ഭർതൃകുടുംബത്തിന്റെയും സ്നേഹത്താങ്ങ്കൊണ്ടു മാത്രമാണെന്നത്, എടുത്തു പറയാതെ വയ്യ.

ഭർതൃസഹോദരിമാരും, സഹോദരൻമാരും, ഓരോരുത്തരും, നിരന്തരമായ സാന്ത്വനവും പിന്തുണയുമായി ഒപ്പം നിന്നു. സാധാരണ ജീവിത ത്തിലേയ്ക്കു കൈ പിടിച്ചുയർത്തിയ, അവരുടെ സ്നേഹവാത്സല്യങ്ങളും ക്ഷേമാന്വേഷണങ്ങളും, എത്രത്തോളം വലിയൊരനുഗ്രഹമായിരുന്നു. എന്നത് കൃതജ്ഞതയോടെയല്ലാതെ, സ്മരിക്കാനാവില്ല.

ബാലചേച്ചി വർഷത്തിൽ രണ്ടുതവണയെങ്കിലും മദിരാശിയിൽ വന്ന്, കുറച്ചുദിവസം ഒപ്പം താമസിച്ച് സമാശ്വസിപ്പിച്ച് മടങ്ങുമായിരുന്നു. മിനിയാണെങ്കിൽ, ജീവിയ്ക്കാനുള്ള ധൈര്യം പകർന്നുകൊണ്ട് സദാ സമാധാനിപ്പിക്കുമായിരുന്നു.

ഇന്ന് സഹോദരങ്ങളാരും ജീവിച്ചിരിപ്പില്ല. ഒട്ടുമുക്കാലും പഴയ തലമുറക്കാരും മൺമറഞ്ഞു കഴിഞ്ഞു. എന്നാൽ ജീവിതവസാനം വരെ അവരൊക്കെയും സ്നേഹത്താങ്ങായിത്തന്നെ കൂടെ നിന്നു. ഏതു വിഴ്ചയിൽ നിന്നും കരകയറാനുള്ള ഏണിയാകുന്നത്, കുടുംബാംഗങ്ങളുടെ സ്നേഹമാണെന്ന സത്യം അവരിൽ നിന്നും ഞാൻ മനസ്സിലാക്കി. കുടുംബത്തിലെ ഇന്നത്തെ തലമുറക്കാരും സ്നേഹത്തിന്റെ കാര്യത്തിൽ ലോഭമില്ലാത്തവരാണെന്ന വസ്തുത സന്തോഷിപ്പിയ്ക്കുന്നു.

അവരുടെയൊക്കെ, അമ്മായിയായി വലിയമ്മയായി. ഉറ്റബന്ധുവായി സ്നേഹം കൊടുക്കാനും വാങ്ങാനും ഉള്ള ഭാഗ്യം ഭഗവാൻ തന്നനുഗ്രഹിയ്ക്കണേ, എന്നേ എന്നും പ്രാർത്ഥനയുള്ളൂ. എന്റെ ഈയൊരു പിടി സ്നേഹസ്മരണകൾ ഇവിടെ സമർപ്പിച്ചുകൊണ്ട് എന്റെ വരികൾ അവസാനിപ്പിക്കുന്നു.

---

**Synopsis**

## Memories that never fade

Smt Sarojini Menon, W/o Late Sri Vallathol Vasudeva Menon, Chennai

What comes through from the article is the immense love and affection the author experienced over the decades to this day from her husband Late Vallathol Vasudeva Menon's extended vallathol family members. She describes the warm relationship her family had with legends like Vallathol Narayana Menon and Kuttipurath Kesavan Nair even before her eventual marriage into the Vallathol family. Many members of her husband's family are remembered fondly and their tender and admirable humane qualities are explained touchingly. She had great respect for the poet laureate and describes how majestic he was in appearance too. She was once gifted " Onapudava" a poem by the Mahakavi himself with a message in his own handwriting 'lovingly for Sarojini. "It was nothing less than a treasure for the author. During his various visits to Chennai the Mahakavi used to invariably stay with the author's family and such visits created a festive atmosphere in the house. Once when Nehru visited Chennai the Mahakavi too was invited. He took the author and her whole family along to meet the PM and upon insistence of the poet ,Nehru was garlanded by author's daughter Soumini. In the final paragraph she poignantly describes the unspeakable horror that visited her family in the form of a tragic car accident that stole the life of her beloved husband. She puts on records her immense gratitude to many of her relatives from Vallathol family for surrounding her with solace, warmth, tender care and much needed support in the darkest hour of her life.

*She still keeps herself updated of the welfare and whereabouts of many of the vallathol family members.*

# ഓർമ്മകളുടെ സുഗന്ധം

കുറ്റിപ്പുറത്ത് ചന്ദ്രശേഖരൻ നായർ, മംഗലം

കുറ്റിപ്പുറത്ത് നാണിക്കുട്ടി അമ്മയുടെയും വള്ളത്തോൾ നാരായണമേനോന്റെയും മൂത്ത മകനായി പുതുശ്ശേരി വീട്ടിലാണ് ഞാൻ പിറന്നത്. വള്ളത്തോൾ തറവാട്ടിലെ ഒരു പ്രധാന താവഴിയായ മംഗലം പുല്ലൂണിവീട്ടിലായിരുന്നു അച്ഛന്റെ താമസം. പുല്ലൂണിഭവനം അന്ന് പേരുകൊണ്ടും പെരുമകൊണ്ടും വെട്ടത്തുനാട്ടിൽ അദ്വിതീയമായ സ്ഥാനമാണ് വഹിച്ചുകൊണ്ടിരുന്നത്. വെട്ടത്തു രാജാവിന്റെ ഒടുവിലത്തെ മന്ത്രിയായിരുന്ന കോന്തി മേനോൻ കാര്യക്കാർ പണികഴിപ്പിച്ച ആ ഭവനം പണ്ട് പതിനാറുകെട്ടായിരുന്നുവെന്നാണ് പറഞ്ഞു കേട്ടിട്ടുള്ളത്. ഒന്നാന്തരം ചെങ്കല്ലും കുമ്മായവും ശർക്കരയും കൊണ്ട് നിർമ്മിച്ച രാജകീയ ഭവനം തന്നെ! പിന്നീട് നാലു വലിയ പത്തായപ്പുരകളായി ഭാഗിക്കപ്പെട്ട പ്രസ്തുത ഭവനത്തിലെ ഒരു പത്തായപ്പുരയുടെ താഴെയുള്ള ഭാഗത്തിന്റെ മേധാവിയായിരുന്നു എന്റെ അച്ഛൻ. കുട്ടിക്കാലത്ത് വലിയ ആർഭാട ജീവിതമായിരുന്നുവത്രെ അദ്ദേഹം നയിച്ചിപോന്നിരുന്നത്. സിലോണിൽ നിന്നു മുന്തിയ വസ്ത്രങ്ങളും കോഴിക്കോട്ടു നിന്നു വയനാടൻ തേയിലയുമൊക്കെ വാങ്ങിച്ച് സുഖജീവിതം നയിച്ചിരുന്നതിനാലാകാം ഞങ്ങളുടെ കുട്ടിക്കാലമായപ്പോഴേക്കും ഏറെക്കുറെ നിർദ്ധനാവസ്ഥയിലായിരുന്നു. (ഞാനും രാമു എന്നു വിളിക്കപ്പെട്ടിരുന്ന ദാമോദരനുമടക്കം രണ്ടുപേർ പട്ടിണിയുടെ രുചി പലപ്പോഴും അറിയാനിട വന്നിട്ടുണ്ട്). എങ്കിലും എല്ലാ ദുഃഖങ്ങളെയും മധുരീകരിക്കാനുള്ള ഒരു ശക്തി എങ്ങനെയൊക്കെയോ കൈവന്നുവെന്നു വേണം പറയാൻ. ദൈവത്തിനു സ്തുതി.

വള്ളത്തോൾ തറവാടുമായി ഗാഢമായി ബന്ധപ്പെടുന്നതിനു ഞങ്ങൾക്ക് പലപ്പോഴും അവസരം ലഭിച്ചു. മഹാകവി വള്ളത്തോളുമായി അച്ഛന് ഏറെ അടുപ്പമുണ്ടായിരുന്നു. അവർ ഏറെക്കുറെ സമപ്രായക്കാരുമായിരുന്നല്ലോ. മഹാകവി ചേന്നരയിൽ താമസിച്ചിരുന്ന കാലത്ത് നിത്യേന മംഗലത്തേക്ക് നടക്കാൻ വരുമായിരുന്നത്രെ. അപ്പോൾ കുറച്ചുനേരം അച്ഛന്റെ അടുത്തുവന്നി രുന്നു 'തമാശ'കളൊക്കെ പറഞ്ഞേ പോവാറുള്ളൂ. 'നാരായണാ. നല്ല ചായയില്ലേ', അവിടെ? എന്നു ചോദിച്ചാണ് മഹാകവി കടന്നുവരിക. നാരായണേട്ടനെ സൽക്കരിക്കാനാണെങ്കിൽ അച്ഛനു ബഹുസന്തോഷമായിരുന്നു താനും. പിന്നീട് ചെറുതുരുത്തിയിൽ താമസമായപ്പോഴും ചേന്നരയിൽ വരുമ്പോഴൊക്കെ അച്ഛനെ സന്ദർശിക്കാൻ അവസരം കണ്ടെത്തി.



അമ്മയുടെ അച്ഛനായിരുന്ന വള്ളത്തോൾ ഉക്കുണ്ണി മേനോനാണ് ഓർമയിൽ തെളിയുന്ന മറ്റൊരു മുഖം. വലിയ പ്രതാപശാലിയും ഭരണനിപുണനുമായിട്ടാണ് അദ്ദേഹം വാഴ്ത്തപ്പെട്ടിട്ടുള്ളത്. കുറ്റിപ്പുറത്ത് കിട്ടുണ്ണി നായർ ഇദ്ദേഹത്തിന്റെ വൈഭവത്തെപ്പറ്റി കവിത രചിക്കുകപോലും ചെയ്തു. കോടതിയിൽ പോലും തീരാത്ത പ്രദേശത്തെ വലിയ വലിയ പ്രശ്നങ്ങൾ ഇദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ തീർപ്പു കല്പിക്ക പ്പെട്ടിട്ടുള്ളതായി അറിയാം. പുല്ലൂണി ദേശത്ത് ഒരില അനങ്ങിയാൽ പോലും മുത്തച്ഛൻ അറിയാതിരിക്കില്ല. അമ്മയ്ക്കുപുറമെ മാധവൻനായർ, കിട്ടുണ്ണിനായർ എന്നിങ്ങനെ രണ്ടു മക്കൾ കൂടിയാണ് അദ്ദേഹത്തിനു ണ്ടായിരുന്നത്.

വിഭവസമൃദ്ധികൊണ്ടും സൗജന്യമനസ്സുകൊണ്ടും പുല്ലൂണിഭവനം അന്ന് പ്രദേശവാസികൾക്കെല്ലാം അഭയകേന്ദ്രമായി ആരു എപ്പോൾ വന്നാലും ഭക്ഷണം നൽകാൻ കാരണവന്മാർ ഉത്തരവുനൽകി. അതു നടപ്പാക്കാൻ അവിടത്തെ മഹതികൾ ഉത്സുകരുമായിരുന്നു. സുവർണലിപികൾകൊണ്ട് കുറിക്കപ്പെടേണ്ടതത്രെ ആ കാലം. രാത്രി യാത്രികർക്ക് പേടി കൂടാതെ കിടന്നുറങ്ങാനും പിറ്റേന്ന് രാവിലെ സൗകര്യപ്രദമായി കുളിക്കാനു മൊക്കെ അവിടെ ഏർപ്പാടുണ്ടായിരുന്നു. ഭക്ഷണം തയ്യാറാക്കാൻ പട്ടന്മാരെ കൊണ്ടുവന്നു താമസി പ്പിക്കുകയുണ്ടായി. പഞ്ഞമാസങ്ങളിൽ പട്ടിണിക്കാർക്ക് കഞ്ഞിയും പുഴുക്കും ഉണ്ടായിക്കൊടുത്തും വേനൽക്കാലത്ത് വഴിപോക്കർക്ക് ശർക്കരവെള്ളവും സംഭാരവും നൽകിയും ദിനങ്ങൾ കടന്നുപോയി. ഇത്തരം കാര്യങ്ങൾ എക്കാലത്തും നിർവിഘ്നമായി നടത്തിപ്പോരുന്നതിനു തറവാട്ടിൽ പ്രത്യേകസ്ഥലവും വസ്തു

വഹകളും നീക്കിവെക്കുകപോലുമുണ്ടായി. ദാനത്തേക്കാൾ ശ്രേയസ്കരമായി മറ്റൊന്നുമില്ലെന്ന വിശ്വാസം വള്ളത്തോൾ തറവാടിന്റെ അഭിവൃദ്ധിക്ക് ഹേതുഭൂതമായിത്തീർന്നുവെന്നു ഉറപ്പിച്ചുപറയാം.

കുറ്റിപ്പുറത്തുതറവാടും വള്ളത്തോൾതറവാടും തമ്മിലുള്ള ബന്ധത്തിൽ ഏറെ പഴക്കമുണ്ട്. വിവാഹം വഴിക്കുള്ള ഈ ബന്ധം ഇന്ന് ഏറെക്കുറെ നിലച്ചമട്ടാണ്. കുറ്റിപ്പുറത്തുതറവാട് വേരെടുത്തത് തിരുവില്വാമലയിലാണെങ്കിലും പടർന്നുപന്തലിച്ചത് വള്ളത്തോൾ തറവാടുമായുള്ള സഹവാസത്താൽ മംഗലത്തും ചേന്നരയിലുമത്രെ. നിർഭാഗ്യകരമെന്നു പറയട്ടെ കുറ്റിപ്പുറത്തു വീട്ടുകാർ ഏറെ അധിവസിച്ചിരുന്ന മംഗലത്ത് ഇന്ന് ആ വിഭാഗത്തിൽ അവശേഷിക്കുന്നത് തൊണ്ണൂറുകഴിഞ്ഞ ഞാൻ മാത്രമാണ്. കുറ്റിപ്പുറത്തു കേശവൻനായരുടെ പൗത്രിയും വള്ളത്തോൾ ദേവകിയമ്മയുടെ പുത്രിയുമായിരുന്ന എന്റെ ഭാര്യ ശാന്തകുമാരി പത്തുവർഷം മുമ്പ് ഈ ലോകത്തോട് വിടപറഞ്ഞു.

ഓർമ്മകൾ കുതിക്കുകയാണ്. എത്രയെത്ര മുഖങ്ങൾ? അവരിൽ പലരും എന്റെ വളർച്ചയിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്. പ്രമുഖ വാസനാകവിയായിരുന്ന വള്ളത്തോൾ ഗോപാലമേനോൻ അവരിലൊരാളാണ്. അച്ഛന്റെ സുഹൃത്തായതിനാൽ ഇടക്കിടെ കാണാൻ വരുമായിരുന്നു. കൂട്ടത്തിൽ എന്നെ ഉപദേശിക്കുകയും ചെയ്യും. വായിക്കാനുള്ള പുസ്തകങ്ങൾ പറഞ്ഞുതരും. അദ്ദേഹം രചിച്ച കവിതകൾ എന്റെ സർഗ്ഗവാസനയെയും കുറച്ചൊക്കെ പരിപോഷിപ്പിച്ചിട്ടുണ്ടെന്നു പറയാതെ തരമില്ല. ഒരു മഴക്കാലത്ത് ചേന്നര കൊണ്ടയൂർ ഭവനത്തിൽ ചെന്നുപെട്ട അദ്ദേഹം രചിച്ച 'വല്ലാത്ത മഴ'യും ഭാര്യയുടെ അകാല ചരമത്തിൽ വിലപിച്ചെഴുതിയ 'പൊയ്പ്പോയ പ്രാണനു'മൊക്കെ കാവ്യരസികരുടെ മനസ്സിൽ ഏറെക്കാലം നിറഞ്ഞുനിന്നിരുന്നത് നിർമത്സര ബുദ്ധികൾ സമ്മതിക്കുന്ന കാര്യമാണ്.

അതെ, വള്ളത്തോൾ തറവാട്ടംഗങ്ങളുടെ ഒത്തുച്ചേരൽ തീർച്ചയായും ഇത്തരം ഓർമ്മകളുടെ – സൗഹൃദങ്ങളുടെ – മഹാസംഗമമായിരിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.



Kuttipurath Chandrasekharan Nair & Vallathol Kumara Menon at Puthusseri house (Kuttipurath Tharavad)

**Synopsis**

## Fragrance of memories

Sri Kuttipurath Chandraskharan Nair, Mangalam

The author begins by describing the magnificent mansion that was Pullooni house once upon a time in its glory days. The house was unquestionably numero uno in the whole wide region, The 16 kettu building complex was built by Konthi Menon widely regarded as founder of Vallathol Tharavade and who was an important minister of King of Vettam . The author's father hailed from Vallathol family and they all lived in Pullooni house during their childhood days. His father led a lavish lifestyle but soon hard times fell upon them and they had even experienced poverty and starvation. Since Mahakavi Vallathol and his father had close rapport the author had many opportunities to interact with the great person. The writer's maternal grand father was Vallathol Ukkunni Menon who was highly regarded for his great administrative abilities. Even complicated cases that could not be resolved in court of law found solutions after his intervention. Even if a leaf moved anywhere in that area he will come to know. Thanks to the large heartedness and compassion exhibited, Pullooni house was always a reliable shelter and refuge for the needy. Food will be served to anybody at anytime at Pullooni House. The womenfolks of Pullooni were only too happy to carry out this policy of philanthropy. The strong conviction that there is no nobler act than serving the needy and downtrodden must surely be the reason why Pulloni house was immensely blessed with prosperity and glorious times. The writer also describes the strong bond that exists between Vallathol and Kuttipurath tharavades going back to many decades. He also thankfully remembers all those family members who helped in his growth as an individual. He concludes by wishing that the reunion becomes a confluence of such fragrant memories and friendship.

# ശർക്കരയേക്കാൾ മധുരമുണ്ടായിരുന്നു ആ സ്നേഹത്തിന്

വള്ളത്തോൾ ഭാർഗ്ഗവമേനോൻ, പുല്ലൂണി

ഞാൻ വള്ളത്തോൾ ഭാർഗ്ഗവമേനോൻ, വള്ളത്തോൾ ജാനകി അമ്മയുടേയും കെ.പി. കുഞ്ഞുണ്ണിനായരുടേയും രണ്ടാമത്തെ മകൻ. നാട്ടുകാരും വീട്ടുകാരും എന്നെ 'പാക്കേട്ടൻ' എന്നാണ് വിളിക്കുന്നത്. പുല്ലൂണി വീടിന്റെ (എട്ടുകെട്ടിന്റെ) ഒരു ഭാഗം പൊളിച്ച് പണിത ആച്ചികുളത്തായിരുന്നു ഞാൻ താമസിച്ചിരുന്നത്. പുല്ലൂണിയിൽ അന്ന് ദേവി ചെറിയമ്മ (വിജയത്തിന്റെ അമ്മ)യും മക്കളും ആയിരുന്നു. പുല്ലൂണിയും ആച്ചികുളവും ഒരേ വീട്പോലെ ആയിരുന്നു. ആ കാലത്ത് മണ്ഡലമാസത്തിൽ കളരിയിൽ പൂവിടൽ എന്നൊരു ചടങ്ങ് ഉണ്ടായിരുന്നു. രാവിലെ ഈറൻ ഉടുത്ത് തുമ്പപ്പൂപറിച്ച് കളരിയിൽ പൂജിക്കുക എന്നതാണ് ചടങ്ങ്. ആയിടക്ക് പുല്ലൂണിയിൽ ആൺകുട്ടിക്കൾ ഇല്ലാത്ത ഒരു അവസ്ഥ വന്നു. ആ സമയത്ത് ഞാനും എന്റെ അമ്മാവന്റെ മകൻ ഉണ്ണിയും (രവീന്ദ്രൻ) കൂടിയാണ് പൂവിടാൻ പോയത്. മണ്ഡലകാലം എന്നത് നല്ല തണുപ്പുകാലമാണല്ലോ. നനഞ്ഞമുണ്ടും ഉടുത്ത് ഈ പൂവിടൽ കഴിയുമ്പോഴേക്കം തണുത്ത് വിറക്കും. ആ സമയത്ത് സ്നേഹനിധിയായ ആ ദേവിചെറിയമ്മ ആവിപറക്കുന്ന ചായയുമായി ഞങ്ങളെകാത്ത് പുല്ലൂണി വീടിന്റെ ഉമ്മറത്ത് നിൽക്കുന്നുണ്ടാവും. അന്ന് പഞ്ചസാരക്ക് ക്ഷാമമായത്കൊണ്ട് ഒരച്ച് ശർക്കരയും ഉണ്ടാവും കയ്യിൽ. ആ ചെറിയമ്മയുടെ സ്നേഹത്തിന് ആ ശർക്കരയേക്കാൾ മധുരമുണ്ടായിരുന്നു. ആ ചെറിയമ്മയുടെ സ്നേഹവും, ആ ശർക്കരയുടെ മധുരവും ഒരുകാലത്തും നമുക്ക് മറക്കാൻ സാധിക്കുകയില്ല.



വള്ളത്തോൾ ജാനകി അമ്മയുടേയും കോഴി ക്കര പടിഞ്ഞാറെക്കര കുഞ്ഞുണ്ണിനായരുടേയും രണ്ടാമത്തെ മകനായ വള്ളത്തോൾ ഭാർഗ്ഗവമേനോൻ 1951ൽ എട്ടാംക്ലാസ് പരീക്ഷ പാസ്സായി ആ ഘട്ടത്തിൽ എന്റെ അമ്മാമ്മനായിരുന്നു വള്ളത്തോൾ ശങ്കുണ്ണി മേനോൻ നടത്തി വന്നിരുന്ന വള്ളത്തോൾ സ്കൂളിൽ ഒരു മാസ്റ്ററുടെ ഒഴിവ് വന്നു. അന്ന് 5 വരെയുള്ള എലിമെന്ററി സ്കൂൾ ആയതിനാൽ അൺട്രെയിൻഡ് ആയവരെ മാസ്റ്റർ ആയി നിയമിക്കുമായിരുന്നു. എന്നെ ആ സ്ഥാനത്തേക്ക് നിയമിച്ചു. പിറ്റേദിവസം ജനുവരി ഒന്നാം തിയ്യതിമുതൽ ഞാൻ വള്ളത്തോൾ സ്കൂളിലെ 2-ാം ക്ലാസിലെ മാഷുമായി. അന്ന് സ്കൂളിൽ ചെന്ന് ക്ലാസിൽ ചെന്നപ്പോഴത്തെ സന്തോഷം പറഞ്ഞറിയിക്കാനാവില്ല. ചെല്ലുന്നതിന് മുൻപ്വരെ അദ്ധ്യാപനം എന്നതിനെ കുറിച്ച് എനിക്ക് വ്യക്തമായ ധാരണയൊന്നും ഉണ്ടായിരുന്നില്ല. അവിടെ എത്തിയതിന് ശേഷമാണ് അദ്ധ്യാപനം ഒരു കലയാണെന്ന് എനിക്ക് മനസ്സിലായത്. അത് ഇത്രത്തോളം മനോഹരവും മഹത്തരവുമാണെന്നും ഞാൻ മനസ്സിലാക്കി. ആദ്യ നാളുകളിൽ വളരെ തുഛമായ ശംമ്പളമായിരുന്നു കിട്ടിയിരുന്നത് എന്നാലും സ്വന്തമായൊരു വരുമാനം, അതിന്റെ വിലയൊന്ന് വേറെതന്നെ. പിന്നീട് അതിലും വലിയമാറ്റമുണ്ടായി. 1988 മാർച്ച് 31ന് റിട്ടയർ ചെയ്തു. മാഷെന്നുള്ള ആ പദവി അത് ഏത് കാലത്തും നിലനിൽക്കുന്ന ഒന്നാണ്.

---

**Synopsis**

## Sweeter than the Jaggery

**Vallathol Bhargava Menon**

Pakkettan to many, the writer begins by noting that Achikulam from where he hails was built from a portion of Pullooni house. He devotes considerable space to describe the exceptional loving nature of Devi Cheriamma of Pullooni (mother of Vijayam). Pullooni and Achikulam were like one house. He narrates an incident to convey the great quality of Cheriamma. During mandalam season it was mandatory for the youngest male member in Pullooni to get up early in the morning, take bath and clean the inside of Kalari and do puja rituals before eating or drinking anything. Once it so happened that there were no male members in Pullooni and the Kalari duty fell on the author. It was very cold season and so by the time the puja was completed they will be shivering with the wet bath towel (thorthu mundu) around. After puja Cheriamma will be waiting patiently to greet and offer steaming tea. Due to scarcity of sugar a small chunk of jaggery with the tea used to be given. Author recollects Cheriamma's warm affection was sweeter than the jaggery. He then goes on to explain how he became a teacher in the nearby Vallathol school. During the course of his teaching profession he realized how noble the teaching profession was. No matter what, the respectful title 'Mashe' or teacher is a life time reward bestowed on those who are in the teaching career.

# മരിച്ചവരും മരിക്കാത്ത ചില സ്മൃതികളും, ശ്രുതികളും

വള്ളത്തോൾ ജനാർദ്ദനമേനോൻ,

വെട്ടത്തുനാട്ടിൽ തിരുനെറ്റിയിൽ ഒരു പൊൻപൊട്ടായി വിളങ്ങുന്ന സ്ഥലമാണ് മംഗലം എന്ന് ഒരു കവി പാടിയിട്ടുണ്ട്. ഈ പുണ്യസ്ഥലത്ത് ജനിച്ച് രണ്ടു ദശാബ്ദകാലം കഴിയും മുമ്പേ, മദ്രാസിൽ ജോലിക്കായി നാടുവിട്ടവനാണ് ഞാൻ. ഈ കാലഘട്ടത്തിലെ ഇവിടത്തെ ജീവിതത്തെപ്പറ്റിയുള്ള എന്റെ ഓർമ്മകൾ ജീവിതംപോലെതന്നെ സുഖദുഃഖസമ്മിശ്രമാണ്. ബാല്യത്തിൻ ദാരിദ്ര്യം അശേഷം തീണ്ടാത്ത ഒരു പ്രഭുകുടുംബത്തിൽ ജനിച്ചിട്ടുപോലും, രണ്ടാം ലോകമഹായുദ്ധത്തിന്റെ പ്രത്യാഘാതത്തിൽ അവശ്യ സാധനങ്ങളായ ഇന്ധനം, വസ്ത്രം മുതലായവക്കു രൂക്ഷമായ ക്ഷാമം നേരിടേണ്ടിവന്നിട്ടുണ്ട്. ക്രൂഡ് ഓയിൽ ഒഴിച്ച് കത്തിച്ച് ചമ്മിണിവിളക്കിൽ കഴിച്ചുകൂടിയ രാത്രികൾ, ജഗന്നാഥൻ മുതലായ പരുക്കൻ തുണികളുടെ ഓണപ്പുടവ വാങ്ങി കഴിച്ചുകൂട്ടിയ ഓണങ്ങൾ, ഓർമ്മകളുടെ ആ കറുത്ത പേജുകൾ മരിക്കാതിരിക്കുന്നതാണ് നല്ലത്.

ചെറുപ്പത്തിൽ രാവിലെ എണീട്ടുവന്നയുടൻ കിഴക്കേ കോലായിലുള്ള ഇരുമ്പു ബക്കറ്റിൽ നിന്ന് ഒരു പിടി ഉമിക്കരി കയ്യിലെടുത്തു കുളക്കരയിലേക്കുപോകും. കരി കയ്യിട്ടുപൊടിച്ച് പല്ലുതേക്കുന്നതിനിടിയിൽ ആടി നിൽക്കുന്ന ഒരു പല്ല് പറിഞ്ഞു പോരുന്നു. പരിഭവിച്ച് അമ്മയുടെ അടുത്തേക്കു ഓടുന്നു. ചൊവ്വാഴ്ച യായിരുന്നതിനാൽ അവിടെ അമ്മ ചാണകം തേച്ചു മെഴുകിവടിച്ച അടുക്കളയിൽ തീപൂട്ടുകയായിരുന്നു. പല്ലു വീണതുകണ്ടപ്പോഴ് അമ്മ സാരമില്ല. കുറച്ചു ചാണകത്തിൽ ആ പല്ലുപൊതിഞ്ഞു ഓട്ടിൻപുറത്ത് ഇട്ടാൽ മതി" എന്നു പറയുന്നു. "ആനപ്പല്ലേ പോ പോ, കീരിപ്പല്ലേ വാവാ" എന്ന് പറഞ്ഞ് ഓട്ടിൻപുറത്തേക്ക് ഒരേറ്. പിന്നെ സ്കൂളിൽ പോകേണ്ട സമയമായി. കൊടക്കൽ ഓട്ടുകമ്പനിയിൽ നിന്ന് 8 മണിയുടെ സൈറൻ എന്നും കേൾക്കാം.

ആ രാജ്യക്കാരെയെല്ലാം ഉണർത്തി ഉന്മേഷവാന്മാരാക്കുന്നതാണ് ആ സൈറൻ. ഓട്ടുകമ്പനിയിൽ മംഗലത്തു നിന്നുള്ള പലരും ജോലിക്കു പോകുമായിരുന്നു. അതിൽ പ്രമുഖൻ പാട്ടത്തിൽ അനിയേട്ടനായിരുന്നു. മുണ്ടും ഷർട്ടും അതിനുമേൽ ഒരു കറുത്ത കോട്ടും ഇട്ടിട്ടാണ് അദ്ദേഹം പോയിരുന്നതെന്നു ഞാൻ ഓർക്കുന്നു. പിന്നെ പ്രഭാത ഭക്ഷണത്തിന്റെ സമയമായി. ഇഡ്ഡലി, ദോശ, ഉപ്പുമാവ് മുതലായ പലഹാരങ്ങൾക്കു പുറമെ പൊടിയരികഞ്ഞി നിർബ്ബന്ധമായും ഉണ്ടാക്കുമായിരുന്നു. വലിയൊരു ചെമ്പിൽ ആവശ്യത്തിലധികം കഞ്ഞിയുണ്ടാക്കി വെക്കാറുണ്ട്. രാവിലത്തെ ആവശ്യം കഴിഞ്ഞാൽ ബാക്കിയുള്ളത് പുറം ജോലിക്കാർക്കും, കൈനോക്കാൻ വരുന്ന കുറത്തികൾക്കോ, വള കച്ചവടത്തിനു വരുന്ന ചെട്ടിച്ചികൾക്കോ മറ്റു ഭാഷക്കാർക്കോ നൽകി തീർക്കും. പ്രത്യേകിച്ചൊരു വേഷവിധാനമൊന്നുമില്ലാതെയാണ് സ്കൂളിൽ പോക്ക്. ഒരു വള്ളിട്രൗസറും ഷർട്ടും



മംഗലത്ത് അങ്ങാടിയിലെ തുന്നക്കാരൻ നാരായണ മേനോൻ കുറച്ചു ജാസ്തിവെച്ചുതന്നെയാണ് തുന്നുക.

അത്തിമരത്തിൽ പിച്ചകവള്ളി
അമരത്തടത്തിൽ തവള കരയണം.
വിദ്യാധനം സർവ്വധനാൽ പ്രധാനം
മിന്നുന്നതെല്ലാം പൊന്നല്ല
സ്വസഹായം സഹായം
സത്യത്തിൽ പ്രധാനി ഹരിശ്ചന്ദ്രൻ

വള്ളത്തോൾ സ്കൂളിൽ പോകുന്നതിന്റെ ഓർമ്മയാണ്. "വള്ളത്തോൾ ഹിന്ദു സ്കൂൾ" എന്നായിരുന്നു പേര്. പിന്നീട് അതുമാറ്റി വള്ളത്തോൾ സ്കൂൾ ആക്കിയതാണ്. നാലുപുറവും മരത്തിന്റെ ചട്ടയിട്ട കറുത്ത സ്ലേറ്റിൽ ചട്ടയോടുചേർത്ത് പിടിച്ച്, സ്ലേറ്റിൽ വരകൾ വരച്ച് അവക്കുള്ളിൽ 'കോപ്പി' എഴുതുന്ന വാചകങ്ങളാണ് മേൽകൊടുത്തിരിക്കുന്നത്. ദിവസവും രാവിലെ സ്കൂളിൽ പോകുന്നതിനു മുമ്പായി 'കോപ്പി' എഴുതിക്കൊണ്ടുപോകണം. ഇല്ലെങ്കിൽ കേശാമ്പി മാഷ്ടെ കയ്യിൽ നിന്ന് പിച്ച് കിട്ടും. നന്നായി എഴുതിയാൽ ചട്ടയിന്മേൽ ചോക്കുകൊണ്ട് വരകൾ വരച്ച് മാർക്കും കിട്ടും. ക്ലാസ്സിൽ പുഴയോരത്തെ വീടുകളിൽ താമസിക്കുന്നവരിൽപെട്ട പെൺകുട്ടികൾ "കരിക്ക" കൊണ്ടുവരുമായിരുന്നു. പയറിന്റെ വലിപ്പത്തിൽ ചെളിയിൽ ഉണ്ടാകുന്ന കരിക്കപ്പുല്ലിന്റെ വേരോടു കൂടിവരുന്ന ഒരുതരം കിഴങ്ങാണ് കരിക്ക. തിന്നാൻ സ്വല്പം മധുരമുള്ളതാണ്. കരിക്കക്കു പകരം ആ കുട്ടികൾക്കു സ്ലേറ്റ് പെൻസിലിന്റെ പൊട്ടുകൾ പ്രതിഫലമായി കൊടുക്കും. വള്ളത്തോൾ സ്കൂളിൽ അദ്ധ്യാപകനായി ഗോപിയേട്ടൻ, ബാലൻ നമ്പ്യാർ, കൃഷ്ണൻ മാഷ് (കിഴക്കേതിൽ) നമ്പീശൻമാഷ്, കേശാമ്പി ഇവരെ പ്രത്യേകം ഓർക്കുന്നു.

**ചേന്നര സ്കൂൾ**

ഹയർ എലിമന്റി സ്കൂൾ അടുത്തു ചേർന്ന വിശ്വ വിദ്യാലയമായിരുന്നു. കൊണ്ടയൂരിലെ സരസ്വതി ഓപ്പോളുടെ ഭർത്താവ് കരിപ്പായിൽ ഗോവിന്ദപ്പണിക്കർ നടത്തിയരുന്ന സ്കൂൾ ആയിരുന്നു അത്. 8-ാം തരം വരെ അവിടെ പഠിക്കാം. ഈ ഗോവിന്ദപ്പണിക്കർ ഏറാടിയുടെ കാര്യസ്ഥനായിരുന്നത്രെ. എന്റെ അമ്മാമൻ കിട്ടുണ്ണിമ്മാമയുടെ മക്കളായ രാജേട്ടൻ, പീതാംബരൻ എന്നിവരും ആച്ചിക്കുളത്തുതന്നെ താമസിച്ചു ചേന്നര സ്കൂളിൽ പഠിച്ചിരുന്നു. എന്റെ ഒരു ക്ലാസ് മുമ്പിലാണ് അവർ പഠിച്ചിരുന്നത്. കുഞ്ചപ്പമ്മാമയുടെ മകൻ പ്രഭാകരൻ, കളത്തിലെ ഹരിദാസൻ മുതലായവരും എന്റെ ക്ലാസിലാണ് പഠിച്ചിരുന്നത്. എന്റെ അച്ഛന്റെ നാട്ടുകാരനായ വെട്ടേക്കാട്ട് നാരായണൻ എന്നയാൾ ആച്ചിക്കുളത്ത് അമ്മക്ക് എല്ലാ വീട്ടു ജോലികൾക്കും സഹായത്തിനായി ഉണ്ടായിരുന്നയാൾ, പാവം, ഏതു പെരുമഴയത്തും ഞങ്ങൾക്ക് ഉച്ചക്കു ചോറും കൊണ്ടു വന്നുതരുമായിരുന്നു.

ചേന്നര സ്കൂൾ വിട്ടു വന്നാൽ പിന്നെ പ്രവർത്തനരംഗം പുല്ലൂണി മുറ്റമായി. തിരൂർ ഹൈസ്കൂൾ വിട്ടുവന്ന് കൽച്ചട്ടിയിൽ ഇട്ടു ഉരുട്ടിയ ഓരോ വലിയ ഉരുള ചോറ് കഴിച്ച് രവിയേട്ടൻ, വേണു ഏട്ടൻ, സുരേന്ദ്രൻ എന്നിവർ ഫുട്ബോൾ കളിക്കാനുള്ള ഒരുക്കത്തിലായി. ബ്ലാഡർ ഉള്ളിലിട്ട് ഊതിവീർപ്പിച്ച് ലേസ് ഇട്ട് കെട്ടിയാണ് ഫുട്ബോൾ ഒരുക്കിയിരുന്നത്. വേണുവേട്ടൻ ആണ് ഊതിവീർപ്പിക്കുക. അടുത്തു നിന്നും വീക്ഷിക്കുമ്പോൾ ചോറുരുളയുടെ വാസന വരുമായിരുന്നു. കളി തുടങ്ങിയാൽ അപ്പു ഏട്ടൻ, കുമാരേട്ടൻ (വള്ളത്തോൾ ശ്രീകുമാർ) എന്നിവരും ചിലപ്പോൾ കുറച്ചു നേരമെങ്കിലും പങ്കുകൊള്ളാറുണ്ട്. സ്കൂളിൽ പഠിക്കുന്ന കാലത്ത് സന്ധ്യയാവുന്നതിന് മുമ്പായി വീട്ടിൽ വന്നു സന്ധ്യക്ക് വിളക്കുവെച്ച് നാമം ചൊല്ലൽ നിർബന്ധമാണ്. ചൊല്ലിത്തന്ന നാമങ്ങളും ശ്ലോകങ്ങളും തെറ്റുകൂടാതെ ചൊല്ലണം. ചൊല്ലാതിരുന്നാലോ അല്ലെങ്കിൽ തെറ്റി ചൊല്ലിയാലോ വല്യമ്മാമൻ കുഞ്ചച്ചന്മാരോടു 101 തവണ ഏത്തയിടാനുള്ള ശിക്ഷയാണ് നൽകുക. നാമം ചൊല്ലൽ കഴിഞ്ഞാൽ അക്ഷരശ്ലോക സദസ്സുകൾ മിക്കവാറും ഉണ്ടാകാറുണ്ട്. വള്ളത്തോൾ സ്കൂളിൽ പഠിക്കുമ്പോൾ ശ്രീകൃഷ്ണചരിതം മണിപ്രവാളം ഓരോ സർഗ്ഗങ്ങളായി നിർബന്ധിമായും ഹൃദിസ്ഥമാക്കണമെന്ന വ്യവസ്ഥ യുണ്ടായിരുന്നു. ഇക്കാരണംകൊണ്ടുതന്നെ നിരവധി ശ്ലോകങ്ങൾ ഹൃദ്യസ്ഥമായിരുന്നു. അക്ഷര ശ്ലോക ത്തിനു പ്രയാസമുണ്ടായിരുന്നില്ല.

അക്ഷരശ്ലോകമോതീടിൽ
അച്ചുമൂളുക നിശ്ചയം
അച്ചമൂളാത്തവനുണ്ടെങ്കിൽ
അടികൊള്ളുകനിശ്ചയം.

അങ്ങിനെത്തവനുണ്ടെങ്കിൽ
ഇന്നെനിക്കൊന്നുകാണണം
ഇന്നെനിക്കൊന്നുകണ്ടിട്ട്
നാളെരണ്ടുകൊടുക്കണം.

ഇതാണ് തുടക്കം. അക്ഷരം 'ഇ'യിൽ ആരംഭിക്കുന്നു. അതിനുശേഷം ചൊല്ലുന്ന ശ്ലോകത്തിന്റെ മൂന്നാം പാദത്തിന്റെ ആദ്യക്ഷരത്തിൽ ശ്ലോകങ്ങൾ തുടർന്നു ചൊല്ലേണ്ടതാണ്. ഇതിൽ തോല്ക്കുന്നതിനാണ് "അച്ചുമൂളക" എന്നുപറയുന്നത്. അങ്ങനെ പിറ്റേ ദിവസത്തേക്കുള്ള സാമഗ്രികൾ ഒരുക്കി സമാപനം കുറിക്കുന്നു.

**പുല്ലൂണിയിൽ**

പൊതുവെ, പുല്ലൂണി കുട്ടികൾക്കും യുവാക്കൾക്കും മറ്റും തങ്ങളുടെ പ്രവർത്തന രംഗത്തിനുള്ള ഒരു പ്രാരംഭ വേദിയായിരുന്നു. ഞാൻ "പെട്ടിപ്പാട്ട്" (ഗ്രാമഫോൺ) ആദ്യമായി അടുത്തുകണ്ടത് പുല്ലൂണിവെച്ചാണ്. രാധോപ്പോളുടെ കല്ല്യാണത്തിനാണെന്നു തോന്നുന്നു. അന്ന് കേട്ടിരുന്ന പാട്ടുകൾ 'വെൽ വെൽ വേലായുധ.. കുമാരാ... കുമാരാ.. ഷൺമുഖാ... ഷൺമുഖനെ" എന്നും മറ്റുള്ള തമിഴ് പാട്ടുകളായിരുന്നു. പിന്നീട് കൃഷ്ണകുട്ടി മ്മാമയുടെ മകൻ ഉണ്ണിയേട്ടൻ ഗൾഫിൽ പോയി വരുമ്പോൾ ഒരു ഗ്രാമഫോൺ കൊണ്ടു വന്നിരുന്നു. അന്ന് കേട്ടിരുന്ന പാട്ടുകൾ എല്ലാം ഹിന്ദി പാട്ടുകൾ കെ.എൽ. സാഗേൾ, പങ്കജ് മല്ലിക് മുതലായവരുടെ "സോജാ രാജകുമാരി..." ജബ് ദിൽഹി ടൂട്ട് ഗയാ" എന്നും മറ്റും ഉള്ള പാട്ടുകളായിരുന്നു. ഗ്രാമഫോൺ രണ്ടു വിധത്തിലുള്ളതുണ്ടായിരുന്നു. ഒന്ന് കോളാവിപോലെ ഒരു മെഗാഫോൺ ഘടിപ്പിച്ച് അതിൽ കൂടികേൾക്കുന്നത്. മറ്റതു പെട്ടിമാതിരിതന്നെ സ്പീക്കർ ഉള്ളിൽ വെച്ചത്. പെട്ടിപ്പാട്ട് അന്ന് എല്ലാ വിശേഷ ങ്ങൾക്കും കല്ല്യാണങ്ങൾക്കും ഒഴിച്ചുകൂടാത്ത തായിരുന്നു. ചീട്ടുകളി, ചതുരംഗം, എന്നിവ പുല്ലൂണിയിൽവെച്ചാണ് മംഗലത്ത് പ്രശസ്തിയാർജിച്ചത്. 4 കെട്ടു ശീട്ടിൽ 56 മുതൽ 112 വരെ ലേലം വിളിച്ചുള്ള ഒരു കളി പ്രത്യേകതയായിരുന്നു. പണം വെച്ചല്ല.. വെറും വിനോദമായി.

പരമേശ്വരൻ, ചെറുതുരുത്തി കൃഷ്ണേട്ടൻ, ചേന്നരകളത്തിലെ മുകുന്ദേട്ടൻ, നന്ദേട്ടൻ, കൊച്ചുണ്ണി ഏട്ടൻ മുതലായവർ ഇതിൽ വദഗ്ദ്ധരും വളരെ വാശിയേറിയ കളിക്കാരുമായിരുന്നു. 112 വിളിച്ചു ജയിച്ച ചരിത്രവും വിരളമല്ല.

ഇപ്രകാരം തന്നെയായിരുന്നു ചതുരംഗവും. ഇന്നത്തെ ചെസ്സ് അല്ല. അതിന്റെ കേരളത്തിന്റെ തനതായ പുരാതന രൂപം. തേര്, ആന, കുതിര, കാലൾ, മന്ത്രി, ദേവൻ ഇത്രയുമാണ് കരുക്കൾ. ഒരു പടയെടുപ്പിന്റെ വീറും

വാശിയും ബുദ്ധിപൂർവ്വമായ കരുനീക്കങ്ങളും അടങ്ങിയ ഒരു കളിയാണ് ചതുരംഗം. ഡോ. രാമുമാമ ചേർപ്പിൽ നിന്നു വന്നാൽ അന്ന് വലിയേട്ടനുമായി (കുഞ്ചപ്പമ്മാമ) ഒരു 'വരവെപ്പ്". അനിവാര്യമാണ്. വാഴയുടെ ഒരു മുഴുവൻ അണയും മുറിച്ച് 32 കരുക്കളുണ്ടാക്കാൻ ചങ്കപ്പമ്മാമ മിടുക്കനായിരുന്നു. ആ കളി ക്രമേണ പുല്ലൂണിയിൽ തല്പര്യമുള്ളവർ സ്ഥിരമായി കളിക്കാൻ തുടങ്ങുകയും ഉമ്മറത്തു തന്നെ ചുമരിൽ ഘടിപ്പിച്ചിരുന്ന വലിയൊരു മരപ്പലകയിൽ 64 കള്ളികൾ കൊത്തിയുള്ള ഒരു കളിപ്പലകയും (ചെസ് ബോർഡ്) മരംകൊണ്ടുണ്ടാക്കിയ 32 കരുക്കളും ഈ അടുത്ത കാലം വരെ കൂടെ അവിടെ ഉണ്ടായിരുന്നുതായി ഓർക്കുന്നു. കുട്ടിമ്മാമ, കൊച്ചപ്പേട്ടൻ, രാവുണ്ണി വാരിയർ മുതലായവർ ഇതിൽ പ്രത്യേക നൈപുണ്യം ഉള്ളവരായിരുന്നു. കുട്ടിമ്മാമയുമായി ഒരുപാടുതവണ കളിച്ചു തോറ്റതും ചുരുക്കം ചില അവസരങ്ങളിൽ മൂപ്പർക്ക് 'കൺകേട്' പറയുമ്പോൾ ജയിച്ചതും ആയ അനുഭവങ്ങൾ എനിക്കും എന്നേക്കാൾ ബുദ്ധി സാമർത്ഥ്യവും ദീർഘവീക്ഷണവും ഉണ്ടായിരുന്ന മുരുക്കിങ്ങൽ ഉണിയേട്ടനും ഉണ്ടായിട്ടുണ്ട്. ഒന്നു രണ്ടു തവണ ചേന്നരക്കളത്തിലെ കേശവമ്മാമയുമായി കരുവെക്കാനുള്ള ഭാഗ്യവും ഈയുള്ളവനുണ്ടായിട്ടുണ്ട് എന്ന് ഇത്തരുണത്തിൽ ഓർമിക്കുന്നു.

**കുടുംബവും ചില വ്യക്തികളും**

അച്ഛനും അമ്മയും രണ്ടു സഹോദരിമാരും രണ്ടു സഹോദരന്മാരും അടങ്ങിയ എന്റെ കുടുംബത്തെ പ്പറ്റിയുള്ള എന്റെ ഓർമ്മകൾ ഒരു പിടി വരികളിൽ ഇവിടെ കുറിക്കാവുന്നതിനേക്കാൾ ബൃഹത്താണ്. അവർ എനിക്കുതന്ന സ്നേഹത്തിന്റെ ഊർജ്ജത്തിൽ നിന്നും ചൈതന്യത്തിൽ നിന്നുമാണ് 18 വയസ്സിൽ നഗ്നപാദനായി ഒരു മുണ്ടും ചുറ്റി മദിരാശിക്കു വണ്ടികയറാനുള്ള ധൈര്യം ഞാൻ ആർജ്ജിച്ചത്. അതിവിടെ കുറിക്കുന്നില്ല. എന്നാൽ മരിച്ചുപോയ ചിലരെപ്പറ്റിയുള്ള മരിക്കാത്ത ചില ഓർമ്മകൾ കുറിക്കാതെവയ്യ.

**വല്യച്ഛൻ**

പുല്ലൂണി കൃഷ്ണൻകുട്ടിയുടെയും മറ്റും അച്ഛൻ കുഞ്ചൻ നമ്പ്യാരെ ഞാൻ വലിയച്ഛൻ എന്നാണ് വിളിച്ചിരുന്നത്. കഷണ്ടി, കുംഭ, മുതുകത്തു രോമം എന്ന ദൃഢഗാത്രരുടെ ശരീര പ്രകൃതി. രണ്ടു കാതിലും പുറത്തേക്കു നില്ക്കുന്ന രോമം. കുമ്പക്കുമേൽ ചുറ്റിയിട്ടുള്ള മുണ്ടിന്റെ മടിയിൽ കുത്തിയ ഒരു താക്കൾ കൂട്ടം. ഇത്രയുമാണ് ആ ദീർഘാകായന്റെ ആകൃതി. കുട്ടാപ്പു ഉണ്ടാക്കിതന്ന ഒരു ചെറിയ ചെണ്ടയിന്മേൽ എന്റെ കൈപിടിച്ച് കൊട്ടികാണിച്ചുതരുന്ന ദൃശ്യം ഇന്നും എന്റെ മനസ്സിലുണ്ട്..

**വല്യമ്മാമ**

വള്ളത്തോൾ ശങ്കര മേനോൻ (കുഞ്ചപ്പമ്മാമ) പുല്ലൂണി ദേശത്തെ കിരീടമില്ലാത്ത രാജാവായിരുന്നു. ചെറുപ്പകാലത്ത് കളരിയിൽ ആയോധനമുറകൾ അഭ്യസിച്ചിട്ടുണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അതീവ ഗൗരവക്കാരനും അങ്ങേ അറ്റം അച്ചടക്കം പാലിക്കുന്നവനുമായിരുന്നു. ചെറിയ ചെറിയ കലാപങ്ങളിൽ സന്ധിചേർക്കാനും കുറ്റക്കാരെ താക്കീതു ചെയ്യാനും ഉള്ള കഴിവുണ്ടായിരുന്നു. ചികിത്സ, മന്ത്രവാദം എന്നിവയും വശമായിരുന്നു.

**ചങ്കപ്പമ്മാമ**

ആച്ചിക്കുളത്തെ വീട്ടുകാര്യങ്ങളെല്ലാം നോക്കി ഞങ്ങൾക്കു വേണ്ട വിദ്യാഭ്യാസം, സംരക്ഷണം എന്നിവയിൽ ബദ്ധശ്രദ്ധനായിരുന്നു സഹൃദയൻ ചിട്ടയായും നിർബന്ധമായും ആണ്ടറുതികൾ കൊണ്ടാടുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല.

**കിട്ടുണ്ണിമ്മാമ**

അക്കാലത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ തുടർന്നു ടെലിഫോൺ ഡിപ്പാർട്ട്മെന്റിൽ മോണിറ്ററായി ചിരകാലം ജോലിയിൽ ഉണ്ടായിരുന്നു. വിരമിച്ച ശേഷം മംഗലം പോസ്റ്റാഫീസിൽ ഹ്രസ്വകാലം ജോലിനോക്കി. ആ ജോലി ഭാര്യ സഹോദരനു നൽകി. ഞങ്ങളുടെ വിദ്യാഭ്യാസത്തിലും ഉയർച്ചയിലും അതീവ തല്പരനായിരുന്നു. മഹാകവി വള്ളത്തോളിന്റെ ജന്മദിനം എല്ലാകൊല്ലവും ചെറുതുരുത്തിയിൽവെച്ചു നടത്താറുണ്ട്. കിട്ടുണ്ണിമ്മാമയുടെ കൂടെ ഞങ്ങൾ മൂന്നുപേർ, രാജേട്ടൻ, പീതാംബരൻ, ഞാൻ, അനുഗമിക്കക പതിവാണ്. അവിടെ എത്തിയാൽ ഏറ്റവും താഴെയുള്ള മകൻ മുകുന്ദനും ചേരും. പഞ്ചവാദ്യത്തിന്റെ അകമ്പടിയോടെ വള്ളത്തോളിനെയും മറ്റു ക്ഷണിതാക്കളെയും വേദിയിലേക്കു ആനയിക്കുന്നതും മറ്റു സാംസ്കാരിക പരിപാടികളും രാത്രി പുലരുന്നതുവരെ കഥകളിയും ഇന്നരോർമ്മ മാത്രമായി അവശേഷിക്കുന്നു. പിറ്റേന്ന് ഉറക്കമിളപ്പുമാറ്റുവാൻ കൊളപ്പുള്ളിയിലുള്ള കൃഷ്ണകുട്ടിമാമയുടെ വീട്ടിലേക്കാണ് പോകാറ്. കൃഷ്ണക്കുട്ടിമ്മാമ പിന്നീട് ഞാൻ കോയമ്പത്തൂരിൽ ഉള്ളപ്പോൾ കണ്ണിന് തിമിര ചികിത്സക്കായി അവിടെ ഡോ. മൂസസ് ഗനാന ബർനാം എന്ന ഡോക്ടറെകാണാൻ വന്നു. ഞാനും കുഞ്ഞുണ്ണിമ്മാമയുടെ മകൻ പൂന്തോട്ടത്തിൽ ചന്ദ്രേട്ടനുമാണ് അനുഗമിച്ചത്. പോത്തന്നൂരിലെ ഡോക്ടറുടെ കണ്ണാസ്പത്രിയിൽ ഒരു ദിവസം കിടന്നു. പക്ഷെ ചികിത്സ ഫലപ്രദമായില്ല. ചങ്കപ്പമ്മാമയുടെ ഇതുപോലെ പൂർണ്ണമായും തിമിരാന്ധനായിരുന്നു.

പക്ഷേ അദ്ദേഹത്തിനു ശസ്ത്രക്രിയ ചെയ്യാനുള്ള ആരോഗ്യമോ സാമ്പത്തിക ശേഷിയോ ഉണ്ടായിരുന്നില്ല. അന്ധനായിതന്നെ മരിച്ചു.

**ഡോ. രാമുമ്മാമ**

ഞങ്ങളുടെ തറവാട്ടിലെ ഏക അലോപതി ഡോക്ടർ. പെരിന്തൽ മണ്ണയിലും ചേർപ്പിലുമായിരുന്നു പ്രാക്ടീസ് ചെയ്തിരുന്നത്. അദ്ദേഹം മംഗലത്തു വരിക എന്നാൽ ഞങ്ങൾക്കെല്ലാം ഉത്സവംമാതിരിയായിരുന്നു. കൂടെ മക്കളായ രാധാകൃഷ്ണൻ മോഹനൻ നന്ദിനി ചിന്നമണി എന്നിവരും വരുമായിരുന്നു. അക്കാലത്ത് കാറിൽ സഞ്ചരിച്ചിരുന്ന ഒരേ ഒരാൾ. എനിക്ക് കണ്ണിൽ ഒരു ദശയുണ്ടായിരുന്നു. രാമുമ്മാമയുടെ സ്നേഹിത നായിരുന്ന ഡോ. നമ്പീശനാണത് അതു മുറിച്ച് ശരിയാക്കിയത്. ഈ ഡോക്ടർ ഗരുഡൻകാവു കാരനായിരുന്നു.

**ചിന്നമ്മാമ**

ചിന്നമ്മായുടെ സ്വന്തം പേര് ഇട്ടിരാരിപ്പൻ എന്നായിരുന്നു. ഈ പേരിൽ വെട്ടത്തു നമ്പിവളപ്പിൽ ചിന്നമ്മാമയുടെ അച്ഛൻ കുഞ്ഞൻ നമ്പ്യാരുടെ ഒരു അമ്മാമൻ ഉണ്ടായിരുന്നു.

ചിന്നമ്മാമയും മാങ്ങിട്ടിരി തുളുത്തിയിൽ നാരായണനും ചേർന്നു മംഗലം ഓയിൽ മിൽസ് മാങ്ങാട്ടിരിയിൽ നടത്തി വന്നിരുന്നു. എവിടെ വീടെടുത്തു താമസവും മറ്റുമായിരുന്നു. ആധുനിക രീതിയിലുള്ള ആ വീട്ടിൽ സന്ദർശിക്കുക അന്നൊരു മേന്മയായിരുന്നു. ചിന്നമ്മാമ കൽക്കത്തിയിൽ ആഷ്ടൺ റോഡ് ബവാനിപൂരിൽ താമസിക്കുമ്പോൾ മകൻ ശിവദാസന് മദ്രാസ് പുരസ് പാക്കം എന്ന സ്ഥലത്തെ ഡോ. നമ്പ്യാർ നേഴ്സിംഗ് ഹോമിൽ ചുണ്ടിന് ശസ്ത്രക്രിയ നടത്തുകയുണ്ടായി. രാമുമ്മാമയുടെ പരിചയക്കാര നായിരുന്ന ഡോ. നമ്പ്യാർ. ഇതിൽ പങ്കുകൊണ്ടു ചിന്നമ്മാമക്കും ബാലമായിക്കും വേണ്ട സഹായ സഹകരണങ്ങൾ ചെയ്യാൻ സാധിച്ച തിൽ കൃതാർത്ഥതയുണ്ട്.

**കുട്ടിമാമ്മ**

കുട്ടിമ്മാമയെപ്പറ്റിയുള്ള ഓർമ്മകൾ കുറച്ചല്ല. കൽക്കത്തയിലുള്ളപ്പോൾ കമ്യൂണിസ്റ്റ് പാർട്ടി നിരോധനത്തിന്റെ ഭാഗമായി അറസ്റ്റ് വരിച്ച് അവിടെ നിന്ന് വിമോചിതനായി മംഗലത്തു തിരിച്ചുവന്നു. കുറച്ചകാലം പാർട്ടി പ്രവർത്തനങ്ങളായി കഴിഞ്ഞു. അതി നിടെ വീട്ടുകാര്യങ്ങളുടെ കൂട്ടത്തിൽ സ്റ്റഡി ക്ലാസുകളും നടത്തിയുരുന്നു. കമ്യൂണിറ്റ് പാർട്ടി നിരോധി ച്ചിരുന്ന കാലത്ത് നേതൃനിരയിലുള്ള ഇമ്പിച്ചിബാവ മുതലായ വർക്കെല്ലാം ചുല്ലുണ്ണി ഒരു അഭയകേന്ദ്ര മായിരുന്നു. പിന്നീട് കുറച്ചുകാലം കൊപ്ര കച്ചവടം നടത്തിപ്പും വലിയ സാമ്പത്തിക നേട്ടമൊന്നും കിട്ടിയില്ലെന്നു മാത്രമല്ല സരസ്വതി അമ്മായി ടൈഫോയ്ഡ് പനിയുടെ ആഘാതത്തിൽ വളരെയധികം വിവശയാ വുകയും ചെയ്തു. ഗോവർധൻ എന്നു പേരിട്ട ഒരു പിഞ്ചു ശിശു വുമുണ്ടായിരുന്നു. തൃശൂരിൽ രാമുമ്മാമയുടെ അടുത്തേക്കാണ് ചികിത്സക്കു കൊണ്ടുപോയത്. അണ്ണശ്ശേരി പാലം അന്നില്ലാത്ത തിനാൽ മഞ്ചലിലാണ് അവിടെ വരെ രോഗിയെ എത്തിച്ചത്. ചികിത്സ കഴിയുമ്പോൾ ഗോവർദ്ധനനെ ജേഷ്ഠത്തി അനുഏടത്തി യാണ് പൂർണ്ണമായും നോക്കിയിരുന്നത്. ആ ഗോവർദ്ധൻ ഇന്നെവിടെ എന്നറിയില്ല. മംഗലത്തും, ചെന്നൈയിലും, അവസാനം കോഴിക്കോട്ടു ഗോവിന്ദപുരത്തും ഉള്ള പ്പോൾ എല്ലാം തന്നെ എന്നോട് അദ്ദേഹത്തിന് പ്രത്യേക സ്നേഹാർദ്രതയായിരുന്നു. ഗോവിന്ദപുരത്തു ഒരിക്കൽ ഞാൻ കാണാൻ പോയപ്പോ അദ്ദേഹത്തിനുണ്ടായ സന്തോഷം പറഞ്ഞറിയിക്കുവാൻ പ്രയാസം. എന്നെ ആദ്യമായി തൃശൂർ പൂരം കാണാൻ കൊണ്ടുപോയത് കുട്ടിയമ്മാമയാണ്. ദേവിചെറിയമ്മ ചേർപ്പിൽ രാമുമ്മാമയുടെ വീട്ടിൽ ചികിത്സയിൽ കഴിയുന്ന കാലത്തായിരുന്നു അത്. സ്നേഹവത്സലനായ ആ അമ്മാവന്റെ ഓർമ്മകൾ എന്നിൽ മരിക്കാതെ നിലനിൽ ക്കുന്നു. ചെന്നൈയിൽ താംബരത്തു കുടുംബ സമേതം താമസിച്ചിരുന്ന കാലത്ത് ആഴ്ചയിൽ ഒരിക്കലെങ്കിലും ഞാൻ അവിടെപോയി താമസിക്കാറുണ്ട്. ഭരദ്വാജൻ (മൂത്തപുത്രൻ, സ്കൂളിൽ പഠിക്കുന്നകാലം. പിന്നീട് ഭരദ്വാജനുമായി അടുത്തു ഇടപഴുകുന്നത് അയാൾ ഗൾഫിൽ പോയി വന്ന് ഭാര്യ പ്രസന്ന സമേതം എഗ്മൂറിൽ താമസിക്കുമ്പോഴാണ്.

സ്നേഹാദരങ്ങളിലും സ്വഭാവരീതിയിലും മറ്റും മിക്ക വാറും കുട്ടിമ്മാമയെപോലെയായിരുന്നു ഭരദ്വാജനും. എന്റെ മകൻ ലണ്ടനിലേക്കു പോയ അവസരത്തിൽ നാണികുട്ടിയുടെ മൂത്തമകൻ രഘുവുമായി പരിചയ പ്പെടുത്തിയത് ഭരദ്വാജനാണ്. ഞങ്ങൾ അമേരിക്കയിൽ മകളുടെ കൂടെ രണ്ടുകൊല്ലത്തിൽപരം കാലം കഴിയുമ്പോഴും ചെന്നൈയിൽ ഒറ്റക്കുണ്ടായിരുന്ന എന്റെ മകന്റെ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു. രഘുവുമായുള്ള സൗഹൃദം ഞങ്ങൾ അന്യോന്യം വീടുകളിൽ സന്ദർശനങ്ങൾ നടത്തിയും താമസിച്ചും അത്യധികം ആസ്വാദ്യകരമായിരുന്നു. ആ സൗഹൃദം ഇന്നും തുടരുന്നു.

**ദേവിചെറിയമ്മ**

അകാലത്തു ചരമ മടഞ്ഞ സ്നേഹസമ്പന്നയായ ഒരു മാതാവായിരുന്നു ദേവി ചെറിയമ്മ. എന്റെ അച്ഛനും വേണു ഏട്ടന്റെ അച്ഛനായിരുന്ന കുഞ്ഞമ്മാമയും

ഒരേകുടുംബക്കാരായിരുന്നു. (നാടുവാഴികളായിരുന്ന കൊഴിക്കര നായന്മാർ). അക്കാരണംകൊണ്ടു തന്നെ ഞങ്ങൾ ഒരുമിച്ച് അച്ഛന്റെ വീട്ടിൽ (ചങ്ങരംകുളം) പലതവണ പോകാനിടവന്നിട്ടുണ്ട്. എടപ്പാൾ ചുങ്കത്തു നിന്നും കാളവണ്ടിയിലായിരുന്നു. അവിടെ അന്ന് ശരിയായ റോഡ് മാർഗ്ഗം ഉണ്ടായിരുന്നില്ല. ആദ്യമായി നാടുവിടുമ്പോൾ ജോലിക്കിട്ടിയതിലുള്ള സന്തോഷത്തെക്കാൾ സ്നേഹസമ്പന്നരായ കുടുംബാംഗങ്ങളേയും ജന്മദേശത്തെയും വിട്ടുപോകുന്ന മനോവ്യഥയായിരുന്നു അധികം. അതിൽ നിന്ന് എന്നെ സമാശ്വസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുവാൻ ആ അമ്മ കാട്ടിയ വ്യഗ്രത പ്രശംസനീയമാണ്.

തങ്കച്ചെറിയമ്മ: അതുപോലെത്തന്നെ എന്റെ ഇനിയൊരു ചെറിയമ്മയായിരുന്നു തങ്കോപ്പോൾ. ആച്ചിക്കുളവും മേമയുടെ സാന്നിദ്ധ്യവും അവരുടെ സന്തത വിഹാര കേന്ദ്രങ്ങളായിരുന്നു. മദ്രാസിൽ താംബാരം ഐ.എ.ഇ. ക്വാർട്ടേഴ്സിൽ രാമുവിന് ദേഹം പൊള്ളി സെന്റ് തോമസ് മൗണ്ട് മിലിറ്ററി ഹോസ്പിറ്റലിൽ കിടക്കുന്ന സമയത്ത് അവരെ അടിക്കടി സന്ദർശിച്ച് സമാശ്വസിപ്പിക്കാനും ഞാൻ കൂടിയുണ്ടായിരുന്നതായി ഓർക്കുന്നു. പൊള്ളൽ പാട് ഇന്നും രാമുവിന്റെ വയറുഭാഗത്ത് കാണാവുന്നതാണ്. തങ്കച്ചെറിയമ്മയ്ക്ക് തലയിൽ ഒരു പ്രത്യേക ലേസർ ചികിത്സ ചെയ്യേണ്ടിവന്നു. ഇതിനായി മദ്രാസിൽ അപ്പോളോ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഒരു ദിവസം രാത്രിമുഴുവൻ അവരുടെ കൂടെ എന്റെ സഹധർമ്മിണിയും ഞാനും കൂടെ ഉണ്ടായിരുന്നതായി ഓർക്കുന്നു.

എന്റെ വല്ല്യമ്മ: എന്റെ അമ്മയുടെ ജ്യേഷ്ഠത്തിയെ "അപ്പുഏട്ടന്റെ അമ്മ" എന്നാണ് വിളിച്ചിരിക്കുന്നത്. അവരും എനിക്ക് വളരെ പ്രിയപ്പെട്ടവരും എന്നെ വളരെ അധികം സ്നേഹിക്കുകയും ചെയ്തു ഒരമ്മയായിരുന്നു. വള്ളുവനാടുരാജാവിന്റെ അധീനത്തിലുണ്ടായിരുന്ന തിരുമാന്ധാം കുന്ന് ക്ഷേത്രം രാജാവിന്റെ മക്കൾക്കു കുറച്ചുകാലം നോക്കി സംരക്ഷിക്കേണ്ടതായി വന്നു. അക്കാലത്ത് കുറുവ രാജാവിന്റെ മക്കളിൽ ഒരാളായ കേശവേട്ടൻ അങ്ങിടിപ്പുറത്ത് ക്ഷേത്രത്തിന്നടുത്തായി താമസിച്ചിരുന്നു. ഞാനും സ്നേഹമയിയ ഈ അമ്മയും കൂടി ഒരു കൊല്ലം ഉത്സവത്തിന് അവിടെ പോയിരുന്നു. അതൊരു വ്യത്യസ്ത അനുഭവം തന്നെയായിരുന്നു.

**അപ്പുഏട്ടൻ**

മംഗലത്തെ ജീവിതത്തിൽ മറക്കാൻ വയ്യാത്ത വ്യക്തിയായിരുന്നു. വലിയമ്മയുടെ ഒരേ ഒരു മകൻ. ശുചിയായി അലക്കിയ വസ്ത്രങ്ങളും സുഗന്ധം പരത്തുന്ന ടാൽക്കം പൗഡർറും ഇട്ട് അപ്പു ഏട്ടൻ ഒരു പ്രണയകഥയിലെ നായകനെമാതിരിയായിരുന്നു. അടുത്തുവരുമ്പോൾ സിഗരറ്റിന്റെയും കുട്ടിക്കൂറ പൗഡറിന്റെയും കൂടിയുള്ള വാസനവരും. ഒരു പാട്ടുകാരനായിരുന്ന അക്കാലത്തെ പ്രശസ്തമായ കെ.എൽ. സിഗേളിന്റെ മെരാ സുന്ദര് സപ്നാ ബീത്ത് ഗയാ" എന്നും 'സുന്ദര് നരീ......' എന്നും മറ്റുള്ള പാട്ടുകൾ കൈവിരലുകൾ കൂട്ടിപിടിച്ച് അതിൽ താളമിട്ട് പാടുമായിരുന്നു. ചലേ പവനഭിജാ... ജഗമേ ചലേ ബലന കീജാ" എന്നും മൂപ്പരുടെ മാസ്റ്റർ പീസുകളായിരുന്നു. എന്നെ 'രാവുണ്ണിമ്മാമ' എന്നാണ് അപ്പുഏട്ടൻ വിളിച്ചിരുന്നത്. എന്റെ ശരീരപ്രകൃതികണ്ടാൽ കോട്ടപ്പറമ്പിലെ രാവുണ്ണിമാമായുടെ മാതിരിയുള്ളതുകൊണ്ടാണത്രെ അങ്ങനെ വിളിക്കുന്നത്.

മംഗലം കലാസമിതി: പുതുശ്ശേരി ചന്ദ്രട്ടന്റെ വീട്ടിലെ തൊട്ടുകിഴക്കേഭാഗത്ത് റോഡിന്റെ വശത്തായി രണ്ടു പീടിക മുറികളും മുകളിൽ ഒരു ചെറിയ ഹാളും അടങ്ങുന്ന ഒരു ചെറിയ കെട്ടിടം ഉണ്ടായിരുന്നു. താഴത്തെ മുറിയിൽ ഒന്നിൽ എച്ച്.ആർ. നാരായരുടെ തുന്നൽ പീടികയും മറ്റതിൽ മംഗലം പോസ്റ്റ് ഓഫീസും ആയിരുന്നു. "കിട്ടുണ്ണിമ്മാമ കണ്ണൂരിൽ ടെലിഫോൺ ഡിപ്പാർട്ട്മെന്റിൽ നിന്ന് വിരമിച്ച ശേഷം മംഗലം പോസ്റ്റാഫീസ് അതുവരെ തൊടിയിൽക്കാരുടെ ഒരു മുറിയിൽ ഉണ്ടായിരുന്നത് മേൽപ്പറഞ്ഞ മുറിയിലേക്കു മാറ്റി. മുകളിലത്തെ ഹാളിൽ ഒരു വായനശാല നാട്ടുകാരുടെ വകയായി നടത്തിവന്നിരുന്നത്. മാതൃഭൂമി, ദേശാഭിമാനി പത്രങ്ങൾകൊണ്ടുവരുന്നവർക്കവിടെ വെച്ചുവായിക്കാം. ഇതിൽ നിന്നാണ് മംഗലം കലാസമിതി എന്നൊരു സംഘടനയുടെ തുടക്കം കുറിക്കുന്നത്. ഞങ്ങൾ വേണുഏട്ടൻ, ഞാൻ, ഉണ്ണിയേട്ടൻ, പുതുശ്ശേരി രാമുഏട്ടൻ, കൊണ്ടയൂരെ മാധവൻകുട്ടിഏട്ടൻ പുതുശ്ശേരി ചന്ദ്രേട്ടൻ, കൊണ്ടയൂർ ചന്ദ്രേട്ടൻ (ചന്ദ്രൻ മാഷ്) നന്ദേട്ടൻ പരമേശ്വരേട്ടൻ, പുന്നോന ബാലേട്ടൻ വിശ്വേട്ടൻ, വള്ളത്തോൾ ശ്രീകുമാർ എന്നിവർ അവിടത്തെ സ്ഥിരം സന്ദർശകരായിരുന്നു. ഒരു കലാസമിതി രൂപീകരിക്കുവാനുള്ള ആശയവുമായി കൊണ്ടയൂർ മാധവൻ കുട്ടി ഏട്ടൻ തന്റെ കയ്യിലുണ്ടായിരുന്ന ഒരു ഹാർമോണിയം സംഭാവന ചെയ്തു. ഒരു സെറ്റ് തബല എം.ആർ. നായരുടെ കയ്യിൽ ഉണ്ടായിരുന്നു. ദിനംതോറും വൈകന്നേരം വായന ശാലയിൽ താല്പര്യമുള്ളവർവന്ന് ഹാർമോണിയം തബല മുതലായത് അഭ്യസിച്ചുവന്നു. ജന്മിയായിരുന്ന രാമനാലുക്കൽ മൊയ്തു ഒരു ചവിട്ട് ഹാർമണിയം അഥവാ (ഓർഗൺ) കൊണ്ടുവന്നു വെച്ചിരുന്നു. അറവുകാരൻ അയമു ഓർഗൺ വായിക്കും. രാവിലെ മുഴുവൻ ആട്ടിറച്ചിയും മറ്റും വിറ്റ് വൈകുന്നേരം പാട്ടുപാടാനും ഓർഗൺ വായിക്കാനും വന്നിരുന്നു ആളാണ് അയമു. ഉദുമാൻ എന്നൊരു കോൽക്കാരൻ ബുൾബുൾത്താരയും വായിക്കുമായിരുന്നു. അങ്ങനെയിരിക്കുമ്പോളാണ് ഒരു നാടകം അവതരിപ്പിക്കുക എന്ന ആശയം ഉദിച്ചത്. ഡാൻസ് അരങ്ങുകളിൽ അവതരിപ്പിച്ചും നാടകങ്ങളിൽ അഭിനയിച്ചും പഴക്കവും സ്വയം

ഹാസ്യകലാ പ്രകടനങ്ങൾ അവതരിപ്പിക്കുകയും ചെയ്തു വന്നിരുന്ന വള്ളത്തോൾ ശ്രീകുമാർ അതിന്റെ സംവിധാനവും മറ്റും ഏറ്റെടുത്തു.

കൊണ്ടയൂർ ചന്ദ്രേട്ടന്റെ അഭിപ്രായ പ്രകാരം പ്രശസ്ത നാടകകൃത്തായിരുന്ന ചെറുകാടിന്റെ "സ്നേഹ ബന്ധങ്ങൾ" എന്ന നാടകം തെരഞ്ഞെടുത്തു. അതിലെ കഥാ പാത്രങ്ങളായി ആരെയൊക്കെ തെരെഞ്ഞെടു ക്കണമെന്ന് കുമാരേട്ടൻ (ശ്രീകുമാർ) നിശ്ചയിച്ചു. വിശ്വേട്ടൻ, പത്മനാഭൻമാഷ്, ഉണ്ണിയേട്ടൻ നന്ദേട്ടൻ. ഞാൻ എന്നിവരെ ഓരോ കഥാപാത്രങ്ങൾക്കായി നിശ്ചയിച്ചു. അങ്ങനെ അതിലെ നാരായണിക്കുട്ടി എന്ന കഥാപാത്രത്തെ അവതരിപ്പിക്കാൻ എന്നെ തിരഞ്ഞെ ടുത്തത്. നാരായണിക്കുട്ടി പ്രസവിച്ചു കിടക്കുന്ന രംഗം ആണ് ആദ്യമായി പരീക്ഷിച്ചത്. അതിൽ ഞാൻ വിചാരിച്ചതിലധികം വിശ്വാസ്യത നേടിയെന്നുമാത്രമല്ല എല്ലാവരും എന്റെ അഭിനയ പാടവം ആസ്വദിക്കുകയും ചെയ്തു. സ്ഥിരമായ റിഹേഴ്സലിന്നു ശേഷം നാടകം അവതരിപ്പിച്ചു. മേക്കപ്പിനായി കുമാരേട്ടന്റെ സന്തത സുഹൃത്തായ ശ്രീ ശിവരാമനായിരുന്നു. സ്റ്റേജിൽ നാടകം അവതരിപ്പിച്ച അന്ന് നാടകകൃത്തായ ചെറുകാട് സന്നിഹിതനായിരുന്നു. അദ്ദേഹം അഭിപ്രായം പ്രകടിപ്പിച്ചു. "ഞാൻ വിഭാവനം ചെയ്ത നരായണി കുട്ടിയെ അതേ പ്രകാരം ഈ നടൻ അവതരിപ്പിച്ചു" എന്നായിരുന്നു അദ്ദേഹ ത്തിന്റെ അഭിപ്രായം. എന്നിട്ടും ഒന്നു രണ്ടു നാടകങ്ങൾകൂടി അവതരിപ്പിക്കുകയുണ്ടായി.

വള്ളത്തോൾ ശ്രീകുമാർ എന്ന ഞങ്ങളുടെ കുമാരേട്ടൻ ഒരു ഹാസ്യ കലാകാരനായിരുന്നു. വള്ളത്തോളിന്റെ മൂത്ത പുത്രി അമ്മുഏടത്തിയുടെ മകൻ. സ്കൂൾ വാർഷി കങ്ങൾ മറ്റു സദസ്സുകൾ ഇവിടങ്ങളിലെല്ലാം ശ്രീകുമാറി ന്റെ ഹാസ്യകലാ പ്രകടനങ്ങൾക്കു വലിയ വരവേല്പാ യിരുന്നു. സ്വന്തമായി ഗാനങ്ങൾ രചിക്കുവാനും നർമ്മ സംഭാഷണങ്ങൾ ഒരുക്കുവാനും കൂടിയുള്ള ആളാ യിരുന്നു. വള്ളത്തോൾ സ്കൂൾ സിൽവർ ജൂബിലി 1950-ൽ കൊണ്ടാടി. അന്ന് ശ്രീകുമാറിന്റെ പ്രോഗ്രാം സ്വയം എഴുതിയ ഈ വരികളിലാണ് ആരംഭിച്ചത്.

"ഇരുപത്തഞ്ചു വയസ്സുതികഞ്ഞൊരു
വള്ളത്തോൾ വിദ്യാലയമേ
വെള്ളി മഹോതസവമാഘോഷിക്കാൻ
വെള്ള വിരിപ്പൂ മണലെങ്ങും"

ഓർമ്മയിൽ മരിക്കാതെ നില്ക്കുന്നു. സ്വയം ചിരിക്കാതെ കാണികളെ ചിരിപ്പിക്കുക എന്നായിരുന്നു മൂപ്പരുടെ കാഴ്ചപ്പാട്. അവിവാഹിതനായിരുന്നു. ഒരുപരിപാടി നടത്തിക്കൊണ്ടിരിക്കുന്നതിനിടെ സ്റ്റേജിൽ ആണ് മരിച്ചു വീണത്. എന്റെ ജീവിതത്തിന്റെ പൂർവ്വാർദ്ധത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം വിസ്മരിക്കാവുതല്ല. ഒരിക്കൽ വടകര പുതുപ്പണം ഭജനമഠത്തിൽ ഒരു ഹാസ്യ കലാപ്രകടനത്തിനായിരുന്നു അദ്ദേഹത്തെ അനുഗമി ക്കുകയും പ്രോഗ്രാമിന് ഉഗ്രൻ കൈയടി വാങ്ങുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ കലാ സമിതികെട്ടിടം ഉടമസ്ഥനു കൈ മാറേണ്ടിവന്നതിനാലും വേറെ സ്ഥലങ്ങളുടെ ദൗർലഭ്യം മൂലവും മംഗലം കലാസമിതി ക്രമേണ നാമാവശേഷ മാവുകയാണുണ്ടായത്.

ഓർമ്മകളുടെ കലവറ തുറക്കുമ്പോൾ ഓരോന്നോ രോന്നായി തികട്ടി വരികയാണ്. ദൈർഘ്യഭയംകൊണ്ട് അവയെല്ലാം ഇനിയൊരവസരത്തിൽ പങ്കുവെക്കാം.

---

**Synopsis**

## Few immortal memories

**Vallathol Janardhana Menon, Chennai**

The author considers himself lucky to be born in a sacred place like Mangalam which is colorfully described as golden bindi on the forehead of Kingdom of Vettam. His memories are a mixed bag of joy and miseries mimicking life itself. In the opening lines he describes the routine that was followed daily in his house Achikulam starting with ablution and so on. At 8 am sharp the siren rings from nearby tile factory. The school closest to his house was known as Vallathol Hindu School initially later changed to simply Vallathol School. He describes interesting episodes at this school as well as in Chennara school. The main pastime upon returning from school in the evening was playing football with other cousins in the front yard of Pullooni house. It was compulsory to recite prayers at dusk time after lighting the traditional lamp . Kunjapmamma the Great uncle the task master ensured such disciplines were followed strictly. He says Pullooni had great significance for the whole extended families as it was here most of the youngsters were set on the road to blossoming their talents and in general journeyed to adulthood. He saw a grama phone for the first time in Pullooni house. Pullooni played a key role in popularizing Chaturanga ( similar to modern chess but involving more complex moves ) . Playing cards at Pullooni was another much enjoyable pastime. He then fondly narrates the great qualities of

few of the elders from the family who crossed their paths with him such as: Valiachan ( father of the 7 siblings of Pullooni ), Valiamamma ( Kunjapmamma ), Changapmamma, Kittunnimamma , Dr Ramumamma, Chinnamamma, Kuttimamma ( VNK Menon ), Devi Cheriamma the embodiment of love and kindness, Thankacheriamma for whom Achikulam always had a special place in the heart, Valiamma ( addressed as Appuettante Amma ) and finally Appuettan himself .Appuettan ( Vallathol Keasava Menon ) wearing always well ironed clean dress and smeared with fragrance - spreading talcum powder and a lighted scissors cigarette in his hand evoked image of a hero from a romantic film !! He used to sing KL Saigal songs drumming with his fingers.He also vividly remembers the time when Krishankuttymamma visited Coimbatore for the treatment for his cataract problem and to seek treatment from Dr Moses Gnana Bharanam The author accompanied him to the doctor to extend all support. He slept overnight in the eye hospital as a bystander but unfortunately the treatment did not give him the desired result. The final chapter is devoted to Mangalam Kalasamithi ( Arts Club )where the author himself and his cousins like Venuettan, Kondayur Madhavankutty ettan, Unniettan ,Puthussery Ramuettan, Puthussery Chandrettan, Kondayur Chandrettan, Nandettan, Parameswarettan Punnona Balettan , Viswettan and Kumarettan ( Vallathol Sreekumar ) were regular visitors. The author had acted in a drama where his role was that of a lady ( Narayanikutty ) who had just given birth to a baby.In the trial his performance not only exceeded expectations he was congratulated by many for his acting talents. The story of the drama was by Cherukade and he was among the audience when the drama was staged . Appreciating the performance of the author the novelist commented that the role of character Narayanikutty was enacted exactly the way he had envisioned. Vallathol Sreekumar gets special mention for his extra ordinary talents in satirical presentations and acting. Kumarettan's great ability was to make the audience burst out in laughter while he himself will appear very serious. It was while performing on the stage that he collapsed and breathed his last which was a shocking event. There are many such immortal memories to share but stopping for the time being he concludes

## Vallathol company



**Kuttippurath Kesavan Nair** | **Vallathol Narayana Menon** | **Kuttippurath Kittunni Nair**

# ഒരു ഓർമ്മകുറിപ്പ്

സരോജിനി പാട്ടത്തിൽ



വള്ളത്തോൾ ശങ്കര മേനോന്റെ (ആച്ചിക്കുളം കുഞ്ചപ്പമ്മാമ) മകളും വള്ളത്തോൾ വിശ്വനാഥ മേനോന്റെ (കളം) ഭാര്യയുമാണ് ഞാൻ. കുറച്ച് പഴയ കാര്യങ്ങൾ നമ്മുടെ കുടുംബാംഗങ്ങളുമായി പങ്കുവെക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഞങ്ങൾ ഒരു കൂട്ടുകുടുംബമായി ആച്ചിക്കുളം എന്ന വീട്ടിലായിരുന്നു താമസം. അന്നൊക്കെ പുല്ലൂണി വീട്, ആച്ചിക്കുളം, കളം, കൊണ്ടയൂർ, ചേന്നരക്കളം, കോഴിപ്പറമ്പ്, പാട്ടത്തിൽ എന്നീ വീടുകളിൽ ഉള്ള എല്ലാവരും ഏതൊരു വിശേഷം ഉണ്ടെങ്കിലും വളരെ ഒരുമയോടെ ഒന്നിച്ച് ആഘോഷിക്കാറുണ്ടായിരുന്നു. പ്രത്യേകിച്ച് ആ കാലത്തെ സമപ്രായക്കാരുടെ തിരു വാതിരയും മറ്റും ഓർമ്മവരികയാണ്. കൈപ്പമ്പാടി അമ്പലക്കുളത്തിലെ കുളിയും, തിരുവാതിരക്കളിയും പാട്ടും എന്തൊരു രസമായിരുന്നു. മറ്റൊരു സുന്ദരമായ ഓർമ്മ ഒരു വെള്ളപ്പൊക്കക്കാലമാണ്. അന്ന് നമ്മുടെ ഈ വീടുകളിലെ എല്ലാവരും ഒത്തൊരുമിച്ച് പുല്ലൂണി വീടിന്റെ മുകളിലാണ് താമസവും ഭക്ഷണവും. വീട്ടിലെ മുതിർന്നവർക്ക് ഉണ്ടായിരുന്ന വേവലാതികൾ ഞങ്ങൾ കുട്ടികൾ അറിഞ്ഞിരുന്നതേ ഇല്ല. ഞങ്ങൾക്ക് ഇത് ആഘോഷമായിരുന്നു. അന്നത്തെ ആൺകുട്ടികൾ വലിയ വട്ടചെമ്പിൽ ഇരുന്ന് തുഴഞ്ഞ് ഒരു വീട്ടിൽനിന്ന് മറ്റൊരു വീട്ടിലേക്ക് പോകുമായിരുന്നു. എന്തൊരു രസമായിരുന്നു ആ കാലം. ഞങ്ങളുടെ വിദ്യാഭ്യാസ കാലം പറയുകയാണെങ്കിൽ എല്ലാവരും ഒന്നിച്ച് ഒരേ ഹാളിൽ ക്ലാസുകൾ തരംതിരിച്ച് ഇരുന്നായിരുന്നു പഠനം. അദ്ധ്യാപകരിൽ അധികവും കുടുംബത്തിലുള്ളവർ തന്നെയായിരുന്നു. ഇത് പിന്നീട് ഒരു സ്കൂളായി രൂപം കൊള്ളുകയും നമ്മുടെ കുടുംബക്കാർ തന്നെ ഏറ്റെടുത്ത് നടത്തുകയും ഉണ്ടായി. അതാണ് പിന്നീട് വള്ളത്തോൾ സ്കൂളായി മാറിയത്. പ്രസ്തുത സ്കൂളിൽ ഒരു അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കാനും എനിക്ക് ഭാഗ്യമുണ്ടായി. ആ കാലങ്ങളിൽ നമ്മുടെ കുടുംബത്തിലേയും, ജാതിമത ഭേദമെന്യേ ചെറിയ കുട്ടികളേയും ആദ്യാക്ഷരം പഠിപ്പിക്കുവാനുള്ള ഭാഗ്യം കിട്ടിയത് നമ്മുടെ കുടുംബത്തിലെ പൂർവ്വികരുടെ അനുഗ്രഹമായി ഞാന് കാണുന്നു.

# വള്ളത്തോൾ സ്മരണകൾ

വിശ്വാനാഥ മേനോൻ



'വള്ളത്തോൾ സ്മൃതി' കുടുംബസംഗമം നടത്തുന്നതിൽ അതിയായ സന്തോഷമുണ്ട്. വള്ളത്തോൾ സ്മരണ യിലെ ചില അനുഭവങ്ങൾ ഞാൻ പങ്കുവെയ്ക്കുന്നു. എനിക്ക് 8 മുതൽ 12 വയസ്സുവരെയുള്ളപ്പോൾ (1944-48) വള്ളത്തോളിന് അന്ന് പേരക്കുട്ടികൾ ആരും ഇല്ലാതിരുന്നതിനാൽ എന്റെ അച്ഛൻ വള്ളത്തോൾ ശേഖര മേനോൻ എല്ലാ വർഷവും സ്കൂൾ അടയ്ക്കുന്ന സമയത്ത് എന്നെ ചെറുതുരുത്തിയിൽ ഉള്ള വള്ളത്തോളിന്റെ അടുക്കലേക്ക് കൊണ്ട് പോകുമായിരുന്നു. പേരക്കുട്ടി എന്ന നിലയിൽ എന്നെ അതിയായി ഓമനിച്ചിരുന്ന അദ്ദേഹം കവിത എഴുതുന്ന സമയത്ത് ചിലപ്പോൾ എന്നെ മടിയിൽ ഇരുത്തുമായിരുന്നു. 'അരിപിറാവ്' എന്ന കവിത എഴുതിയത് എന്നെ മടിയിൽ വച്ചായിരുന്നു എന്ന് പിന്നീട് കേട്ടിട്ടുണ്ട്. സായാഹ്ന സവാരിക്ക് ദിവസവും എന്നെ കൈപിടിച്ച് കൂടെ കൂട്ടി ചെറുതുരുത്തിയിൽ നിന്ന് ഷൊറണൂർക്കും തിരിച്ച് ഭാരതപുഴ പാലത്തിലൂടെയും നടക്കുമായിരുന്നു. ഞാൻ ആദ്യം കണ്ട സിനിമ 'ഭക്തപ്രഹ്ളാദൻ'നിൽ ഹിരണ്യകശിപു പ്രഹ്ലാദനെ ഉപദ്രവിയ്ക്കുന്നത് കണ്ട് ഞാന് പൊട്ടികരഞ്ഞപ്പോൾ 'ഇത് സിനിമയാണ് യഥാർത്ഥ്യമല്ല എന്ന് പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചത് ഇന്നും ഞാൻ ഓർക്കുന്നു. എന്റെ ഭാര്യ വിമലയുടെ ചെറുപ്രായത്തിൽ 'കാളിയമർദ്ദനം' നൃത്തം കണ്ട് വളരെ പ്രശംസിച്ച വള്ളത്തോൾ സ്കൂൾ പഠനം കഴിഞ്ഞയുടനെ കലാമണ്ഡലത്തിൽ ചേർന്ന് നൃത്തം പഠിക്കണമെന്ന് അവളോട് നിർദേശിച്ചു. അപ്രകാരം 1960-64 കാലഘട്ടത്തിൽ കലാമണ്ഡലത്തിൽ ചേർന്ന് ശാസ്ത്രീയ നൃത്തം പഠിച്ച് പ്രശസ്ത വിജയം കൈവരിക്കുകയും ചെയ്തു. വള്ളത്തോളിന്റെ പ്രഥമ പുത്രൻ ശ്രീ. ബാലകൃഷ്ണകുറുപ്പ് (എന്റെ അച്ഛന്റെ സുഹൃത്ത്) മുൻകൈ എടുത്താണ് എന്റെയും വിമലയുടെയും വിവാഹം 1966-ൽ നടത്തുന്നത്. അതും ഒരു നിയോഗമായി ഞാൻ കരുതുന്നു.


NAMBOODIRI

# മഹാകവി വള്ളത്തോൾ – വളരെ വലിയ ഒരാൾ

സി. രാധാകൃഷ്ണൻ

എനിക്കു പതിനെട്ടു വയസ്സാണ് മഹാകവി വള്ളത്തോൾ മരിക്കുമ്പോൾ. അദ്ദേഹത്തിന്റെ കവിതയുമായി പരിചയപ്പെടുമ്മുമ്പേ അദ്ദേഹത്തെയാണ് ഞാൻ അറിയുന്നത്. ഓർമ്മയിൽ ആദ്യമേ ഉള്ള തോന്നൽ വളരെ വലിയ ഒരാൾ എന്നാണ്. ദേഹപ്രകൃതികൊണ്ടുണ്ടായ ഈ ധാരണ വീട്ടിൽ അദ്ദേഹത്തിനു നൽകപ്പെട്ട ആദരപൂർവമുള്ള പരിഗണനയുടെ വെളിച്ചത്തിൽ ആ വ്യക്തിത്വത്തിനു മൊത്തമായി പിന്നെപ്പിന്നെ ബാധകമായതാകാം.

ചമ്രവട്ടത്തെ എന്റെ വീട്ടിൽ നിന്ന് നേരെ പടിഞ്ഞാട്ട് വയൽ വരമ്പിലൂടെ രണ്ടു നാഴിക നടന്നാൽ ചേന്നരയിൽ എത്താം. അവിടെയാണ് മഹാകവിയുടെ വീട്. സ്ഥിരതാമസം ചെറുതുരുത്തിയിലേയ്ക്കു മാറ്റിയതിൽ പ്പിന്നെയും വെട്ടത്തുകാവിൽ തൊഴാൻ വരും. ആ വരവിൽ ചമ്രവട്ടത്തെ ശാസ്താവിനെയും തൃപ്രങ്ങോട്ടെ തേവരെയും കൂടി കണ്ടേ പോകാറുള്ളൂ. ഇതിൽ അവസാനത്തെയാണ് ചമ്രവട്ടം ക്ഷേത്രം. അതും കഴിഞ്ഞാൽ ഉച്ചഭക്ഷണവും വിശ്രമവും ഞങ്ങളുടെ വീട്ടിൽ. വീട്ടുപടിക്കൽ നിന്ന് തിരൂർക്ക് ബസ്സും കിട്ടും. തീവണ്ടിയിൽ ഷൊർണൂരിൽ പോകാൻ ഇതാണ് സൗകര്യം.

അച്ഛമ്മയുടെ അസാമാന്യമായ കൈപ്പുണ്യം അദ്ദേഹത്തിന് വളരെ പത്ഥ്യമായിരുന്നു. രുചിയുടെ കാര്യത്തിൽ കർക്കശക്കാരനും ആഹാരം കഴിക്കുന്നത് ഒരു ആരാധനയായി കരുതുന്ന പ്രകൃതക്കാരനു മായിരുന്നു അദ്ദേഹം. വരുന്ന നാളും പക്കവും അച്ഛമ്മയ്ക്കു പിഴയ്ക്കില്ല. അഥവാ അതിനു വല്ല മാറ്റവും ഉണ്ടെങ്കിൽ ചേന്നരനിന്ന് ആരെങ്കിലും വിവരം അറിയിക്കും. ഞാൻ പഠിച്ച അപ്പർ പ്രൈമറി സ്കൂളിലെ പ്രധാനാദ്ധ്യാപകൻ – പത്മനാഭമേനോൻ മാസ്റ്റർ – ആ കുടുംബത്തിലെ അംഗമായിരുന്നു. പൊന്നാനി ഹൈസ്കൂളിൽ തേഡ്ഫോമിലെ എന്റെ ക്ലാസ്ടീച്ചറാ യിരുന്ന ബാലചന്ദ്രമേനോൻസാർ – അദ്ദേഹം അകാലത്ത് മരിച്ചുപോയി. മഹാകവിയുടെ മരുമകനായിരുന്നു. നാടുനീളെ നടന്ന് അക്കാലത്തെ മിമിക്രിയായ മോണൊ ആക്ട് അവതരിപ്പിക്കുന്ന വള്ളത്തോൾ ശ്രീകുമാർ എന്ന വികടസരസ്വതി മറ്റൊരു മരുമകനുമായിരുന്നു. എങ്ങുമെപ്പോഴും എത്തും.



അച്ഛനേക്കാൾ വളരെ പ്രായമുള്ളതുകൊണ്ടു കൂടി ആവാം, അച്ഛനോടുള്ളതിലേറെ അടുപ്പം മഹാകവിക്ക് മുത്തച്ഛനോടായിരുന്നു. അതിശയകരമായിരുന്നു അവരുടെ സംഭാഷണ രീതി. മഹാകവിക്ക് ചെവി തരിമ്പും കേൾക്കാൻ വയ്യാ യിരുന്നല്ലൊ. പക്ഷേ, ഘനഗംഭീരമായ സ്വരത്തിൽ സംസാരിക്കും. മുത്തച്ഛന്റെ മറുപടി, മുഖഭാവം കൊണ്ടും തലയാട്ടൽകൊണ്ടും മതിയാകതെ വരുമ്പോൾ ഉള്ളംകയ്യിൽ എഴുതിയിട്ടാണ്, മുത്തച്ഛൻ മഹാകവി യുടെ കൈവെള്ളയിൽ ചൂണ്ടുവിരൽ കൊണ്ട് എഴുതും. വളരെ വേഗത്തിലാണെഴുതുന്നത്. ഈ സവിശേഷ ആശയവിനിമയപരിപാടി ചിലപ്പോൾ മണിക്കൂറുകൾ നീളും.

ഏറെ ഇളപ്പക്കാരനായ ഒരു സഹോദരനെപ്പോലെ യായിരുന്നു മഹാകവിക്ക് അച്ഛൻ. പേരേ വിളിക്കൂ. കേൾക്കാൻ ബഹുസുഖമാണ് ആ വിളി. അച്ഛൻ അക്കാലത്ത് കോൺഗ്രസ്സിൽ നിന്ന് രാജി വെച്ചിരുന്നു. ഒരു കക്ഷിയുമായും ഒരു ബന്ധവും പുലർത്തിയിരു ന്നുമില്ല. വള്ളത്തോൾകുടുംബത്തിൽ മിക്കവാറും എല്ലാവരും ഇടതുപക്ഷക്കാരായിരുന്നു. അതും വെറും അനുഭാവികളല്ല. ആക്റ്റിവിസ്റ്റുകൾ തന്നെ. ആ ബന്ധം കാരണം ആ തറവാട്ടിലെ പലരുംഅവരിൽ ഭൂരി പക്ഷവും അദ്ധ്യാപകരായിരുന്നു-ജോലി നഷ്ടപ്പെട്ട് കഷ്ടത്തിലായിട്ടുണ്ട്.

മഹാകവിക്ക് ഞങ്ങളുടെ വീടുമായും മുത്തച്ഛനുമായി വിശേഷിച്ചും ഉള്ള അടുപ്പം എങ്ങനെ എന്നുമുതൽ ഉണ്ടായി എന്നു നിശ്ചയമില്ല. ഏതായാലുമത് ഞാൻ ജനിക്കുന്നതിനുമെത്രയോ മുൻപ് തുടങ്ങിയതാ യിരുന്നു എന്നു നിശ്ചയം. വെട്ടത്തുരാജാവിന്റെ പടനായക രായിരുന്ന ആറു കുടുംബങ്ങളിൽ ഒന്നായിരുന്നു മഹാകവിയുടേത് എന്നാണ് ഐതിഹ്യം.

പഴഞ്ഞാനത്തെന്നറിയപ്പെട്ട എഴുത്തുകളരിക്കാർ - അവരുടെ തുടർച്ചയാണ് ഞങ്ങളുടെ വീട്ടുകാർ - വെട്ടത്തരചന്റെ ഗുരുസ്ഥാനീയുമായിരുന്നു. അനിയ നെഴുത്തച്ഛന്റെ കാലംവരെ ഈ അവസ്ഥകൾ നില വിലിരുന്നു. ആ ബന്ധത്തിന്റെ തുടർച്ചയായിരിക്കാം ഉണ്ടായിരുന്നത്. പതിനാറാം നൂറ്റാണ്ടോടെ വെട്ടത്തു സ്വരൂപത്തിന്റെ പ്രഭാവവും പടനായകസ്ഥാനമാനങ്ങളും പഴഞ്ഞാനത്തെ കളരിയും എല്ലാം പഴങ്കഥകളായിട്ടും അടുപ്പങ്ങളുടെ അടിവേരുകൾ സജീവമായി തുടർ ന്നിരിക്കാം.

മഹാകവി വിളിച്ചതും പറഞ്ഞതും കേൾക്കാൻ എന്നെയാണ് മുത്തച്ഛൻ ചുമതലപ്പെടുത്തുക. വിശ്രമി ക്കുമ്പോൾ, ഉറങ്ങുമ്പോൾപോലും, അരികി ലുണ്ടാവണം. സാന്നിദ്ധ്യം അലോസരമാകാതെ കഴിക്കയും വേണം. വല്ല ആവശ്യവും വന്നാൽ രണ്ടാമതൊരു തവണ വിളിക്കേണ്ടിവരരുത്. ഇങ്ങനെ കാവലിരിക്കുകയും പറഞ്ഞ പണി വകതിരിവോടെ ചെയ്യുകയുമാണ് വിളിച്ചതും പറഞ്ഞതും കേൾക്കുക എന്ന ചുമതലകൊണ്ട് ഉദ്ദേശിക്കുന്നത്. വേനൽ ക്കാലമാണെങ്കിൽ വീശിക്കൊടുക്കുകയൊ ഉച്ചമയക്ക ത്തിൽ കാലു തടവുകയോ ചെയ്യാമെന്ന് ചെവിയിൽ പറഞ്ഞുതന്നത് മുത്തശ്ശിയാണ്, പറയാതെ ചെയ്യാ വുന്ന പണികളാണ് രണ്ടും. സന്തോഷമായാൽ ചുണ്ടറ്റം കൊണ്ട് പുഞ്ചിരിക്കും. നല്ല ചന്തമാണ് അതു കാണാൻ. തടിച്ച ഫ്രെയിമുള്ള കണ്ണട ധരിക്കുന്നതോടെ ഗൗരവ ത്തിനും കട്ടി കൂടും. ചിരിക്കു മധുരവും.

അദ്ദേഹത്തിന്റെ ഉള്ളംകൈയിൽ അക്ഷരമെഴു താനുള്ള മഹാഭാഗ്യം എനിക്കുണ്ടായി. മുത്തച്ഛൻ അതു ചെയ്യു ന്നതു ഞാൻ കണ്ടുപഠിച്ചിരുന്നു. പത്തു വയസ്സായപ്പോൾ അക്ഷരങ്ങൾ പഠിഞ്ഞല്ലോ. പക്ഷേ മുത്തച്ഛൻ, ചിരിച്ചു കൊണ്ടാണെങ്കിലും ഒരിക്കൽ എന്നോടു പറഞ്ഞു- തെറ്റാതെ നോക്കണം. ട്ട്വോ!

ഒരു ദിവസം ഉച്ചമയക്കത്തിനു കിടന്ന കിടപ്പിൽ എന്നോടു ചോദിച്ചു. അപ്പൂന് എന്റെ കവിത തോന്ന്വോ?

ഉവ്വെന്നു ഞാൻ തലയാട്ടി.
എങ്കിൽ നോക്കാം എന്നായി.

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ എന്നു ഞാൻ ഉള്ളകൈയിൽ എഴുതി.

ഞങ്ങൾക്ക് സ്കൂളിൽ പഠിക്കാനുണ്ടായിരുന്നു. ഓരോ വരി എഴുതുമ്പോഴും മൂളിക്കൊണ്ടിരുന്നു. ഭാഗ്യത്തിന് ആ പദ്യം മുഴുവനായും എനിക്കു മനപ്പാഠമായി കഴിഞ്ഞിരുന്നു. വന്ദിപ്പിൻ എന്ന് ചൊല്ലുമ്പോൾ വന്ദിപ്പീൻ എന്നു നീട്ടിയതിന് രണ്ടു വട്ടം തിരുത്തിയിട്ടും വീണ്ടും നീട്ടിയതിന് സാർ എനിക്ക് രണ്ടടി തന്ന കാര്യം മഹാകവിക്കറിവുമില്ലായിരുന്നു!

ഉള്ളം കൈയിൽ എല്ലാം എഴുതിക്കഴിഞ്ഞപ്പോൾ വിടർന്ന ചിരിയോടെ തലയിൽ കൈ വെച്ച് പറഞ്ഞു. മിടുക്കൻ!

മഹാകവിയുടെ ഏറ്റവും മികച്ച ആനുമോദനപദം അതായിരുന്നു. കൈ കഴുകാൻ കിണ്ടിയുടെ മുരലിലൂടെ തക്കം തെറ്റാതെ വെള്ളം ഒഴിച്ചുകൊടുക്കുകയും തുവർത്താൻ തോർത്ത് തക്കനേരം കൊടുക്കുകയും ഒക്കെ ചെയ്താലും ഇതേ അനുഗ്രഹ വാക്യം ഉണ്ടാവും, മിടുക്കൻ!

അദ്ദേഹത്തിന് വഴികാട്ടിയാവുക എന്ന മഹാഭാഗ്യം എനിക്കുണ്ടായതും ആ കാലത്താണ്. ഒരിക്കൽ അദ്ദേഹം വന്നപ്പോൾ സാമാന്യം ഭാരമുള്ള ഒരു സഞ്ചിയും ഉണ്ടായിരുന്നു. അതിൽ നല്ല വലിപ്പമുള്ള ഏതോ പരിഭാഷാകൃതി ആയിരുന്നു എന്നേ ഇപ്പോൾ ഓർക്കു ന്നുള്ളൂ. നാട്ടിലെ വലിയ വീടുകളിൽ പുസ്തകം വിൽക്കുകയായിരുന്നു ഉദ്ദേശ്യം. ആ വീടുകളിലേയ്ക്ക് വഴി കാണിക്കുകയായിരുന്നു എന്റെ ദൗത്യം.

രണ്ടൊ മൂന്നൊ വീടുകളിലേ പോകാനുള്ളൂ. അധികം അകലെയും അല്ല. കളിക്കാനും ഓണത്തിന് പൂവിരുക്കാനുമൊക്കെ പോയി എനിക്ക് ആ വരമ്പുകളും കുണ്ടനിടവഴികളുമൊക്കെ പരിചയവുമാണ്. പക്ഷേ, പിന്നാലെ നടന്ന് ഇടതും വലതും പറഞ്ഞുകൊടുത്താൽ കേൾക്കാൻ പറ്റാത്തതിനാൽ മുന്നിൽത്തന്നെ നടക്കണം. വീടിന്റെ പടിപ്പുരയിലെത്തുമ്മുമ്പ് ഉള്ളംകൈയിൽ വീട്ടുപേര് എഴുതിക്കൊടുക്കുകയും വേണം. ഈ വക ചുമതലകളൊക്കെ പഠിപ്പിച്ചാണ് മുത്തച്ഛൻ എന്നെ പറഞ്ഞു വിട്ടത്. ഏതൊ കോടതികാര്യത്തിന് പൊന്നാനിയിൽ പോകാൻ ഉണ്ടായിരുന്നതിനാലാണ് മുത്തച്ഛന് കൂടെ ചെല്ലാൻ കഴിയാതിരുന്നത്.

ഒരു ചാക്കുസഞ്ചിയിൽ പുസ്തകങ്ങൾ തോളിലേറ്റിയതു ഞാൻ തന്നെ. ആദ്യം പോയത് കച്ചവടക്കാരൻ സ്വാമി എന്ന പരദേശി ബ്രാഹ്മണന്റെ വീട്ടിൽ. അതായിരുന്നു ഏറ്റവും അരികെ. സ്വാമി കടയിലായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ വിദൂഷിയായ വീട്ടുകാരി മഹാകവിയെ തിരിച്ചറിഞ്ഞ് പുസ്തകം വാങ്ങി പണം തരികയും ഞങ്ങൾക്ക് കുടിക്കാൻ വെള്ളിപ്പാത്രത്തിൽ പഞ്ചസാര യിട്ട പാൽ നൽകുകയും ചെയ്തു.

രണ്ടാമതു ചെന്നത് മനയ്ക്കൽ. തിരുമേനിക്കും ആളെ മനസ്സിലായി. ചെന്ന കാര്യം പറഞ്ഞപ്പോൾ ഉറക്കെ ചിരിച്ചു. പുസ്തകം വാങ്ങിവെച്ച് പണം തരാൻ കാര്യസ്ഥനെ ഏല്പിച്ചു. എങ്കിലും തമാശയെന്നോണം പറഞ്ഞു- വേദം ഇനി ഇവിടെ മലയാളത്തിലും വായിക്കണം എന്ന് മഹാകവിക്ക് നിർബ്ബന്ധമാച്ചാൽ ശരി, അങ്ങനെ ആവട്ടെ.

ഇത് കൈയിലെഴുതിക്കൊടുത്തപ്പോൾ മഹാകവിയും ചിരിച്ചു - വാങ്ങി ഇവിടെ വെച്ചാൽ ധാരാളം മതി. വായിക്കണമെന്നു ശഠിക്കാൻ ഞാനാരാ?

ഇരുവരും ഒരുമിച്ചും ചിരിച്ചു.

പിന്നെ ഒരു പഴയ നായർത്തറവാട്ടിൽ ചെന്നു. അവിടെ ഒരു മുത്തശ്ശി മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളൂ. കുട്ടികളാരും ഇവിടെ ഇല്ലല്ലൊ എന്ന് പരിതപിച്ച അവരോട് മഹാകവി പറഞ്ഞു, സാരമില്ല, പിന്നീട് വരാം.

സ്വീകരിച്ചിരുത്തി കുടിക്കാൻ സംഭാരം തന്ന് മുത്തശ്ശി നിർദ്ദേശിച്ചു. ഏതായാലും ഈ ഭാരം വീണ്ടും ചുമക്കണ്ട, ഇവിടെ വെച്ചേയ്ക്കൂ, പണം, അവിടെ എത്തിക്കാം.

മഹാകവി അതു നിരസ്സിച്ചു, വേണ്ട, വീണ്ടും വരാം. തിരികെ പോരുമ്പോൾ ഞാൻ കൈയിലെഴുതി ചോദിച്ചു, കൊടുക്കായിരുന്നില്ലെ?

ഒട്ടും താമസിയാതെ വന്ന മറുപടി - ആരേം കടക്കാരാക്കതിരിക്ക്യ, ആരടേം കടക്കാരനാവാതേം ഇരിക്ക്യ, അതാണ് സുഖം!

മഹാകവി വരുന്നതിനു ദിവസങ്ങൾ മുമ്പു തുടങ്ങും കറികളുണ്ടാക്കലും ഒരുക്കങ്ങളും. നാരങ്ങ, മാങ്ങ, മാങ്ങയിഞ്ചി, ഓർക്കാപ്പുളി എന്നിവയുടെ അച്ചാറുകളും വേപ്പിലക്കട്ടി, പുളിയിഞ്ചി എന്നിവയും പഴമാങ്ങാക്കാളൻ, കുറുക്കുകാളൻ എന്നിവയും ബഹുപത്ഥ്യം. പുളിക്കാത്ത തൈര്, ചക്കയൊ നേന്ത്രക്കായയൊ വറുത്തത്, നീരു വലിഞ്ഞ കായമെഴുക്കുപുരട്ടി, പൊടിച്ചക്കാത്തോരൻ, ഇഞ്ചിത്തൈര് - ഇത്രയുംകൂടി ആയാൽ ഒന്നും തികയാൻ ബാക്കിയുമില്ല. ഉണ്ണാൻ നടു നുറുങ്ങിയ പഴയരിയുടെ ചോറുതന്നെ വേണം, പുത്തൻ നെയ്യും.

മുഖത്തെപ്പോഴും ഗൗരവഭാവമാണെങ്കിലും അല്പം എന്തെങ്കിലും മതി ഒരു പുഞ്ചിരിമൊട്ടിടാൻ അതവിടെ ഏറെ നേരം നിൽക്കുകയും ചെയ്യും. വളരെ വിരളമായേ വിഷാദം കാണാറുള്ളൂ. ഒരിക്കൽ മാത്രം അതു നല്ലതുപോലെ കണ്ടതായി ഞാൻ ഓർക്കുന്നു. കാര്യം എന്തെന്ന് അന്നേരം എനിക്കു മനസ്സിലായില്ല.

അടുക്കളയിൽ എന്തെങ്കിലും അത്യാവശ്യം വന്നാൽ എന്നെ തൊട്ടടുത്തുള്ള അങ്ങാടിയിലേയ്ക്ക് ഓടിക്കും. ഒരു ദിവസം അങ്ങനെ കടയിൽ പോയി ഞാൻ തിരികെ വരുമ്പോൾ അച്ഛനും മഹാകവിയും ഉമ്മറത്തുണ്ട്. ഇരുവരുടേയും മുഖത്ത് വിഷാദം കനത്തു നിൽക്കുന്നു. ആരും ഒന്നും പറയുന്നുമില്ല.

ചങ്ങമ്പുഴ മരിച്ച വാർത്ത പത്രത്തിൽ വന്നതായിരുന്നു മഹാകവിയുടെ സങ്കടകാരണം. കഷ്ടി ഒമ്പതു വയസ്സായ എനിക്ക് ചങ്ങമ്പുഴയുടെ ഒരു കവിതയും അറിയില്ലായിരുന്നു. ആളെ ഒരിക്കലും കണ്ടിട്ടുമില്ല. മഹാകവി അന്ന് ചങ്ങമ്പുഴയെപ്പറ്റി പറഞ്ഞത് പക്ഷേ, ഇന്നും ഞാൻ ഓർക്കുന്നു - ഇത്രയും വാസനയും പദസ്വാധീനവും എഴുത്തച്ഛനു ശേഷം മലയാളത്തിൽ വേറെ കണ്ടിട്ടില്ല. അല്പായുസ്സായിപ്പോയത് മഹാകഷ്ടം!

മഹാകവി വള്ളത്തോൾ രണ്ടു കവിതകൾ ഗംഭീരമായി ചൊല്ലുന്നതു കേൾക്കാനുള്ള അപൂർവ സുന്ദരമായ ഭാഗ്യവും എനിക്കുണ്ടായിട്ടുണ്ട്. ഒന്ന്, എന്റെ ഗുരു നാഥൻ, മറ്റേത് ശിഷ്യനും മകനും. ഈ രണ്ടാമത്തേത് കോളേജിൽ ആദ്യവർഷം പഠിക്കാനും ഉണ്ടായിരുന്നു.

ജീവിതത്തിൽ എപ്പോഴെല്ലാം അദ്ദേഹത്തെ ഓർക്കാൻ ഇടയാക്കുന്നുവോ അപ്പോഴെല്ലാം മുന്നിൽ പ്രത്യക്ഷമാകുന്നത് സ്വർണത്തിന്റെ മാറ്റും കാരിരുമ്പിന്റെ ഉറപ്പുമുള്ള അന്തസ്സത്തയുടെ മൂർത്തിമൽഭാവമായ, ആൾ വലിപ്പം കഴിഞ്ഞും തലയെടുത്തു നിൽക്കുന്ന ഒരു മഹാസാന്നിദ്ധ്യമാണ്. നമസ്കരിക്കൂ എന്ന് മനസ്സ് സ്വയം പറയും.

എന്നാണ് അദ്ദേഹത്തെ ഞാൻ നമസ്കരിച്ചു തുടങ്ങിയത് എന്ന് എനിക്ക് ഓർമ്മയില്ല. ഓർമ്മ വെയ്ക്കുന്നതിനു മുമ്പെ തുടങ്ങിയ പതിവാകാം. ആരും ആരെയും നമസ്കരിക്കുന്നത് ഇഷ്ടപ്പെടാത്ത ആളായിരുന്നു അച്ഛൻ. ആ വക പ്രകടനങ്ങളെല്ലാം വേണ്ടാതീനങ്ങളാണ് എന്നായിരുന്നു ഉൽപ്പത്തിഷ്ണുവായ അച്ഛന്റെ പക്ഷം. എന്നാൽ, ഞാൻ മഹാകവിയെ നമസ്കരിക്കുന്നത് അച്ഛൻ തികഞ്ഞ അനുഭാവത്തോടെ നോക്കിനിൽക്കുമായിരുന്നു.

ആകാരവും അക്ഷരവും തമ്മിൽ ഇത്രയും പൊരുത്തം അപൂർവമാണെന്നു തോന്നുന്നു. പല എഴുത്തുകാരെയും കാണുമ്പോൾ, ഇദ്ദേഹമാണോ ഇതെല്ലാം അല്ലെങ്കിൽ

ഇങ്ങനെയെല്ലാം എഴുതുന്നത് എന്നൊരു വിസ്മയമാണു ഉളവാക്കുക. മറിച്ച്, അതെയതെ, ഇദ്ദേഹംതന്നെ ഈ വാക്കുകളുടെ ചന്തമുള്ള ഇത്രയും നിറമാലകൾ കോർത്തത് എന്ന് ഒറ്റനോട്ടത്തിലേ തോന്നുന്ന വ്യക്തിത്വമായിരുന്നു മഹാകവി വള്ളത്തോളിന്റേത്.

എന്നെ അക്ഷരമഹിമയുടെ കോവിലിലേയ്ക്ക് ചുവടു വെയ്ക്കാൻ പ്രേരിപ്പിച്ച ഗുരുഭൂതരിൽ ഒരാളായിരുന്നു ഈ മഹാകവി. എവിടെ നടക്കുമ്പോഴും ഇരിക്കുമ്പോഴും മാത്രമല്ല എന്തുതന്നെ ചെയ്യുമ്പോഴും, ഏതു വാക്കു പയോഗിക്കുമ്പോഴും, ഔചിത്യം പാലിക്കുക എന്ന ശാഠ്യം പ്രഥമ പാഠമാക്കിത്തന്നത് മറ്റാരുമാകാനിടയില്ല. പ്രകൃതിയുടെ എന്നപോലെ ഭാഷയുടെയും ശക്തി സൗന്ദര്യങ്ങൾ നൂറുമേനി വിളയുന്നതിന് കൈകാര്യ ത്തിലെ ഔചിത്യം അനുപേക്ഷണീയംതന്നെ. ചുളിവി ല്ലാതെ, ഉറുമ്പരിക്കാതെയും, വിരിച്ച മാർദ്ദവമുള്ള ശയ്യയിൽ അദ്ദേഹം കിടത്തിയുറക്കിയ കവിത പ്പൈതലിന്റെ മുഖത്തെ പ്രസാദനിർഭരമായ പുഞ്ചിരി ചിരഞ്ജീവിയായിരിക്കുന്നല്ലോ. എഴുത്തച്ഛനെടുത്ത ഭാഷക്കണക്കിലെ ഇഴകൾ വീണ്ടും പിരിച്ചെടുത്ത് ഭാവ ശുദ്ധിയുടെ ധന്യങ്ങളും ശുദ്ധങ്ങളുമായ പുതുരാഗങ്ങൾ നെയ്തെടുത്ത ഈ മഹാപ്രതിഭയെ വേണ്ടവിധം അറി യാനും പ്രയോജനപ്പെടുത്താനും ഇനിയും നമുക്കു കഴി ഞ്ഞുവോ? ഗംഗാതീരത്തെത്തിയിട്ടും ദാഹം തീർക്കാ നറിയാത്ത നമ്മുടെയൊക്കെ ഒരു കാര്യം!

വള്ളത്തോൾകുടുംബത്തിലെ പിൻതലമുറക്കാരുമായും അടുത്ത് ഇടപഴകാൻ അവസരം കിട്ടി. ചമ്രവട്ടത്തെ ശാസ്താ സ്കൂളിലെ പ്രധാനാദ്ധ്യാപകൻ വള്ളത്തോൾ പത്മനാഭമേനോൻ ആയിരുന്നു. ക്ഷമയുടെ അവതാരം, വാത്സല്യ നികേതനം. ആരെയും ഒരിക്കലും ശിക്ഷിച്ച തായി ഓർമ്മയില്ല. പൊന്നാനി ഹൈസ്കൂളിൽ വള്ളത്തോൾ ബാലചന്ദ്രമേനോൻ ക്ലാസ്സെടുച്ചിരുന്നായി. കുലീനതയുടെ അവതാരമായ അദ്ദേഹം ചെറുപ്പത്തിലേ പോയി. അതിലേറെ ചെറുപ്പമായിരിക്കെ അന്തരിച്ച വള്ള ത്തോൾ ശ്രീകുമാരമേനോൻ എന്ന അനുഗൃഹീത കലാകാരൻ ഒരിക്കലും മറക്കാനാവാത്ത കഴിവുകളുടെ ഖനിയായിരുന്നു. വള്ളത്തോൾ വിശ്വനാഥമേനോനും അദ്ധ്യാപകനുമായിരുന്നു. എങ്കിലും അദ്ദേഹത്തിനു ശിഷ്യപ്പെടാൻ ഒത്തില്ല. കമ്യൂണിസ്റ്റുകാരൻ ആയതിനാൽ ജോലി നഷ്ടപ്പെട്ടു. വള്ളത്തോൾ കുമാരമേനോൻ എനിക്കു സുപരിചിതമായ മറ്റൊരു വ്യക്തിത്വമായിരുന്നു. എന്റെ തലമുറയിൽ അനിൽ വള്ളത്തോൾ അറിവി ന്റെയും വിനയത്തിന്റെയും ആ മഹനീയ പാരമ്പര്യം പുലർത്തുന്നു. പുതിയ തലമുറയിലെ വിനോദ് വള്ള ത്തോൾ ചുവടൊത്തുതന്നെ നടക്കുന്നതും ഹൃദയാ ഹ്ളാദകരം.

വെട്ടത്തുനാടിന്റെ സ്വകാര്യ അഭിമാനമായ ആ കുടുംബ ത്തിന് എല്ലാ നന്മകളും ആത്മാർത്ഥമായി നേരുന്നു.

**Synopsis**

## Mahakavi Vallathol - A Giant of a Personality

**Sri C. Radhakrishnan**

The author is unarguably the brightest shining star in the contemporary Malayalam literary scene with innumerable awards to his credit. In the article specially prepared for this commemorative volume, he describes the interactions he was blessed to have experienced with the legendary poet laureate Vallathol. The author's house being within 3 kms of that of the Mahakavi's, he had the good fortune to be in his presence several times. The poet was an oftener in the author's house as his father and grand father and indeed the whole family were great fans of the blessed poet.In spite of the fact that poet was stone deaf, communicating with him was effortless. You only had to write in his palm what you wanted to say and the poet will immediately get the message. The various visits of the poet to his house are explained in the author's signature writing style which is eloquent and simple. The author considers it as a privilege which only few are blessed with that he could listen to the great poet reciting couple of his own creations: Ente Gurunathan and Sishyanum Makanum. Once the author accompanied the poet to sell his books house to house and interesting episodes during the sales rounds are explained beautifully reliving the rustic life of those times. In the final chapter his relationship with other members from Vallathol family are fondly recollected and he concludes by stating that the present day Vallathol family torch bearers exhibit the same qualities of erudition and humility which were always the trade marks of the family.

# എന്റെ സ്മരണകളിൽ

വള്ളത്തോൾ ഉണ്ണികൃഷ്ണൻ

മലയാളി ക്ലബ്ബിലെ ഒരു സാംസ്കാരിക സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ശ്രീ കടമ്മനിട്ട ചെയ്ത പ്രസംഗത്തിന്നിടയിൽ അദ്ദേഹം സ്വിററ്സർലാൻഡ് സന്ദർശന വേളയിൽ ഒരു പാർക്കിൽ പോയി ഇരിക്കാനിട വന്നപ്പോൾ ഒരു കൂട്ടം കൊച്ചു കുട്ടികൾ അദ്ദേഹത്തെ കണ്ടു. സാധാരണ കേരളീയ വസ്ത്രം ധരിച്ച അദ്ദേഹം ആ പൂന്തോട്ടത്തിൽ ഇരുന്നപ്പോൾ കൊച്ചുകുട്ടികൾ അദ്ദേഹത്തെ കണ്ടു ചോദിച്ച നിങ്ങൾ ഏതു രാജ്യത്തിൽ നിന്നാണു വരുന്നതെന്നു. അദ്ദേഹം പറഞ്ഞു - ഞാൻ ഇന്ത്യയിൽ നിന്നും - ഉടനെ മറുചോദ്യം. ഇന്ത്യയുടെ ഏതുഭാഗത്തുനിന്നാണ്? ഇന്ത്യയുടെ കേരളത്തിൽ നിന്നാണെന്നു അദ്ദേഹം പറഞ്ഞു. കേരളത്തിനെപറ്റി കേട്ടിട്ടുണ്ടെന്നും വള്ളത്തോൾ പടുത്തയർത്തിയ കേരള കലാമണ്ഡല ത്തെപ്പറ്റിയും കഥകളിയെപറ്റിയും പറഞ്ഞപ്പോൾ കടമ്മനിട്ട ആവേശഭരിതനായി എന്നാണു പറഞ്ഞത്. മുന്നിൽ ഇരുന്നു ഇതുകേട്ട എന്റെ ആവേശം, സ്മരണകൾ... ട്രാംബ് ട്രെയ്ഡ് ഷിപ്പിംഗ് കമ്പനിയിൽ ജോയിചെയ്യുമ്പോൾ ഔദ്യോഗിക നിർവഹണത്തിനായി പലതുറമുഖങ്ങളിലും പോകേണ്ടിവന്നപ്പോൾ... എം.വി. വള്ളത്തോൾ ഒരു ലക്ഷം ഡി.ഡബ്ല്യൂ.ടി. ഉള്ള ഷിപ്പിംഗ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ജംഗാർ കാണാനിടവന്നു. വെട്ടിക്കാട്ടിരിയെ "വള്ളത്തോൾ നഗർ" എന്നുകാണാനിടയായി. മദിരാശിയിലുള്ള സംഘടനാ പ്രവർത്തനങ്ങളിൽ ബന്ധപ്പെട്ടപ്പോൾ അവിടെയും എല്ലാ സാഹിത്യ സംസ്കാരിക സദസ്സുകളിലും വള്ളത്തോൾ കവിതകൾ - കലാമണ്ഡലം - കഥകളി.

അടുത്ത കാലത്തു കവി മധുസൂധനൻ നായരെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ കവിതകൾ അദ്ദേഹം ഈണമിട്ടു ചൊല്ലുന്നതിനെ പറ്റി സംസാരിച്ചപ്പോൾ വള്ളത്തോളിന്റെ മഗലനമരിയത്തിലെ നാലു വരികൾ വള്ളത്തോളിന്റെ സ്വരത്തിൽ അനുകരിച്ചു ചൊല്ലി കൊടുത്തപ്പോൾ ബാക്കിയുള്ള വരികൾ അദ്ദേഹം പൂർത്തിയാക്കി.

**വള്ളത്തോൾ മയം?**

വള്ളത്തോൾ കുടുംബത്തിന്റെ കുടുംബ സംഗമത്തിൽ ഞാനന്റെ ഗതകാല സ്മരണകൾ ഒന്നയവിറക്കട്ടെ... തൃക്കടീരിദേവിവിലാസത്തിലുള്ള സന്ധ്യാനാമത്തിനു ശേഷം ദിവസവും അമ്മയുടെ തറവാട്ടിൽ നടന്ന സംഭവങ്ങളെപറ്റിപറയാറുണ്ട്. ചേനരക്കളത്തിലെ മുത്തശ്ശൻ, കൊണ്ട യൂർ മുത്തശ്ശൻ, കൊണ്ടയൂർ ചെറിയമ്മ, വലിയകുട്ടി മ്മാമ (വള്ളത്തോൾ) ചെറിയ കുട്ടിമാമ, ദേവികി ഏടത്തി, മുകുന്ദോപ്പ, വാസു, മാലതി, മിനി, ബാല, നന്ദൻ, കുമാരൻ, ചിന്നൻ, ഉണ്ണി, അപ്പു, ചന്ദ്രൻ, സരസ്വതി, പുല്ലൂണി ദേവകി, പുല്ലൂണി തങ്കം,



കുഞ്ചപ്പോപ്പ, രാമോപ്പ, ശേഖരേട്ടൻ, കൊച്ചപ്പേട്ടൻ, കൃഷ്ണോപ്പ, നാരായണൻ കുട്ടി, പുല്ലുണി തങ്കം, കളത്തിൽ ഗോപ്യോപ്പ, പൂന്തോട്ടത്തിലെ അനു, ഉണ്ണി, അമ്മു - അമ്മയുടെ ബാല്യകാലസ്മരണകൾ - 70-80 പേർ ഒന്നിച്ചിരുന്നുള്ള കൊണ്ടയൂരിലെ ഭക്ഷണം കഴിക്കൽ, അനുവിനെ പറ്റിപറയുമ്പോൾ അമ്മക്ക് 100 നാവുകൾ ഉണ്ടെന്നു തോന്നും. കൊണ്ടോരു ഉണ്ണിമ്മാമയുടെ സൗമ്യസ്വഭാവ ത്തെ പറ്റി പറയുമ്പോഴും അമ്മക്ക് 100 നാവുകൾ. മഹാകവി വള്ളത്തോൾ എന്ന വലിയ കുട്ടിയമ്മയുടെ പിറന്നാളാഘോഷം - ഓർമ്മവെച്ച നളുമുതൽ വിദ്യാഭ്യാസം കഴിയുന്നതു വരെ ആ പിറന്നാളോഘഷം മുടക്കാറുണ്ടായിരുന്നില്ല. പിറന്നാളോഘഷത്തിന്റെ സന്ധ്യ സൗഹൃദസംഭാഷണങ്ങൾ നവരസങ്ങൾ അടങ്ങിയ പൊട്ടിച്ചിരികൾ... കൂടുമ്പസമേതം നാട്ടുകാരും, കലാകാരന്മാരും വാദ്യമേളങ്ങളോടെ, താലപ്പൊലികളോടെ വള്ളത്തോളിനെ കലാമണ്ഡലത്തിലേക്ക് എഴുന്നള്ളിക്കൽ.... അരങ്ങിൽ നിറഞ്ഞ സാഹിത്യകാരന്മാരുടെ, കവികളുടെ, രാഷ്ട്രീയാചാര്യന്മാരുടെ സാംസ്കാരിക സമ്മേളനം... സമ്മേളനം കഴിഞ്ഞാൽ വർണ്ണാഭമായ വിവിധ കലാപരിപാടികൾ - ഭരതനാട്യം, മോഹിനിയാട്ടം, ഓട്ടംതുള്ളൽ, ചാക്യാർകൂത്ത്, കഥകളി....

വള്ളത്തോൾ ശ്രീകുമാർ എന്ന കുമാരേട്ടൻ- ഓമനമുഖം. ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു തികഞ്ഞ കലാകാരൻ. എന്റെ ഗുരുനാഥൻ. ഞാൻ പഠിച്ച സ്കൂളിന്റെ ജൂബിലി ആഘോഷത്തിനു നൃത്താദ്ധ്യാപകനായി കുറച്ചു മാസങ്ങൾ എന്റെ വീട്ടിൽ താമസിച്ചിരുന്നു. ആ കാലത്തിന്നുള്ളിൽ കുമാരേട്ടൻ പഠിപ്പിച്ച ഹാസ്യകല, പാരഡി പാട്ടുകൾ, മോണോ ആക്ട്, ഇങ്ങിനെ കലയോടു ബന്ധപ്പെട്ട പല കാര്യങ്ങളും കുമാരേട്ടനിൽ

നിന്നു മനസ്സിലാക്കി.

കുമാരേട്ടന്റെ കലാപ്രവർത്തനങ്ങൾ കേരളത്തിൽ ഉടനീളം തുടർന്നു നടന്നു. ഒരിക്കൽ ചെറുതുരുത്തി യിലെ ഒരു കലാവിരുന്നിൽ ചായം തേച്ച മുഖ ത്തോടുകൂടി നറഞ്ഞ സദസ്സിനെ പൊട്ടിചിരിപ്പിച്ച, ആഹ്ലാദിപ്പിച്ച ആ കലാഹൃദയം അരങ്ങിൽ വെച്ചുതന്നെ എന്നന്നേക്കും വിടപറഞ്ഞു. മറക്കാൻ പറ്റാത്ത ഓർമ്മ കളുമായി ഇന്നു കുമാരേട്ടൻ എന്നോടൊന്നിച്ചുണ്ടു...

ഗതകാലസ്മരണകൾ അയവിറക്കുമ്പോൾ....

ഒരു സ്കൂൾ അവധികാലത്തു അമ്മമ്മയുടെ ശ്രാർദ്ധ ത്തിനു കൊച്ചപ്പമാമ വന്നപ്പോൾ തിരൂരിലേക്ക് എന്നേയും കൊണ്ടുപോയി. (അതിനുമുമ്പും അമ്മയുടെ കൂടെ പല പ്രാവശ്യം കൊണ്ടയൂരിലും ചേരുക്കള ത്തിലും പോയിട്ടുണ്ട്). ശാരദയുടെ മകൻ - ശാരദ വല്ല്യമ്മയുടെ മകൻ, ശാരദോപ്പോളുടെ മകൻ - വത്സല്യത്തിന്റെ, സ്നേഹത്തിന്റെ ഉറവകളായിരുന്നു എനിക്കു ചുറ്റും. സ്വന്തം സഹോദരന്മാരില്ലാത്ത എനിക്ക് അമ്മയുടെ സഹോദരി മാരുടെ മക്കളായ 'ഭ' കാരങ്ങളും, 'ശ' കാരങ്ങളും.... സഹോദര രക്തബന്ധം! എല്ലാ അവധികാലങ്ങളിലും സ്കൂൾ വിദ്യാഭ്യാസം കഴിയുന്ന തുവരെ 'ഭ' കാരങ്ങളും 'ശ' കാരങ്ങളും ആയിട്ടുള്ള ആത്മബന്ധത്തിൽ അലിഞ്ഞു ചേർന്നു. കൊണ്ടയൂരിലെ 'ഭ' കാരത്തിലെ ഭരതരാജൻ ഞാനും അവനും സമപ്രായക്കാരായിരുന്നു. സമപ്രായക്കാർ മാത്രമല്ല-ഓരേ ചിന്താഗതി, അതും കലാപ്രവർത്തന ങ്ങളെപറ്റി മാത്രം. ഹാസ്യകല, കഥാപ്രസംഗം, നാടകം, കലയുടെ ഒരു പര്യായമാ യിരുന്നു രാജൻ. സ്കൂൾ ഓഫ് ഡ്രാമയിലെ, കലാ സ്ഥാപനങ്ങളിലോ പോകാതെ, ഒരു ഗുരുനാഥനില്ലാതെ പാരമ്പര്യത്തിൽ വളർത്തിയെടുത്ത രാജൻ എന്ന കലാ കാരനിൽ നിന്നു ഞാൻ പലതും പഠിച്ചു. ചേനര-മംഗലം പ്രദേശത്തെ മിക്ക ആൾ ക്കാരേയും അവൻ അനുകരി ക്കാറുണ്ടായിരുന്നു. ഹൃദയം തുറന്നു ഒന്നു ചിരിക്കണ മെങ്കിൽ രാജൻ ദേവി വിലാസത്തിൽ വരണം എന്നു അമ്മ എപ്പോഴും പറയാറുണ്ടായിരുന്നു. അവനും നമ്മളെ വിട്ടുപോയി.

രാജനും കുമാരേട്ടനും ഇന്നില്ലെങ്കിലും മറക്കാൻ കഴിയാത്ത ഓർമ്മകളുമായി ഇന്നും എന്റെ മനസ്സിൽ ജീവിച്ചിരിപ്പുണ്ടു. കേരള സംഗീത നാടക അക്കാദമി എനിക്കുതന്ന "കലാ പ്രതിഭ", "കലാശ്രീ" പുരസ്കാര ങ്ങൾ കുമാരേട്ടന്റെയും രാജേട്ടന്റെയും പേരിൽ എഫ്.എ.ഐ.എം.എ. (ഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ മലയാളീ അസോസിയേഷൻ) എനിക്ക് തന്ന അനു മോദനച്ചടങ്ങിൽ സമർപ്പിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ചേന്ദരക്കളം മുത്തശ്ശൻ, കൊണ്ടയൂർ മുത്തശ്ശി, മുത്തശ്ശൻ ദേവകി വല്യമ്മ, മുകുന്ദമ്മാമ, വാസ്സുമ്മാമ, ബാല ചേറ്യേമ തങ്കചെറ്യേമ, മാലതി ചെറിയമ്മ, കൊണ്ടയൂർ ഉണ്ണിമാമ, ചിന്നമ്മാമ, കുമാരമ്മാമ, ചന്ദ്രമ്മാമ, അപ്പുമ്മാമ, കൊച്ചപ്പമ്മാമ, കോഴിപ്പറമ്പിലെ കുട്ടികൃഷ്ണമ്മാമ, അച്ചേട്ടൻ, കൊച്ചന്യേട്ടൻ, ഗോപ്യേട്ടൻ, വിനൊതോപ്പാൾ, പുല്ലൂണി കൃഷ്ണൻ കുട്ടിമ്മാമ, രാമുമ്മാമ, നാരായണൻ കുട്ടിമ്മാമ, ചിന്നമ്മാമ, ദേവകി വല്ല്യമ്മ, നമ്മുടെ എല്ലാ കുടുംബപരിപാടി കൾക്കും പങ്കെടുത്തിരുന്ന തങ്കചെറിയമ്മ, കുട്ടേട്ടൻ - അച്ചിക്കുളത്തിലെ വല്യമ്മ ഇവരെല്ലാം എനിക്കുതന്ന സ്നേഹത്തിനും, വാത്സല്യ ത്തിനും എന്നും ഞാൻ കടപ്പെട്ടിരിക്കുന്നു. സോമന്റെ ആസന്നമരണം ഇന്നും ഒരു ദുഃഖമായി കൊണ്ടു നടക്കുന്നു.

ഗ്രാമകാഴ്ചകൾ തുയിലുണർത്തി നിൽക്കുന്ന എന്റെ ബാല്യകാല സ്മരണകൾ അയവിറക്കുന്നതിലാകാം... ഇന്നും ഞാൻ ജീവിതയാത്രയിൽ തുടരുന്നതു. ജീവിത സമരത്തിൽ എനിക്ക് ഊർജ്ജവും ഓജസ്സുമേകി ഞാൻ ചരിക്കുന്നതു തന്നെ ആ ഗ്രാമക്കാഴ്ചകളുടെ ഓർമ്മ ത്തിടമ്പേറിയാണ്. ഓണവും വിഷവും ഉത്സവരാവുകളും എന്നിൽ ഉണർത്തുന്ന നിർവൃതിയാണ് ഇന്ന് എന്നെ മുന്നോട്ടു നയിക്കുന്ന പ്രാണവായു. കലാകുടുംബ ത്തിലെ അംഗമായി പിറക്കാൻ കഴിഞ്ഞതുതന്നെ എന്റെ മുജ്ജന്മ സുകൃതം. കലാരൂപമേതായാലും അതിൽ നിപുണനായ എന്റെ ബന്ധുമിത്രാതികൾ തന്നെയാണ് എന്റെ കരബലവും മനബലവും. സംഗീത നാടക രംഗത്തെ എന്റെ അഭിനിവേശം കുഞ്ഞുനാളിൽത്തന്നെ എന്നിൽ കനിഞ്ഞരുളിയതിനു എന്റെ മാതാപിതാ ക്കളോടും ഗുരുവരന്മാരോടും സന്തത സതീർത്ഥ്യരോടും വരും ജന്മങ്ങളിലും ഞാൻ കടപ്പെട്ടിരിക്കുന്നു. രാഗതാള ജതികൾ എന്റെ നാഡി ഞരമ്പുകളിൽ രക്ത പ്രവാഹ മായിത്തന്നെ വരദാനമായി നൽകിയതിന് ജഗദീശ്വര നോട് ഈ ജന്മം ഞാൻ കടപ്പെട്ടിരിക്കുന്നു.

പിഞ്ചു പാദങ്ങൾ പൂഴിയിലൂന്നി നടന്നു തുടങ്ങിയ സുദിനം മുതൽ നാളിതുവരെ ഞാൻ കടന്നു വന്ന ജീവിതത്താരങ്ങൾ സുഗമമാക്കിത്തന്ന എന്റെ ജീവിതാനുഭവങ്ങൾക്ക് മുന്നിൽ ഞാൻ നമ്രശിര സ്കനായി കൈകൂപ്പുന്നു. തീവ്രമായിതോന്നുന്ന സ്മരണകളിൽ അഗ്രഗണ്യമായിനിൽക്കുന്നത് എന്റെ സ്കൂളിലേക്കുള്ള കൽപ്പടവുകൾ... പഠനം പൂർത്തി യാക്കി ഉദ്യോഗത്തിൽ കടക്കുമ്പോഴും പിന്നെ നാടകം സിനിമ മറ്റു കലാ പ്രവർത്തനങ്ങളുമായി മദിരാശി പട്ടണത്തിലേക്ക് ഞാൻ ചേക്കേറമ്പോൾ ആ സ്കൂൾ പടവുകൾ കാണാൻ ഒരു രാത്രിയിൽ ഞാൻ പോയി.... നിലാവിന്റെ ചാരുതയിൽ മഞ്ഞിൻ കണങ്ങളേറ്റ് സ്മൃതിമണ്ഡപമായി തോന്നിയ ആകൽപ്പടവുകൾ എനിക്കായി കരയുന്നപോലെതോന്നി.

ഇന്നു നനയുന്നു എന്റെ കൺപീലികൾ - ഞാൻ വിട്ടുപോന്ന എന്റെ തൃക്കടീരി ഗ്രമകാഴ്ചകൾ മരപ്പച്ചപ്പ്... നിലാവ്... പുഴവയൽ.... അമ്പലമുറ്റം... സ്കൂൾ കൽപ്പടവുകൾ... അമ്മ... അച്ഛൻ... കൂടപിറപ്പുകൾ... സന്തത സഹചാരികൾ... ഒക്കെയും അന്യമായ എനിക്കു... ഇന്നു മനസ്സിന്റെ ഇടനാഴികളിൽ നിലാവെളിച്ചമായും ഉത്സാവമായും ജീവിത നൗക തുഴയാൻ ആയുരാരോഗ്യമായി വിളങ്ങിനിൽക്കുന്നത് എന്റെ ബാല്യകാലസ്മരണകൾ തന്നെയാണു. ആ സ്മരണങ്ങൾക്ക്, ഞാനിന്നുവരെ നേടിയ പ്രശസ്തിയും കീർത്തിയും സമ്പത്തും സന്തോഷമവുമൊക്കെ കാണിക്കയായ് സമർപ്പിക്കുന്നു.

---

**Synopsis**

## Memoirs

Vallathol Unnikrishnan

The author who had carved a coveted space for himself in the fields of Cinema and drama in Chennai over the decades starts by recollecting his experiences in an Arts Club in Chennai many years ago. He had opportunity to listen to an address by the famous poet Kadaminatta . The speaker was narrating an experience when he visited Switzerland where while sitting in a park a group of young local children noticed him. Looking at the simple Kerala style attire worn by him the children asked him where he was from. Upon hearing that he hails from Kerala the kids told him that they have heard about Kalamandalam the famous center for performing arts set up by the legend Vallathol and also about Kathakali. Later the author during the course of his career in shipping came across a ship named after Vallathol and a railway station near Shornur renamed Vallathol from Vettikkatiri to honor the Mahakavi. After wishing all success to the upcoming reunion he then takes us through his childhood memories of his life at Thrikatiri where he used to listen to a lot of nostalgic stories from his mother about the far away Vallathol tharavade in Chennara. He recollects fondly how nostalgic his mother was while describing her numerous visits to Vallathol houses in Chennara and Mangalam. The birthday celebrations, the memorable conversations among the family members were all treasured memories for her. Later the author too had the opportunities to experience those wonderful moments in Vallathol households. He makes special mention about Vallathol Sreekumar whose untimely demise left a deep sense of loss. He then remembers by name many of the individuals from different Vallathol branches who made his stay there colorful and joyous. He concludes by stating that even at his advanced age he feels energetic and healthy and he credits it to the happy memories of the interactions with many of the adorable members from the vast Vallathol family.

---

## Stars look down



Vallathol Sreekumar



Vallathol Bharatha Rajan

# പുല്ലൂണി ബാല്യകാലസ്മരണകൾ



Dr. Mohandas C.

മദ്ധ്യവേനൽ അവുധിയായാൽ അന്നുതന്നെ ഞാനും ഏട്ടനും പൂങ്കുന്നം സ്റ്റേഷനിൽ നിന്നും തീവണ്ടി കയറും. അര ടിക്കറ്റ് എടുത്താണ് ഞങ്ങളുടെ യാത്ര. ഷൊർണ്ണൂർ എത്തിയാൽ കോണി ഇറങ്ങി പോകുമ്പോൾ ടി.ടി.ആർ. ചെവിയിൽ പിടിക്കാൻ നോക്കുമ്പോഴേക്കും ഞങ്ങൾ ഓടി സ്ഥലം വിടും. കൃഷ്ണമാമയുടെ വീട്ടിലെത്തും. അവിടുത്തെ കുട്ടികളുടെ പരീക്ഷ കഴിഞ്ഞിട്ടില്ല. പരീക്ഷ കഴിയുന്നതുവരെ അവിടെ താമസിച്ച് രവിയേട്ടൻ, സുരേന്ദ്രൻ, രമണി ഇവരേയും കൂട്ടി പുല്ലൂണിയിലേക്കുള്ള യാത്ര. ആഘോഷം തുടങ്ങുകയായി. രാവിലെ എഴുന്നേറ്റ് പൊടിയരി കഞ്ഞിയും ചമ്മന്തിയും കഴിച്ച് ആച്ചികുളത്തേക്ക് പോകും. അവിടെ ഞങ്ങൾ (മുരിക്കങ്ങൽ നിന്നു ഉണ്ണി, രാധാകൃഷ്ണൻ, പ്രഭാകരൻ) ആച്ചികുളത്തുനിന്നു പാക്കേട്ടൻ, ജനാർദ്ദനൻ, കളത്തിൽ ഹരിദാസ്, ബേബി, പുല്ലൂണിയിൽനിന്ന് വേണു ഏട്ടൻ പിന്നെ എല്ലാവരും ചേർന്നു ശീട്ടുകളി. പുല്ലൂണി വീട്ടിൽ ഉമ്മറത്തെ കോലായിൽ വെച്ചാണ് ഏറ്റവും വലിയ ആഘോഷം. ചിന്നമാമയുടെ നേതൃത്വത്തിൽ വൈകുന്നേരം ചീട്ടുകളി. പരിസരത്തുള്ള എല്ലാ ചെറുപ്പക്കാരും അവിടെ ഒത്തുക്കൂടും. ചില ദിവസങ്ങളിൽ ഞങ്ങൾ കായലിൽ വഞ്ചി കളിക്കാൻ പോകും. ദൈവകൃപയാൽ അപകടം ഒന്നും നടന്നിട്ടില്ല. ഒരുമാസം ഇതു തുടരുന്നു. നാട്ടിലേക്ക് മടങ്ങേണ്ട സമയം അടുത്തു വരുമ്പോൾ എല്ലാവർക്കും സങ്കടം ആകും. വളരെ സങ്കടത്തോടെ അടുത്ത കൊല്ലം വീണ്ടും വരാമല്ലോ എന്നു സ്വയം സമാധാനിച്ച് യാത്രയാകും. വീണ്ടും ഇതു തുടരുന്നു.



Pullooni House

**Synopsis**

## Childhood Memories of Pullooni

Mohandas C. Dr (S/o Dr V.R. Menon)

The very day the midsummer school vacation begins, the writer and his brother will board a train from Poonkunnam railway station. They will have only half tickets but were careful not to be caught by the ticket examiner at Shornur where they will alight. Their destination is Krishnamamma's house where they will stay until the exams of the children there are over. Then they all will go together to Pullooni house . The celebrations or freaking out are about to commence!! He describes the simple but extremely yummy food that was served at Pullooni. The gang is swelled with cousins from Achikulam, Murikkingil and Kalam. They spend time happily playing cards and other games and playing in the country boats in the nearby backwaters. By God's grace nothing untoward happened during these potentially dangerous pastimes. After a month of exciting and joyful period it is time to say goodbye to P ullooni and they used to feel very sad. But next year it is time to return to Pullooni once again and begin the celebrations all over again.

# എന്റെ ഓർമ്മകൾ

## ലക്ഷ്മിക്കുട്ടിയമ്മ എന്ന കനകം

വള്ളത്തോൾ തറവാട്ടിലെ എന്റെ ഓർമ്മകൾ കടലിലെ തിരമാലകൾപോലെ ഒന്നിനു പിറകേ ഒന്നായി അലയടിക്കുകയും, പിന്മാറുകയുമാണ്. നാലു പത്തായപ്പുരകളും രണ്ടു നടുമുറ്റവും, തെക്കിനി, വടക്കിനി, താഴത്തും മുകളിലും പ്രത്യേകം പ്രത്യേകം ഓവറകൾ, ഭീമമമായ പിച്ചളക്കെട്ടോടുക്കൂടിയ ഉമ്മറവാതിൽ, വിശാലമായ പൂമുഖം എന്നീ സജ്ജീകരണങ്ങളോടുക്കൂടിയ പുല്ലൂണി നാലുക്കെട്ടാണ് ആദ്യമായി ഓർമ്മയിൽ വരുന്നത്. ഭാഗത്തിൽ ഇതിൽ ഒരു പത്തായപ്പുര പൊളിച്ചുപണിത ആച്ചികുളം വീട്ടിലാണ് ജനിച്ചത്. ബാല്യകാലജീവിതത്തിൽ ഇന്നത്തേതിലും വളരെയധികം വ്യത്യസ്തമായ പിറന്നാൾ ആഘോഷങ്ങളാണ് ഓർമ്മ വരുന്നത്. കുട്ടികളുടെ പിറന്നാളുകൾക്ക് കുടുംബക്കാരേയും ബന്ധുക്കാരേയും ക്ഷണിക്കുക പതിവായിരുന്നു. ഇന്നത്തെപ്പോലെ കേക്ക് മുറിക്കലോ, ഹാപ്പി വിഷസ് ഒന്നും പതിവില്ല. പട്ടുകോണകവുമുടുത്ത്, പാവുമുണ്ടു ചുറ്റി രണ്ടുവശവും ഇലചീന്തുകൾവെച്ചുള്ള നാക്കിലയുടെ മുന്നിൽ പിറന്നാൾക്കാരി ഇരിക്കും. വലതുഭാഗവും ഇടതുഭാഗവും വേണ്ടപ്പെട്ടവർക്ക് ഇരിക്കാം. മുമ്പിലായി ഒരു നിലവിളക്കും അതിനു നേർ വേറൊരു നാക്കിലയും സദ്യ വട്ടങ്ങളും ചോറും വിളമ്പിയിരിക്കും. "വിളക്കിനയച്ചേ" ഊണ് തുടങ്ങാൻ പാടുള്ളു. ഒരു ചട്ടകത്തിൽ അല്പം ചോറ് എടുത്ത് വെള്ള മൊഴിച്ച് വിളക്കിന് താഴെ മൂന്നു പ്രാവശ്യം ഉഴിഞ്ഞ് ഇലയുടെ തലയ്ക്കൽ വെയ്ക്കുന്നു. ഇതാണ് "വിളക്കിനയക്കൽ". ഈ ചടങ്ങ് കഴിഞ്ഞാൽ ഊണ് തുടങ്ങാം.

**തിരുവാതിരകുളിയും നോൽമ്പും**

ഇന്ന് ആരും തന്നെ ആചരിക്കാത്ത തിരുവാതിര കുളിയും, നോൽമ്പും അക്കാലത്ത് ഒരു നിർബന്ധമായിരുന്നു. ധനുമാസത്തിൽ അശ്വതിനാൾ മുതൽ തിരുവാതിര ദിവസം വരെ പുലർച്ചെ നാലു മണിക്ക് എണീറ്റ് അടുത്തുള്ള "കൈപ്പമ്പാടി" അമ്പലകുളത്തിൽ പോയി തിരുവാതിര കുളിക്കുകയും, അതിനോടനുബന്ധിച്ച് വെള്ളത്തിൽ "തുടി" പ്പാട്ടും, "മലർപൊരി" പാട്ടും മറ്റുമായി എല്ലാവരും ചേർന്ന് ആഹ്ലാദിക്കാറുണ്ട്. മറ്റാനുള്ള വസ്ത്രം കരുതിയിരിക്കും. പിന്നെ തിരുവാതിര കുളി.



"ധനുമാസത്തിൽ തിരുവാതിര-
ഭഗവാൻ തന്റെ തിരുനാളാണ്.
ഭഗവതിക്ക് തിരുനോൽമ്പാണ് -
ആടേണം പോൽ, പാടേണം പോൽ -
മഞ്ഞതള്ള ചൂടേണം പോൽ
കൂവതള്ള കിഴിക്കേണം പോൽ
ഉണ്ണരുത്, ഉറങ്ങരുത്",

ഞങ്ങളുടെ അമ്മയാണ് അംഗീകരിക്കപ്പെട്ട കളിക്കാരി. കിഴക്കേലെ 'കല്യാണിയമ്മ' പുത്തൻവീട്ടിലെ ചില സ്ത്രീകൾ ഇവരെല്ലാം ഇതിൽ സജീവ പങ്കാളികളായിരുന്നു. പെൺകിടാങ്ങൾക്കും സ്ത്രീകൾക്കും ഒഴിച്ചുകൂടാൻ വയ്യാത്തതാണ് തിരുവാതിര നോൽമ്പ്. രോഗികളും, മാസമുറക്കാരുമൊഴികെ ബാക്കി എല്ലാവരും ഇതിൽ പങ്കുകൊള്ളും. വിവാഹം കഴിഞ്ഞവർ ഭർത്താക്കന്മാർക്കുവേണ്ടിയും, കന്യകമാർ നല്ല വരൻ ലഭിക്കാൻ വേണ്ടിയുമാണ് നോൽക്കുക.

ഊഞ്ഞാലാട്ടം, തിരുവാതിരയുടെ ഒരു പ്രധാന ഭാഗമാണ്. 'പുല്ലൂണി'യിൽ ഉണ്ടായിരുന്ന ഒരു ഭീമമായ 'കടുക്കേൻ' മാവിൽ മുളകൊണ്ട് കെട്ടിയുണ്ടാക്കിയ ഊഞ്ഞാലിലാണ് ആടുക പതിവ്. പിറ്റേന്ന് 'പുണർത'ത്തിന് അതിരാവിലെ ആദ്യം കുളിക്കുന്നവർക്ക് 'പൊന്നിൻകുടം' കിട്ടുമെന്നാണ് പറയുക.

**"ചമ്രവട്ടം അയ്യപ്പ"നുള്ള വഴിപാട്**

വള്ളത്തോൾ വീട്ടുകാർ എല്ലാ കൊല്ലവും വൈശാഖമാസത്തിൽ ചമ്രവട്ടത്തെ "അയ്യപ്പന്" "വീത് വിത്ത്" അർപ്പിച്ച് വഴിപാട് നടത്താറുണ്ട്. വീത് വിത്തെന്നാൽ കൃഷിക്കുള്ള വിത്ത് എടുക്കുമ്പോൾ ഒരു പങ്ക് 'നെല്ല്' അയ്യപ്പന് നിവേദ്യത്തിന് എടുത്തു വെക്കുന്ന നെല്ലാണ്. ഊരാളന്മാരായ 'കുറ്റീരി' മനയിലേക്കു ഇത് കൊടുക്കും. അവരുടെ ഉരപ്പുരയിലാണ് താവളം. കൊടുത്ത വീതു വിത്തിന് അനുസൃതമായി നിവേദ്യ ചോറ് ക്ഷേത്രത്തിൽ നിന്ന് നൽകും. വൈകുന്നേരമാണ് വീട്ടിലേക്ക് മടങ്ങുക. കുടുംബത്തിലേയും, ബന്ധത്തിലേയും സ്ത്രീകളും, കുട്ടികളുമാണ് ഇതിൽ പങ്ക് കൊള്ളുക.

പുല്ലൂണിക്കാവിലെ വേലയും, കുട്ടന്റെ വിളക്കും ഞങ്ങളുടെ വാർഷിക ഉത്സവങ്ങളായിരുന്നു. പടന്ന വളപ്പിൽനിന്ന് ചെണ്ട മേളത്തിന്റെ അകമ്പടിയോടെ ഉത്സവമൂർത്തിയെ ആനപ്പുറത്ത് ആനയിക്കും. കുരുത്തോല കെട്ടിത്തൂക്കിയ 'തിത്ത്യേരാ' കുടയും കൊണ്ട് മദ്യലഹരിയിലുള്ള ആണുങ്ങൾ പലപ്പോഴും ചേരാറുണ്ട്. വലിയമ്മാമ (കുഞ്ചപ്പമ്മാമ) ഒരു വടിയും കയ്യിൽ വെച്ച് മുമ്പിൽ നടന്നാണ് ഇവരെ നിയന്ത്രിക്കുക. ഞങ്ങൾ സ്ത്രീകൾക്കും, പെൺകുട്ടികൾക്കും വേലിയരുകിൽ നിന്ന കാണാനേ അനുവാദമുള്ളൂ. കാരണം ക്ഷേത്രത്തിലെ തിരക്കും, ബഹളവും തന്നെ. മണ്ണാൻ പൂതനും, പറപ്പൂതനും, മുക്രം ചാത്തനും ഒരു വിശേഷത തന്നെ ആയിരുന്നു. മണ്ണാൻ പൂതത്തിനെ ഭയത്തോടെയാണ് കണ്ടിരുന്നത്. പിറ്റേന്ന് കാളവേല, പൈനമണിസാധനങ്ങൾ കച്ചവടം അന്നാണ്. കുപ്പിവള, റിബ്ബൺ, ചെറിയ ഉരുപിടികൾ വാങ്ങി കൂട്ടുക പെൺകുട്ടികൾക്ക് ഒരു ആവേശമായിരുന്നു. വിഷുക്കൈനീട്ടം കിട്ടിയത് എടുത്ത് വെച്ചാണ് ഇതിനുള്ള കാശ് സമാഹരിച്ചിരുന്നത്.

**ഓണകാഴ്ചകുല**

ഭൂമി പാട്ടത്തിന് കൊടുക്കുമ്പോൾ പാട്ടത്തിനു പുറമേ വർഷം തോറും ഓണത്തിന് കാഴ്ചകുല സമർപ്പിക്കണമെന്ന് ഒരു നിബന്ധന ഉണ്ടായിരുന്നു. ഇപ്രകാരം നേന്ത്രപ്പഴകുലകൾ ആച്ചിക്കുളത്തും, പുല്ലൂണിയിലും തൂക്കിയിട്ടിരുന്ന കാഴ്ച ഇപ്പോൾ ഓർക്കുമ്പോൾ അത്ഭുതം തോന്നുന്നു. എല്ലാം ഇന്ന് ഓർമ്മകളായി അവശേഷിക്കുന്നു.

---

synopsis

## My Cherished Memories

Smt Vallathol Lakshmikutty Amma ( fondly Kanakoppol to many ) Vallathol Achikulam

The author begins by narrating her memories of the huge Vallathol tharavadu which for her were like the waves in the ocean coming one after another ceaselessly !! She then goes on to describe the magnificent mansion called Pullooni house one portion of which was removed to build another house in close vicinity called Achikulam where she was born. The birthday celebrations of those days had no resemblance in the remotest way to how they are conducted in modern times. She nostalgically describes the dance form called "thiruvathirakali" performed exclusively during Thiruvathira season by women and the fasting that was compulsory. The onam celebrations are colorfully and nostalgically described which were essentially time for family get together . The annual festival The Vela at nearby Pullooni Kavu is described with a longing for those bygone days that are never to return. The strong bond between Pullooni and achikulam was always maintained and memories of those happy times will ever remain fresh in her mind she concludes.

# മറക്കാൻ കഴിയാത്ത ചില വിലപിടിച്ച ഓർമ്മകൾ

വാസന്തി മേനോൻ (മഹാകവിയുടെ മകൾ)

ജീവിതത്തിന്റെ മുക്കാൽ ഭാഗത്തിലധികം പലതും (സുഖവും ദുഃഖവും) അനുഭവിച്ചു കഴിഞ്ഞ ഒരു വയസ്സിയാണ് ഞാൻ. എന്നിട്ടും മരണവരിയിൽ എന്നെ നിർത്തിയിട്ടില്ല. ഇനിയും എനിയ്ക്കനുഭവിയ്ക്കാൻ കിടക്കുന്നു - സുഖവും ദുഃഖവുമായി. ദൈവമനുവദിച്ച ദിനങ്ങൾ അഥവാ കൊല്ലങ്ങൾ ആരോഗ്യത്തോടെ യിരുന്നനുഭവിയ്ക്കാൻ തയ്യാറാണെന്നു പറയേണ്ടി യിരിക്കുന്നു. ഒന്നുമാത്രം മനസ്സിലാക്കി വരുന്നു. വയസ്സ് - അല്ലെങ്കിൽ പ്രായം പൊതുവെ അതിനു വല്ലാത്തൊരകൽച്ച. കാലങ്ങൾക്കു വന്ന മാറ്റമാകാം. അല്ലെങ്കിൽ ജനങ്ങളിൽ വന്ന മാറ്റമാകാം.

ബാല്യകാലം അച്ഛന്റെ കൂടെ തന്നെ താമസിച്ചു. അച്ഛൻ കവിതകളുടെ കൂടെ മറ്റൊരത്ഭുതം കൂടി കണ്ടുപിടിച്ചു. മെല്ലെ അച്ഛന്റെ മനസ്സ് കവിതകളിൽ നിന്ന് കഥകളിയിലേയ്ക്കു മാറി. സ്വന്തം വീട്ടിൽ നിന്നു വളരെ ചെറുപ്പത്തിൽ തന്നെ അമ്മയേയും കൊണ്ടു താമസം മാറ്റി. ജീവിയ്ക്കാനൊരു വഴി അച്ഛൻ കുറച്ചുകാലം ഒരു തൊഴിൽ കൊണ്ട് കൈക്കലാക്കി. ധനികനല്ല വെറും സാധാരണക്കാരനായ വള്ളത്തോളിന് കുടുംബം നോക്കാൻ നല്ല മനഃക്ലേശമനുഭവിയ്ക്കേണ്ടി വന്നിട്ടുണ്ട്. ഞാനവസാനത്തെ മകളായതുകൊണ്ട് ഒന്നും അറി ഞ്ഞിട്ടില്ല. ആലോചിയ്ക്കേണ്ടി വന്നില്ല. അതിനുള്ള പ്രായവുമായിരുന്നില്ല. കഥകളിഭ്രമം കൊണ്ട് ചെറുതുരുത്തിയിൽ വന്നു താമസമാക്കി. അന്നെ നിയ്ക്ക് ഏഴു വയസ്സാണ്. ചെറുതുരുത്തി അന്ന് ഒന്നു മല്ല - ഒന്നുമില്ല. ആ വലിയ മനുഷ്യന്റെ മനസ്സിൽ അന്ന് കഥകളിക്കുവേണ്ട ഒരു ഭാരതപുഴ മാത്രം.

എന്റെ മേലെ ഉണ്ടായിരുന്ന ജ്യേഷ്ഠന്മാരൊന്നും സ്കൂൾ വിദ്യാഭ്യാസം മുഴുമിയ്ക്കാൻ പറ്റിയിട്ടില്ല. വീട്ടിൽ ഒരു മാസ്റ്ററെ ഇരുത്തി പഠിപ്പിയ്ക്കലായിരുന്നു. എന്നാലും അവർക്ക് വലുതായപ്പോൾ മലയാളം, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകളിൽ ജ്ഞാന മുണ്ടാക്കാൻ കഴിഞ്ഞു. ആ ഒരു വിദ്യാഭ്യാസം കൊണ്ട് തന്നെ രണ്ടു ജ്യേഷ്ഠന്മാർ ഇംഗ്ലീഷുഭാഷ തർജ്ജമ ചെയ്തും കഥകളെഴുതിയും അച്ഛന്റെ കൂടെ നിന്നി രുന്നു. ജ്യേഷ്ഠത്തിമാർക്കും ഇംഗ്ലീഷ് അത്യാവശ്യം അറിയാമായിരുന്നു.

അച്ഛന്റെ സ്നേഹ ലാളനകൾ അനുഭവിച്ചു ജീവിച്ചിരിക്കു മ്പോൾ - അച്ഛന്റെ തറവാടോ, അമ്മയുടെ തറവാടോ പരിചയപ്പെടാനോ, കാണാനോ സാധി ച്ചിട്ടില്ല.



അമ്മയുടെ വീട് ഇടയ്ക്കെങ്കിലും സ്കൂൾ മുടക്കങ്ങളിൽ (ഓണക്കാലത്ത്) അമ്മ കൊണ്ടുപോയി കാണിക്കും. നാലുദിവസം താമസിക്കും. ആ ദിവസങ്ങൾ ഞങ്ങൾക്കെല്ലാർക്കും ഒരു ഉത്സവക്കാലം തന്നെയായിരുന്നു. എല്ലാം സുലഭമായി കണ്ടാഹ്ളാദിച്ചിരുന്ന കുറച്ചു കാലം. ജീവിതത്തിൽ ആദ്യമായി കാണുന്ന ഒരു മനോഹരമായ നാട്-വന്നേരി.

വള്ളത്തോൾ തറവാടാദ്യം കണ്ടിരിക്കുന്നത് എന്റെ പന്ത്രണ്ടോ പതിമൂന്നോ വയസ്സിലാണ്. അന്ന് ഒരു വീട്ടിൽ കയറിയാൽ അതിനോടു യോജിച്ചു കിടക്കുന്ന പത്തു പന്ത്രണ്ടു വീടുകളാണ്. ആ ഒരു യാത്ര അതിന്റെ ഒരു രസം - മനസ്സിലപ്പോൾ ഒരു ചിന്ത വരും - അയ്യോ ഇതെന്താണ് വള്ളത്തോളിനിത്രയധികം വീടുകള്. എന്റെ അച്ഛനെങ്ങിനെ ഇത്രയധികം വീടുണ്ടായത്. ഒന്നു മറിയാത്ത ചോദ്യങ്ങൾ. അതിനു കിട്ടുന്ന മറുപടിയിൽ രസിക്കാനേ അന്നു കഴിഞ്ഞിട്ടുള്ളൂ. ഈ ബന്ധങ്ങൾ എങ്ങിനെ കൂട്ടി ചേർക്കണം. പ്രായം വരുംതോറും ബന്ധങ്ങളുടെ കെട്ടിനു മുറുക്കം കൂടി. - ബുദ്ധി ഉറച്ചുവരുമ്പോഴേക്കും വള്ളത്തോൾ തറവാട് സ്നേഹം കൊണ്ട് ബന്ധിയ്ക്കാൻ കഴിഞ്ഞെന്ന ഒരു സത്യം പുറത്തു വന്നു. സ്കൂൾ വിദ്യാഭ്യാസം കഴിയുന്നതോടു കൂടി അച്ഛന്റെ വീടുകളായി ഞങ്ങളുടെ മുടക്ക ദിവസങ്ങൾക്ക്. സ്നേഹം തന്നിരുന്ന ചിലരന്ന് അവിടെയുണ്ടായിരുന്നു. ആ ചിലരെല്ലാം ഇന്നും ഈ മനസ്സിൽ കൂടി കടന്നുപോകാറുണ്ടെന്നും പറയാതെ വയ്യ. (തിരശ്ശീലയുടെ മറയ്ക്കുള്ളിൽ സൂക്ഷിക്കുന്ന അനവധി കഥാപാത്രങ്ങളുണ്ട്. അവരെല്ലാം നമ്മുടെ ഇടയിലേക്കു വരേണ്ട പ്രത്യേക കഥാപാത്രങ്ങളാണ്. പ്രത്യേകത യുള്ളവർ.

കുറ്റിപ്പുറത്തു കേശവൻ നായരുടെ കുടുംബ മായിട്ടാണാദ്യം ബന്ധം പുലർത്തിയത്. പ്രത്യേകിച്ചും എന്റെ പ്രായത്തിൽ അദ്ദേഹത്തിന്റെ രണ്ടു മക്കളുണ്ടായിരുന്നു - മിനി, വസുമതി. അവരുടെ

ജ്യേഷ്ഠത്തിമാരുടെ സഹായത്തിലാണാദ്യം അച്ഛൻ ജനിച്ച വീടു കണ്ടിട്ടുള്ളത്. ഈ ജ്യേഷ്ഠത്തിമാരുടെ പ്രായത്തിൽ കൊണ്ടയൂർ വീട്ടിലും ഒരു ജ്യേഷ്ഠത്തിയുണ്ടായിരുന്നു - സരസ്വതി ഏട്ടത്തി. അന്ന് ആദ്യം കണ്ട സീൻ മറക്കാതെ സൂക്ഷിച്ചിട്ടുണ്ട്. തിരിഞ്ഞു നടക്കുമ്പോൾ ഭംഗിയുള്ള കുറെ മുടി. അവർ കുളിച്ചു കഴിഞ്ഞ സമയത്ത് അടുക്കള ഭാഗത്തിരിക്കുന്ന ഒരു സീനുണ്ട്. കുറെ നേരം ആരും കാണാതെ ആ മുടിയിലേക്കു നോക്കി കൊതിച്ചിരിക്കും. അവരുടെ ചായ സൽക്കാരം കഴിഞ്ഞേ ഞങ്ങളവിടെ നിന്നു മടങ്ങാറുള്ളു. എഴുതിത്തുടങ്ങിയാലവസാനിക്കാത്ത സംഭവങ്ങൾ - മനസ്സിൽ വന്നു മറഞ്ഞുപോയ മധുരാനുഭവങ്ങൾ.

കോഴിക്കാടാണ് 8-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും പഠിച്ചത്. ആ മുടക്കദിവസങ്ങളിൽ മിനിയുടെ വീട്ടിലും, മംഗലത്തെ വീടുകളിലും ഇടയ്ക്കെല്ലാം യാത്ര ഉണ്ടായിട്ടുണ്ട്. എല്ലാവരേയും ജ്യേഷ്ഠനെന്നും, ജ്യേഷ്ഠത്തിയെന്നും വിളിക്കും. തമ്മിൽ തമ്മിൽ എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് അന്നും ഇന്നും മുഴുവനും ശരിയായി പറയാൻ അറിയില്ല.

ഭാവിയിലെനിയ്ക്ക് എന്റെ ജീവിത പങ്കാളിയെ കിട്ടിയതും മംഗലത്തു നിന്നുതന്നെ - വള്ളത്തോൾ തറവാട്ടിൽ നിന്ന്. കല്യാണാലോചന വന്നപ്പോൾ അച്ഛനെതിർപ്പൊന്നുമുണ്ടായിരുന്നില്ല. എന്തേ പഠിയ്ക്കാതിരുന്നതെന്നു ചോദിച്ചു. പഠിപ്പിയ്ക്കാൻ ചുമതലപ്പെട്ട ആളില്ലാത്തതുതന്നെ പ്രധാന കാരണം. ഡിഗ്രിയില്ലാത്തൊരാളായിരുന്നു എന്റെ ഭർത്താവെങ്കിലും ഓഫീസ് കാര്യത്തിൽ ചുമതലയോടുകൂടി മുന്നോട്ടു പോകാൻ കഴിഞ്ഞിരുന്നു. അന്നത്തെ കാലത്ത് വള്ളത്തോൾ കുടുംബത്തിൽ പുരുഷന്മാരും, സ്ത്രീകളും മിക്കപേരും മാസ്റ്റർമാരും, ടീച്ചർമാരുമായിരുന്നു. അതും സ്വന്തം സ്കൂളുകളിൽ. പ്രിയപ്പെട്ട അച്ഛനമ്മമാരുടെ അനുഗ്രഹത്താൽ ഇന്ന് ഞാനും എന്റെ കുട്ടികളും ധന്യരാണ്. അനുഗ്രഹീതരാണ്.

ഇങ്ങിനെ പല തരത്തിലും കഴിഞ്ഞ പലകാര്യങ്ങളും അയവിറക്കി മനസ്സിലൊതുക്കി സൂക്ഷിച്ചിരുന്നു. എന്തായാലും വളരെയധികം വിസ്മയിപ്പിക്കാനും നിറഞ്ഞു സന്തോഷിയ്ക്കാനും കിട്ടിയ മറഞ്ഞുപോയ കാലങ്ങൾ ജീവിതത്തിലുണ്ടായിട്ടുണ്ട്.

ഇതുവരെ ജീവിതത്തിൽ അനുഭവിയ്ക്കാൻ കഴിയാത്ത ഒരു സുവർണ്ണാവസരം വള്ളത്തോൾ തറവാട് എല്ലാർക്കും വേണ്ടി ഒരുക്കിവരുന്നു. ഡിസംബർ മാസത്തിലാണ് "ഒരു കുടുംബസംഗമം". പലവിധത്തിലും പലസമയത്തും ഒരുമിച്ചു സമ്മേളിയ്ക്കാൻ പണ്ടവസരമുണ്ടായിട്ടുണ്ട്. എന്നാൽ കുടുംബസംഗമം ഈ ഒരു സമ്മേളിയ്ക്കൽ എന്റെ അവസാന കാലത്ത് ആദ്യത്തെ അവസരമാണ്. ഇതിന്റെ സംഘാടകരോട് നിറഞ്ഞ സന്തോഷവും നന്ദിയും അറിയിക്കുന്നു. സ്നേഹമനസ്സുള്ള എല്ലാവർക്കും നന്ദി, നമസ്ക്കാരം.

പഠിക്കുന്ന കാലത്ത് ഒരു കൊല്ലം ഞങ്ങൾ കുറേ പേർ ചേർന്നൊരു വീടെടുത്ത് കോഴിക്കോട് താമസിയ്ക്കയായിരുന്നു. ഞാനും കേശവേട്ടന്റെ മക്കൾ (കുറ്റിപ്പുറത്തു കേശവൻ നായർ) മിനിയും വസുമതിയും, എന്റെ ജ്യേഷ്ഠത്തി മല്ലിക, മിനിയുടെ ജ്യേഷ്ഠൻ വി.വി. മേനോൻ (വാസ്വേട്ടൻ), പുല്ലൂണി ചിന്നൻ മേനോൻ (വി.കെ.സി. മേനോൻ), കെ.യു. നായർ എന്നറിയപ്പെടുന്ന എല്ലാരുടേയും കുട്ടേട്ടൻ. എന്റെ മൂത്ത ജ്യേഷ്ഠത്തിയുടെ മകൻ വള്ളത്തോൾ ശ്രീകുമാർ അങ്ങിനെ എട്ടുപത്തുപേർ ചേർന്ന് ഒരു വലിയ കുടുംബം. ഒരു വർഷമെ ഞങ്ങളൊന്നിച്ചുണ്ടായുള്ളു. അടുത്ത കൊല്ലമായപ്പോഴേക്കും എല്ലാവരും ഓരോ വഴിക്കു പിരിഞ്ഞു പോയി. വാസ്വേട്ടൻ ചെന്നൈയിലേക്ക്. ചിന്നേട്ടൻ (വി.കെ.സി മേനോൻ) കൽക്കത്ത, കുട്ടേട്ടന്റെ സ്ഥലം കൃത്യമായി ഓർമ്മയില്ല. കുട്ടേട്ടന്റെ വേർപാട് ശരിക്കും മനസ്സിനെ നൊമ്പരപ്പെടുത്തി. ശരിക്കും ഞങ്ങൾ സ്നേഹിച്ചും നേരംപോക്കുകൊണ്ടു ചിരിപ്പിച്ചും ഞങ്ങളൊന്നിച്ചു കഴിഞ്ഞ ആ വർഷം മറക്കാൻ കഴിയില്ല. എഴുതാൻ കഴിയാത്ത പല നിസ്സാര സംഭവങ്ങളും അദ്ദേഹത്തിൽനിന്നു കാണാനും കേൾക്കാനും കിട്ടിയ നല്ല അനുഭവങ്ങൾ - സംഭവങ്ങൾ. മറക്കില്ല അതൊന്നും. കുട്ടിക്കാലത്ത് എന്തുകൊണ്ടും മറക്കാൻ കഴിയാത്ത ഒരു പ്രധാന കഥാപാത്രം. സൗകര്യങ്ങളില്ലാത്ത അന്നത്തെ കാലത്ത് നാലു സ്കൂളിൽ പഠിച്ചാണ് 10-ാം ക്ലാസു കഴിഞ്ഞത്. കുട്ടേട്ടൻ ഞാൻ വിവാഹിതയായിപ്പോയ ശേഷവും ഞാൻ താമസിച്ച എല്ലാ സ്ഥലത്തും ഞങ്ങളുടെ അടുത്തു വന്നിട്ടുമുണ്ട്, താമസിച്ചിട്ടുമുണ്ട്. സ്നേഹം നിറഞ്ഞ അദ്ദേഹത്തിനെ ഏതൊരു തരത്തിലും സ്നേഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുപോലെ വള്ളത്തോൾ തറവാട്ടിലെ അനവധി കഥാപാത്രങ്ങളുണ്ട്. എല്ലാവരേയും പുറത്തെടുക്കാൻ കിട്ടിയ നല്ലൊരു ധന്യമുഹൂർത്തമാണ് ഈ കുടുംബസംഗമം. ഈ ഒരു ആനന്ദവേളയിൽ നമുക്ക് നമ്മുടെ മനസ്സും നമ്മുടെ അനുഭവങ്ങളും കൈമാറാം. മൺമറഞ്ഞുപോയ അമ്മാമൻമാരുടെയും, വലിയമ്മമാരുടേയും കാൽക്കൽ നമിച്ചുകൊണ്ടു നിർത്തുന്നു. സ്നേഹമനസ്സുകളോടു വീണ്ടും നന്ദി പറയുന്നു. നമസ്ക്കാരം.

**Synopsis**

## Of Unforgettably precious memories

Vasanthi Menon (The youngest daughter of Mahakavi Vallathol)

She begins by touching on her advanced age and about the unsavory changes in attitude among people in general that passing times have brought about. She nostalgically recollects her childhood with her dad , the Mahakavi, who was not a rich man and had to struggle to look after the family. She describes how his passion for poetry later gave way to his love for kathakali. Because of his kathakali craze he decided to settle down in Cheruthuruthy which was a sleepy and deserted place in those days. But for her dad the quietly flowing Bharathapuzha was ideal setting for his blossoming creative talents and promoting Kathakali and other indigenous art forms. She admits during her younger days she hardly visited either her dad's Vallathol Tharavade or her mother's. It was when she was around 11 or so that she first visited Vallathol tharavade and she was immensely impressed by the cluster of so many buildings that formed Vallathol tharavade. But what struck her most was the warmth and affection in the house that weaved strong bonds amongst all. She was especially close to the daughters of Kuttipurath Kesavan Nair and describes fondly the days in Kozhikode. She was to eventually find her life partner too from Vallathol family.

Although vallathol family members have gathered together on many occasions in the past this is the very first time that an event is being held with the declared objective of reunion of families. She expresses her appreciation and gratitude to the organizing team of reunion. Finally she makes special mention of Kuttettan (Late Sri K.U.Nair husband of Vallathol Thankamma) whose demise left a deep sense of loss and pain in her mind. She fondly remembers the many happy and hilarious times in the presence of Kuttettan There were many such lovable persons in the vallathol family and she hopes the reunion will be a solemn occasion to pay tribute to all those adorable people who departed before us.

# കോന്തിമേനോൻ കാര്യക്കാർ

## കുറ്റിപ്പുറത്ത് കിട്ടുണ്ണി നായർ



ചിരമരിമയിൽ 'വള്ളത്തോൾഗൃഹം'പാർക്കിലൊന്നാ
ന്തരമൊരു തറവാടാണിങ്ങു വെട്ടത്തു നാട്ടിൽ
പരമിതിനുമേന്മയ്ക്കാദിമൻ 'കോന്തിമേനോൻ'
വരഗുണനിധി 'കാര്യക്കാരി'തിഖ്യാതനല്ലോ.

കലിയുഗപുരുഷന്നിങ്ങെത്രയാ, മത്രപൊക്കം,
വലിയതടിയുമില്ലാമട്ടെഴും ശ്രേഷ്ഠദേഹം,
ലലിളമധുരവാക്യം, ധീരശാന്തസ്വഭാവം,
പൊലിമയൊടിവചേർന്നാ മാന്യനന്നാൾ വിളങ്ങി.

നൃവരഗരിമയാർന്നാ പുരുഷേന്ദ്രൻ നിമിത്തം
നവധാവളയശസ്സാ വീടുപണ്ടേ ലഭിച്ചു;
കവനകുശലനാമെന്നാപാർയ്യർ നാരായണന്മേ-
നവനുടെ ജനനത്താലിന്നു പൊൻഗന്ധമാർന്നു.

നിരവധിഗുണവീര്യപ്രൗഢിപൂണ്ടുള്ള വെട്ട-
ത്തരചരിലവസാനം നാടുവാണോരു മന്നൻ
ഭരണനിപുണനാമാബ്ദാഗ്യവാനെസ്വയം തൻ
വരസചിവപദത്തിൽ സാദരം നിശ്ചയിച്ചു.

അനഘധിഷണനാമാ രാജമന്ത്രിപ്രവീരൻ
വിനയമൊടുനടത്തും നവ്യാനീതിക്രമത്താൽ
ദിനമനുനൃപവിശ്വാസാനുരാഗത്തൊടൊപ്പം
ജനതയിലതിമാത്രം ക്ഷേമവും കൈവളർത്തീ.

ക്ഷിതിപതി മൃതനായിക്കമ്പെനിക്കോയ്മകയ്യേ-
ല്പതിനിഹ ചിലമാസം താമസംവന്നകാലം
ക്ഷതിയൊരുലവമേല്ക്കാതാ മഹാനായ രാജ-
പ്രതിനിധി വഴിപോലീ നാടു താനേ ഭരിച്ചു.

ധരയുടെഭരണത്തെക്കൈവെടിഞ്ഞാലുമന്നാ
വരപുരുഷനെ മാന്യശ്രീയുപേക്ഷിച്ചതില്ല;
നിരവധിഭയഭക്ത്യാ നാട്ടുകാരൊക്കെയും ത-
ന്നരചനിലയിലദ്ദേഹത്തെമാനിച്ചുപോന്നു.

# കൊണ്ടയൂർ തറവാട്

വള്ളത്തോൾ ഭാരതിയമ്മ (അമ്മു ഓപ്പോൾ)

അമ്മമ്മ പറഞ്ഞുകേട്ടിട്ടുണ്ട്; കൊണ്ടയൂർ തറവാട്, മൂപ്പിളമപ്രകാരം ചേന്നരക്കളം മുത്തശ്ശിക്കാണ് വരിക എന്ന്. ചേന്നരക്കളം അമ്മാളുകുട്ടിയമ്മയും കൊണ്ടയൂർ കുഞ്ചുകുട്ടിയമ്മയും ഏടത്തിയും അനുജത്തിയുമാണ്. അതുപോലെതന്നെ ഏടത്തിയും അനിയത്തിയുമാണ്, പുല്ലൂണിക്കാവ് ഭഗവതിയും, കൊണ്ടയൂരമ്പലത്തിലെ "ഇരുകുളങ്ങര ഭഗവതിയും".

നിരത്തിനോട് ചേർന്നുള്ള വീട്, യാത്രാസൗകര്യങ്ങൾ കൂട്ടുമെന്നതിനാലാണ് ഏടത്തി, ചേന്നരക്കളത്തിലേക്ക് താമസം മാറ്റിയതത്രെ. കൊണ്ടയൂർ വീടിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ മുറ്റത്തുതന്നെയായി "കളപ്പുരയൻ" മാവിനോട് ചേർന്നായിരുന്നു വിശാലമായ 'പത്തായപ്പുര'. എപ്പോഴും എത്തുന്ന അതിഥികൾക്കും സ്വന്തക്കാർക്കും തങ്ങാനും വിശ്രമിക്കാനുമുള്ളത്ര സ്ഥലം പത്തായപ്പുരക്കുണ്ടായിരുന്നത്രെ. ആകസ്മികമായ ഒരു തീപിടുത്തത്തിൽ പത്തായപ്പുര കത്തി നശിച്ചത്രെ. എത്രയാൾ വന്നാലും ആതിഥ്യമരുളാൻ എന്നിട്ടും വീട്ടിലെ സ്ഥലങ്ങൾ സൗകര്യമൊരുക്കിയിരുന്നു. വെട്ടത്തുനാട്ടിലെ രാജാവിന്റെ കാര്യക്കാരൻ കോന്തിമേനോൻ വഴി വള്ളത്തോൾ തറവാടിനു കിട്ടിയ ഭൂസ്വത്ത് മംഗലം ചേന്നരദേശം മുഴുവൻ പരന്നു കിടക്കുകയായിരുന്നു.

ഓരോ താവഴികൾ വേർപെട്ടപ്പോൾ കൊണ്ടയൂർ തറവാടും കുടുംബക്ഷേത്രമായ് "ഇരുകുളങ്ങര ഭഗവതിയും" മുത്തച്ഛന്റേയും അമ്മമ്മയുടേയും കൈകളിൽ വന്നുചേരുകയാണുണ്ടായത്.

അമ്പലമുള്ളതുകൊണ്ടും വീട്ടിൽ "മച്ചിൽ" (ഭഗവതി വീട്ടിലിരിക്കുന്ന ശ്രീകോവിലാണ് മച്ച്) രണ്ടുനേരവും വിളക്കുവെച്ചു തൊഴാറുള്ളതുകൊണ്ടും ശുദ്ധിയുടെ കാര്യത്തിൽ അമ്മമ്മക്ക് വലിയ ശുഷ്കാന്തിയായിരുന്നു. ഞങ്ങൾ കുട്ടികൾ കിടക്കപ്പായിൽ മൂത്രമൊഴിച്ചാൽ, ചെറിയകുളത്തിൽ പായ കൊണ്ടുപോയി കഴുകി, കുളിച്ചുവന്നാൽ മാത്രമെ പ്രാതൽ കിട്ടൂ.

പ്രതിഷ്ഠാദിനം, ഭഗവൽസേവ, താലപ്പൊലി എന്നിവ അമ്പലത്തിന്റെ ഉത്സവങ്ങളാണ്. ചുറ്റുമുള്ള വിളക്കുകൾ വൃത്തിയാക്കലും, എണ്ണ ഒഴിക്കലും



തിരികത്തിക്കലും എല്ലാം ഞങ്ങൾ കുട്ടികളുടെ ജോലിയായിരുന്നു. ശർക്കര പായസവും, ഗണപതി ഹോമ പ്രസാദവും രാത്രിയിൽ ഭഗവത്സേവക്ക് നേദിച്ചു കിട്ടുന്ന ശർക്കര അരി അപ്പവും അതുചിന്നമ്മാമ വീതിച്ചുതരുമ്പോൾ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലിലുള്ള അസംതൃപ്തിയു മെല്ലാം കഴിയുമ്പോഴേക്കും ആലിനു മുന്നിലെ കല്ലിൽ എമ്പ്രാന്തിരി എറിയുന്ന നാളികേരത്തിന്റെ കഷ്ണങ്ങൾ കിട്ടാനുള്ള ഓട്ടമായി പിന്നെ.

താലപ്പൊലിക്ക് രാത്രി 12 മണിയോടെ ഭഗവതിയെ എമ്പ്രാന്തിരിയും വെളിച്ചപ്പാടും ചെണ്ടവാദ്യങ്ങളോട് കൂടി വീടിന്റെ കിഴക്കെ മുറ്റത്തെത്തി, വാദ്യഘോഷങ്ങളോടെയും നിരവധി താലങ്ങളോടെയും തിരിച്ച് അമ്പലത്തിലേക്ക് ആനയിക്കുന്നു. തുടർന്ന് സന്ധ്യക്ക് വരച്ചുതീർത്ത "ഭഗവതിയുടെ സുന്ദര രൂപം ചടുലമായ, ചേണ്ടവാദ്യത്തോട് സമന്വയിപ്പിച്ച് വെളിച്ചപ്പാടിന്റെ നൃത്തത്തോടെ മായ്ച് കളയുന്നതോടെ, താലപ്പൊലിക്ക് സമാപ്തിയാവും. മംഗലവും ചേന്നരയും പുറത്തുമുള്ള നമ്മുടെ കുടുംബക്കാർ, ഒത്തുചേരുന്ന സുദിനമാണ്, താലപ്പൊലി ദിവസം.

ചെറുപ്പത്തിലെല്ലാം 'വെളിച്ചപ്പാടിനെ' പേടിയായിരുന്നു. അതുപോലെ ഉത്സവനാളുകളിൽ മണ്ണാൻ പൂതനേയും, പറപ്പൂതനേയും പേടിച്ച് പകൽ കട്ടിന്നടിയിൽ ഒളിച്ചിരിക്കാറുണ്ട്. ഭയങ്കാവിൽ വേല, പുല്ലൂണിക്കാവിൽ വേല, വൈരംകോട് വേല എന്നിവക്ക് വലിയ പുരുഷാരം ഒന്നിച്ച് ആർപ്പുവിളിച്ച് പോകുന്നത് കൗതുകകരമായിരുന്നു. "തിത്തേര്യക്കുട" എന്ന് നല്ല ഉയരത്തിൽ മുളയിൽ വൃത്താകൃതിയിൽ കുരുത്തോല വെച്ചുകെട്ടി നൃത്തം ചവുട്ടിയാണ് വേലകൾക്കു കൊണ്ടുപോകാറ്. 'കാളകളി'കളും വേലകൾക്കു മാറ്റു കൂട്ടുന്നവയായിരുന്നു.

വിഷുവും, ഓണവും, തിരുവാതിരയും മഹോത്സവങ്ങളായാണ് ഞങ്ങൾക്കനുഭവപ്പെട്ടത്. വിഷുവിന്

പടക്കവും പൂത്തിരിയും കത്തിച്ചാൽ പൊട്ടാത്ത ഓല പടക്കങ്ങളുടെ, കരിമരുന്നെടുത്ത് വലിയ ഇരുമ്പു താക്കോലുകളുടെ ദ്വാരങ്ങളിൽ നിറച്ചു വീണ്ടും പൊട്ടിക്കുക രസകരമായിരുന്നു. കണികണ്ടു കഴി ഞ്ഞാൽ മുത്തച്ഛൻ ചാരുകസേരയിലിരുന്ന് തരുന്ന നാലണ നാണ്യങ്ങൾ വിഷുകൈനീട്ടമായി മേടിച്ചാൽ പിന്നെ, വിത്തുപാവാൻ കന്നുകളെയും കൊണ്ടു പോകുന്ന കറുപ്പന്റെ പിന്നാലെ പോകും. ഉമ്മറത്തെ കണ്ടത്തിൽ ഒപ്പം സ്വയം കന്നുപൂട്ടാൻ മേടിക്കയും വിത്തുവിതക്കലും ഞങ്ങൾക്ക് ആവേശമായിരുന്നു.

സ്കൂളിൽ പഠിക്കുന്ന കാലത്ത് ജാഥയായാണ് ഞങ്ങൾ പോവാറ്. രാജേട്ടനും, എനിക്കും മാത്രമെ കൊല്ലങ്ങൾ കൂടുമ്പോൾ പുതിയ ട്രൗസറും ഷർട്ടും ഉടുപ്പും കിട്ടൂ. വളരെ കുറച്ച് ഒന്നോ രണ്ടോ വയസ്സി ന്റെ വ്യത്യാസത്തിലുള്ള താഴെയുള്ളവർക്ക് ഞങ്ങ ളുടെ പഴയ വസ്ത്രങ്ങളെ കിട്ടൂ. വല്ലപ്പോഴുമേ ഞങ്ങൾക്ക് പുതിയവ വാങ്ങിത്തരുമായിരുന്നുള്ളൂ. അതുപോലെ തന്നെയാണ് കുടയും പുസ്തകവും. ഓലക്കുടകളാണ് മഴക്കാലത്ത് പോകാൻ കിട്ടാറു ള്ളത്. ഇടവഴികളിലെ നിറഞ്ഞ വെള്ളത്തിൽ കാലു കൊണ്ട് വെള്ളം പടക്കം പൊട്ടിച്ച് നനഞ്ഞു കുളി ച്ചാണ് തിരിച്ചു വരാറ്.

ഓണം തികച്ചും ഒരുത്സവമായിരുന്നു. ഭൂമിയും നിലവും പാട്ടത്തിനെടുത്തവർ കൊണ്ടുവരുന്ന കാഴ്ച ക്കുലകൾ ഉമ്മറവരാന്തയിൽ നിരനിരയായി കെട്ടി ത്തൂക്കിയിരിക്കുന്നതു കാണാൻ തന്നെ നല്ല രസ മായിരുന്നു. അതഴിച്ച് അകത്തുകൊണ്ടുപോയി കെട്ടുമ്പോൾ താഴെ വീഴുന്ന പഴങ്ങൾ കഴിക്കുവാൻ ആരുടേയും അനുവാദം ചോദിക്കേണ്ട കാര്യമില്ലാ യിരുന്നു. എത്ര പഴമുണ്ടെങ്കിലും നേന്ത്രപ്പഴത്തിന്റെ തോല് 'കാർന്ന്' തിന്നുക ഞങ്ങളിൽ ചിലരുടെ ദൗർബല്യമായിരുന്നു. കായവറുത്തതും, ശർക്കര ഉപ്പേരിയും വീട്ടിൽ സമൃദ്ധമായുണ്ടാക്കി വറയുനിറച്ച് കഴിച്ച ആ കാലം ഇനി ഓർമ്മയിൽ ഒതുങ്ങിക്കൂടുക യേയുള്ളു.

കുട്ടികളെന്ന നിലയിൽ ഞങ്ങൾക്ക് സന്തോഷവും കൗതുകവും നൽകിയത് ഓണത്തിന് വീടു പണിക്കായും, പുറംപണിക്കായും വന്നിരുന്ന ചുറ്റു മുള്ളവർക്ക് മുത്തച്ഛൻ നൽകിയിരുന്ന അപൂർവ്വ സമ്മാനങ്ങളാണ്. വലിയ 'കുഴുതി'ൽ കൊണ്ട് തല യിൽ ഓരോരുത്തർക്കായി എണ്ണ ഒഴിച്ചുകൊടുക്കും. അവരത് തലയിലും ദേഹത്തും പുരട്ടും. അപ്പോൾ 'പപ്പട'കെട്ടുകളഴിച്ച് മുത്തച്ഛൻ മുകളിലേക്കെ റിയുമ്പോൾ ഓടിപ്പിടിക്കുന്ന സ്ത്രീപുരുഷ ഭേദമെന്യേ (കുട്ടികളും) കാഴ്ച മനോഹരമായിരുന്നു.

അരിയും, പഴവും, പച്ചക്കറിയും ഓരോ വീട്ടിലേക്കും കൊടുത്തയക്കുന്നതോടൊപ്പം ഓണസദ്യയും ഉണ്ടിട്ടേ പണിക്കാർ വീട്ടിൽ പോകാറുള്ളു.

ഞങ്ങൾ കുട്ടികളെ അതിശയിപ്പിക്കുന്ന മറ്റൊരു കാഴ്ച മച്ചിന് (ഭഗവതി വീട്ടിൽ കുടിയിരിക്കുന്ന മുറി) ഉള്ളിലെ വലിയ ചീനഭരണിയാണ്. വീടുപണിയു മ്പോൾ തന്നെ ആ മുറിയിൽ വെച്ചു പിന്നീട് വാതിൽ വെച്ചതാകുമെന്നു തോന്നുന്നു. ആ ഭരണി പുറത്തേ ക്കെടുക്കാൻ പറ്റില്ല. നൂറ്റാണ്ടുകൾ പഴക്കമുള്ള ആ ഭരണി ഇന്നും കേടുകൂടാതിരിക്കുന്നു. ഉപ്പുമാങ്ങാ ധാരാളമായി ഉണ്ടാക്കി, അമ്മമ്മ ചുറ്റുമുള്ള പാവ ങ്ങളുടെ വീടുകളിൽ പനിയും മറ്റും വന്നാൽ അവർ ക്ക് ഉപ്പുമാങ്ങാവെള്ളവും, മാങ്ങയും കൊടുത്തി രുന്നു.

ഇന്നത്തെ നാലുമുറികളുടെ വിസ്തീർണ്ണമുള്ള, വലിയ പത്തായമാണ് മറ്റൊരു പ്രത്യേകത. മലയാള ലിപികളി ലെഴുതിയ നിരപ്പലകയാണ് പത്തായത്തിനുള്ളത്. ഞങ്ങൾ കുട്ടികൾ അതിനുൾഭാഗവും ഒളിച്ചു കളിക്കാൻ ഉപയോഗിക്കാറുണ്ട്.

പത്തായത്തിന്നടിവശത്തായി, വലിയചെമ്പ്, വാർപ്പ് ഉരുളികൾ, വലിയ കോരികൾ, ചോറ് വാർക്കാനുള്ള മരത്തിൽ തീർത്ത ഉപകരണങ്ങൾ എന്നുവേണ്ട വലിയ സദ്യകൾക്ക് ഉപയോഗിക്കാനുള്ള എല്ലാ പാത്രങ്ങളുമുണ്ട്. നാട്ടിൽ എവിടെ വിശേഷങ്ങളു ണ്ടായാലും ഈ പാത്രങ്ങൾ കൊണ്ടുപോവുക പതിവായിരുന്നു. ഒരു കുല ചെറുപഴവും, പപ്പടവും, പഞ്ചസാരപ്പൊതിയും കാഴ്ചവെച്ചെ നാട്ടുകാർ പാത്രങ്ങൾ കൊണ്ടുപോയിരുന്നുള്ളു. പഴക്കുല കൊണ്ടുവരുകകാരണം ഞങ്ങൾക്കെല്ലാം അവരോട് വലിയ ഇഷ്ടമായിരുന്നു.

തിരുവാതിര കൂവകുറുക്കിയതും, പുഴുക്കുമായി ഒറ്റ ദിവസം കൊണ്ട് അവസാനിക്കുന്ന ഉത്സവമായിരുന്നു. എങ്കിലും ഒന്നു രണ്ടാഴ്ച മുമ്പുതന്നെ പുലർച്ചെ അമ്പലകുളത്തിൽ പോയി 'തുടികൊട്ടിപ്പാടി' നീന്തിക്കുളിക്കുവാൻ അടുത്ത വീടുകളിലെ മുതിർന്ന സ്ത്രീകളും വന്നിരുന്നു. കൂവച്ചെടികൾ പറമ്പിൽ തന്നെ വളർത്തി കിഴങ്ങുപറിച്ച് പൊടിച്ച് വെള്ളത്തി ലിട്ട് ഊറുമ്പോൾ അരിച്ചെടുത്ത് പൊടി ഉണ്ടാക്കി യാണ് കൂവപ്പൊടി ഉണ്ടാക്കിയിരുന്നത്.

എന്നും വിളക്കുവെച്ച് തെക്കിനിയിലിരുന്ന് സന്ധ്യക്കു

നാമം ജപിക്കൽ നിർബ്ബന്ധമായിരുന്നു. മലയാളം, ഇംഗ്ലീഷ് അക്ഷരമാലകൾക്കു പുറമെ പെരുക്കുപട്ടിക 16 x16 =256 വരെ ചൊല്ലിയാലെ എണീറ്റുപോകാൻ പറ്റൂ. ചിന്നമ്മാമയാണ് അതിനു നേതൃത്വം നൽകിയിരുന്നുത്.

വലുതായി വിവാഹം കഴിഞ്ഞപ്പോഴാണ് വീടിന്റെ ചുമതല അമ്മയിൽ നിന്നും ഏറ്റെടുക്കേണ്ടി വന്നത്. അപ്പോഴാണ് കുടുംബിനികളുടെ അവസാനിക്കാത്ത ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നതും. വീടും അമ്പലകാര്യങ്ങളും ഒന്നിച്ചു കൊണ്ടുപോകാൻ അമ്മമ്മയും, അമ്മയും സഹിച്ച പ്രാരാബ്ദങ്ങളുടേയും സാമ്പത്തിക ഞെരുക്കങ്ങളുടേയും വ്യാപ്തി മുന്നിൽ കണ്ട് അതിശയിച്ചിട്ടുണ്ട്. എല്ലാം ഭഗവതി നടത്തിത്തരും എന്ന ആത്മവിശ്വാസമാണ് ഇന്നും മുന്നോട്ട് നയിക്കുന്നത്.

ഇടക്ക് ചെറുപ്പത്തിൽ വേർപെട്ടുപോയ രാജ്യേട്ടന്റേയും, ജയന്റേയും, സോമന്റേയും, ചന്ദ്രികയുടേയും ഓർമ്മകൾ ഒരിക്കലും നിലക്കാത്ത സ്നേഹസമ്പന്നരുടെ ത്രസിക്കുന്ന സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഞങ്ങൾ കുട്ടികളുടെ സംഘങ്ങളും വലിയവരുടെ കൂട്ടങ്ങളും ചേന്നരേയും മംഗലവും എന്നും ഒന്നായി നിലനിർത്തിയിരുന്നു. അങ്ങോട്ടും ഇങ്ങോട്ടുമുള്ള നിത്യസന്ദർശനങ്ങൾ വിശേഷങ്ങൾ പങ്കുവെക്കാനും, സൗഹൃദങ്ങൾ നിലനിർത്താനും ഉപകരിച്ചിരുന്നു.

നമുക്കോർക്കാം, അയവിറക്കാം, സന്തോഷിക്കാം ഓർമ്മകൾക്കു നിറം കൊടുക്കുന്ന ഈ സുദിനത്തിൽ എല്ലാവരുടേയും ഓരോ കാലങ്ങളും നല്ലതായിരുന്നു എന്ന് മനസ്സിലാകുന്നത് ആ കാലം കഴിഞ്ഞതിനു ശേഷം മാത്രമാണെന്ന്.

ഇന്ന്, ഈ ദിവസം മറക്കാത്തൊരനുഭവമായി, നമുക്കു കാത്തുസൂക്ഷിക്കാം. ഇതുവരെ അയ വിറക്കിയ കാലഘട്ടങ്ങൾക്കെല്ലാം ഒരു 'പൊൻ തൂവലായ്' ഈ സുദിനം ജീവിതത്തിൽ നില നിൽക്കട്ടെ.

"എല്ലാവർക്കും ആശംസകൾ"



Kondayur House

Synopsis

## Kondayur Tharavadu

Vallathol Bharathi Amma

The author, fondly called just Ammuoppol by younger relatives ,begins by explaining the sisterly relationship between Kondayur and Chennara Kalam branches . A belief hitherto unknown to many is that Irukulangara Temple Bhagavathy at Kondayur temple and the Baghavathy at Pulloni Kave are sisters!! She then goes on to describe Kondayur house . She touches on the early history of Vallathol family by narrating that Vallathol Konthi Menon widely regarded as the founder of Vallathol pantheon was the trusted minister of the King of Vettam area . By virtue of this exalted position he was gifted huge expanse of real estate spreading throughout Pullooni, Mangalam, Chennara areas. We are given an insight into Thalapoli and how it was conducted annually over decades to the present day. Thalapoli is the annual festival at Irukulangara Temple in the vicinity of Kondayur house. As children they were scared of the oracles, Mannan Poothan ( a spooky imaginary character ) , Parapoothan et al. who formed part and parcel of temple festival. Festivals at Bhayankavu, Pullooni kavu , Vyrankode etc also get a mention . Onam and Vishu festivals of yesteryears are described nostalgically and with a sense of loss. Her school days were happy days which no words can describe enough. At her home as the day begins to give way to night daily it was compulsory to light the traditional lamp and for children to recite prayers, say by-heart all alphabets of Malayalam and English languages, and the multiplication tables up to 16x16=256 only after which they were allowed to get up. Chinnamamma ( Vallathol Damadara Menon ) was entrusted with the task to enforce above discipline. Finally she says after her marriage the responsibility of running the house k fell on her laps through her mother and the trials and tribulations began . She concludes by wishing all success to the meeting of old and new generations on reunion day.

# ചന്ദനസുഗന്ധം

**ഭാമിനി, കൊണ്ടയൂർ താവഴി**

എന്റെ ബാല്യകാല സ്മരണകൾക്ക് ഇന്നും ചന്ദനസുഗന്ധം. അത് ആസ്വദിക്കുമ്പോൾ തന്നെ നഷ്ടബോധവും എന്നെ വേദനിപ്പിക്കുന്നു. സകലകലാവല്ലഭനായിരുന്ന ഞങ്ങളുടെ രാജേട്ടന്റെ അകാലത്തിലുള്ള മരണം അച്ഛന്റെ മരണത്തേക്കാൾ എന്നെ സങ്കടപ്പെടുത്തുന്നു. ചേന്നര, മംഗലം ദേശങ്ങളിൽ തിരൂരിന്റെ സമീപ പ്രദേശങ്ങളിൽ എവിടെ കലാപരിപാടികളും, മത്സരങ്ങളും ഉണ്ടായാൽ അതിന്റെ മുന്നിൽ ഒന്നാമനായി രാജേട്ടൻ ഉണ്ടാകും. തൊട്ടുതന്നെ ഞാനും ഉണ്ടായിരിക്കണമെന്ന് രാജേട്ടനു നിർബ്ബന്ധമായിരുന്നു. എത്രയെത്ര അരങ്ങുകളിലാണ് നടിയായും നർത്തകിയായും എന്നെ വേഷം കെട്ടിച്ചിട്ടുള്ളത്. അഭിനയവും നർത്തനവും പഠിപ്പിച്ചതും രാജേട്ടൻ തന്നെയായിരുന്നു. നിറഞ്ഞ കരഘോഷമായിരുന്നു എല്ലാ വേദികളിലും നിന്നു ഞങ്ങൾക്കു കിട്ടിയിരുന്നത്. ഞങ്ങൾ ഷാബായ് എന്നു വിളിച്ച് ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്തിരുന്ന തിരൂർഷാ എന്ന അതുല്യ കലാപ്രതിഭ രാജേട്ടന്റെ കലാപ്രവർത്തനങ്ങളിൽ ഒപ്പം നിന്നിരുന്നു. അദ്ദേഹവും ഇന്ന് കാലയവനികയ്ക്കുള്ളിലാണ്. രാജേട്ടന്റെ നഷ്ടം ഞങ്ങൾക്കു മാത്രമല്ല, അദ്ദേഹത്തെ ഒരു ദിവസമെങ്കിലും പരിചയപ്പെട്ടിട്ടുള്ളവർക്ക് ഇന്നും വേദനിപ്പിക്കുന്ന ഓർമ്മയാണ്.

അച്ഛന്റെ മരണശേഷം ആ കുറവ് ഞങ്ങളെ അറിയിക്കാതെ സംരക്ഷിച്ച് ഞങ്ങൾക്ക് ഒരു ജീവിതം കരുപ്പിടിച്ചു തന്നത്, സ്വതേ ഗൗരവക്കാരനെന്നു തോന്നിച്ചിരുന്ന കുമാരമ്മാമ ആയിരുന്നു. രാജേട്ടന്റെ തമാശകൾ കേട്ട്, ഞങ്ങൾ കാണാതെ ഊറിച്ചിരിച്ച് ചാവടിയിലെ കസേരയിൽ കുനിഞ്ഞിരിക്കുന്ന കുമാരമ്മാമ ഇന്നും മനസ്സിൽ തെളിഞ്ഞുനിൽക്കുന്ന മൂർത്തചിത്രമാണ്.

ഇവരെ ഓർമ്മിക്കാതെ ഒരു സ്മരണ തയ്യാറാക്കാൻ ഞാൻ അശക്തയാണ്.

എന്റെ കുട്ടിക്കാലത്ത് വീട്ടിലെ അന്തരീക്ഷം സന്തോഷസമൃദ്ധമായിരുന്നു. ഞങ്ങൾ പെൺകുട്ടികളെ പത്താം ക്ലാസ്സുവരെയേ പഠിക്കാൻ വിട്ടിരുന്നുള്ളു. നല്ല കുടുംബിനികളായി ജീവിക്കാനാണ് പിന്നീടു ഞങ്ങളെ പഠിപ്പിച്ചത്. സംഘം ചേർന്ന് കളിച്ചും, ചിരിച്ചും, കഥകൾ പറഞ്ഞും ചില പ്പോഴൊക്കെ തല്ലു കൂടിയും കൂട്ടായി സ്കൂളിലേക്കു നടന്നു പൊയ്ക്കൊണ്ടിരുന്നതും, പുഴ കടക്കാൻ തോണിയിൽ ചാടിക്കയറുന്നതും, പുഴയുടെ നടുക്കെത്തുമ്പോൾ നിശ്ശബ്ദതയോടെ ഇരുന്ന് കരയ്ക്കെത്തുമ്പോൾ ചാടിയിറങ്ങാൻ മത്സരിച്ചിരുന്നതും ഓർമ്മയിൽ തിളങ്ങി നിൽക്കുന്നു. വർഷകാലത്ത് സ്കൂൾ വിട്ടുവരുന്ന ഞങ്ങളേയും കാത്ത് ഉത്ക്കണ്ഠ യോടെ മുറ്റത്തു നിൽക്കുന്ന അമ്മയും, അമ്മമ്മയും, അമ്മായിയും മനസ്സിൽ നിന്ന് ഒരിക്കലും മായുകയില്ല.



ഗൃഹജോലികൾ ചെയ്യാൻ അമ്മയും അമ്മമ്മയും അവരെ സഹായിക്കാൻ പണിക്കാരികളും ഉണ്ടായിരുന്നതുകൊണ്ട് ഞങ്ങൾ പെൺകുട്ടികൾക്ക് ജോലികളൊന്നും ചെയ്യാൻ ഉണ്ടായിരുന്നില്ല. അതിനാൽ ബാല്യത്തോടൊപ്പം യൗവനത്തിലും ക്ലേശങ്ങൾ ഒന്നുമുണ്ടായിരുന്നില്ല.

ഞങ്ങളുടെ വീട്ടിൽ നിന്നും അധികം അകലെയായിരുന്നില്ല പൂന്തോട്ടം തറവാടും, ചേന്നരക്കളവും. ഉച്ചയൂണു കഴിഞ്ഞാൽ പൂന്തോട്ടത്തിൽനിന്നും, സുനന്ദ, അനിത, ലതിക, സദാനന്ദൻ, മീര, രമ, സതിച്ചേച്ചി, പപ്പ, മിനി, പങ്കജേട്ടൻ, സോമേട്ടൻ, നളിനി ഓപ്പോൾ, ചന്ദ്രിക, ചേന്നരക്കളത്തിൽ നിന്ന് ശ്യാമളചേച്ചി, സുധ, മാലതി ഓപ്പോൾ - അങ്ങനെ എത്രയെത്ര പേരാണ് കുശലം പറയാനും ചിരിക്കാനും അമ്മയെയും, അമ്മമ്മയെയും ഒക്കെ കാണാനും വീട്ടിൽ വന്നിരുന്നത്, അക്കാലത്ത്. ഞങ്ങൾ നാലു സഹോദരിമാരും, മൂന്നു സഹോദരന്മാരും, ചിന്നമ്മാമയുടെ മക്കളായ സാവിത്രി, ഗായത്രി, അപ്പു, പീതാംബരൻ, കുമാരമ്മാമയുടെ മക്കൾ ഹരി, ചന്ദ്രൻ, ഗീത, ചന്ദ്രമ്മാമയുടെ മകൾ മോളു എന്ന സത്യവതി - അങ്ങനെ കൊണ്ടയൂരും ഉണ്ടാകും ഒരു സംഖ്യ. എല്ലാവരും കൂടിച്ചേർന്നാലുള്ള ബഹളം എന്തായിരുന്നു. പലപ്പോഴും ഓരോരോ കൂട്ടമായി തിരിഞ്ഞായിരിക്കും വർത്തമാനങ്ങളും ചിരിയും നടക്കുക. അവിടെ പ്രായഭേദമോ, സ്ഥാനവലിപ്പമോ ഒന്നും ആർക്കും ഒരു പ്രശ്നമായിരുന്നില്ല.

കോഴിപ്പറമ്പിലെ രമ, ശകുന്തള, വസന്ത, ഇന്ദിര, ചന്ദ്രിക എന്നിവരുടെ വരവും കൂടിയായാൽ കൊണ്ടയൂരിലെ ചിത്രം സമൂർത്തമാകും.
മദ്ധ്യവേനൽ അവധിയായാൽ കൊണ്ടയൂർ വീടും പരിസരവും നിറയെ ബന്ധുക്കളെക്കൊണ്ടു നിറഞ്ഞിരിക്കും. ചേരിതിരിഞ്ഞുള്ള കളികളും, ഇടയ്ക്കിടെയുള്ള സൗന്ദര്യപ്പിണക്കങ്ങളും, മാമ്പഴക്കാലമായാൽ മാമ്പഴം പെറുക്കാനുള്ള ഓട്ടവും, തള്ളിയിടലും, മാമ്പഴം മുട്ടിക്കുടിക്കുമ്പോഴുള്ള തട്ടിപ്പറിക്കലും എല്ലാം ഓർക്കുമ്പോൾ ഇന്നും അങ്ങനെതന്നെ കഴിഞ്ഞാൽ മതിയായിരുന്നു എന്നു മോഹിച്ചുപോകുന്നു.

ഒഴിവുകാലം തീരുന്നതിനു തലേദിവസമോ, അതിന്റെ തലേദിവസമോ ഉള്ള യാത്രപറച്ചിലായിരുന്നു അസഹനീയം. കെട്ടിപ്പിടിച്ചു കരയാതെ ഒരു ഒഴിവുകാലവും അന്ന് അവസാനിച്ചിരുന്നില്ല.

അന്നത്തെ ആ സ്നേഹവും സൗഹൃദവും ഇന്നും മായാതെ മങ്ങൽപോലും ഏൽക്കാതെ മനസ്സിൽ നിറഞ്ഞു നിൽക്കുകയാണ്. ഇന്നത്തെ തലമുറയ്ക്ക് ഇതൊക്കെ ഒരുപക്ഷേ, കെട്ടുകഥപോലെ തോന്നാം.

കമ്മ്യൂണിസ്റ്റ് പാർട്ടി അനുഭാവിയായിരുന്ന കുമാരമ്മാമയെ കാണാൻ കൊളാടി ഗോവിന്ദൻകുട്ടി മാമയുടെ നേതൃത്വത്തിൽ പാർട്ടി പ്രവർത്തകർ ചാവടിയിൽ സമ്മേളിക്കുമ്പോൾ മാത്രമായിരുന്നു ബഹളത്തിനു ശമനം വന്നിരുന്നത്. കുമാരമ്മാമയുടെ ഒരു നോട്ടം മതി ഞങ്ങൾ നിശ്ശബ്ദരാകാൻ. കുറ്റിപ്പുറം സ്കൂളിൽ അധ്യാപകനായിരുന്ന പുതുക്കാട്ടെ അനിയേട്ടൻ ഞങ്ങളോടൊപ്പമായിരുന്നു താമസിച്ചിരുന്നത്. അനിയേട്ടനും, കുമാരമ്മാമയുമായി സംസാരിക്കുമ്പോഴും ഞങ്ങൾ നിശ്ശബ്ദത പാലിച്ചിരുന്നു.

കളത്തിൽ ഗോപിയേട്ടൻ, പരമേശ്വരേട്ടൻ, ഭാർഗ്ഗവേട്ടൻ, കൊച്ചുണ്ണിയേട്ടൻ, ഹരിദാസേട്ടൻ, മുരിക്കിങ്ങിൽ പ്രഭാകരേട്ടൻ, കുട്ടേട്ടൻ, ചന്ദ്രേട്ടൻ, ചങ്കപ്പേട്ടൻ തുടങ്ങിയവരുടെ ഇടയ്ക്കിടെയുള്ള വരവും വീട്ടിലെ ആനന്ദത്തിനു മാറ്റുകൂട്ടിയിരുന്നു.

ഭഗവത് സേവയും, താലപ്പൊലിയും ആയാൽ നിത്യേനയെന്നോണവും അല്ലാത്ത കാലങ്ങളിൽ അമ്പലത്തിൽ തൊഴാൻ ഇടയ്ക്കിടക്കും മംഗലം, പുല്ലൂണി, ആച്ചിക്കുളം ഭാഗങ്ങളിൽ നിന്നു വന്നിരുന്ന സുമ, വത്സല, അംബിക, ബേബി, രാധിക, വിജയോപ്പോൾ, തങ്കോപ്പോൾ, സരോജിനിയോപ്പോൾ, കനകോപ്പോൾ തുടങ്ങിയവരും വീട്ടിൽ വന്ന് ഞങ്ങളോടൊപ്പം ആഹ്ലാദങ്ങളിൽ പങ്കെടുത്തിരുന്ന കാലം അവിസ്മരണീയമാണ്.

വീട്ടിൽ വരുന്ന ഇക്കാണായവർക്കെല്ലാം വെച്ചുവിളമ്പാൻ അമ്മയ്ക്കും, അമ്മമ്മയ്ക്കും ഉണ്ടായിരുന്ന ഉത്സാഹത്തിന് ഒരിക്കൽ പോലും മങ്ങലേറ്റിരുന്നില്ല. ആരെങ്കിലും വരാതിരുന്നാലുള്ള അന്വേഷണവും ആകാംക്ഷയും കണ്ടുമുട്ടുമ്പോഴുള്ള അവരുടെ ആവലാതിപറച്ചിലും പരിഭവവുമൊക്കെ കാണേണ്ടതുതന്നെ ആയിരുന്നു.

ആ പുണ്യാത്മാക്കളുടെ പിൻതലമുറക്കാരായി ജനിച്ചത് മഹാഭാഗ്യം തന്നെയാണ്. അതുതന്നെ ആണ് ഇന്നത്തെ ഈ ജീവിതത്തിനു പ്രചോദനം ആകുന്നതും; വിജയം ചേർക്കുന്നതും.

ഈ ഓർമ്മകൾക്ക് ഇന്നും എന്നും ഉള്ള ചന്ദനസുഗന്ധം ഓർമ്മയുള്ള കാലം വരെ നമുക്ക് ആസ്വദിക്കാം.

മൺമറഞ്ഞ ആ തേജസ്വികളുടെ ഓർമ്മകൾക്കു മുന്നിലും ഇന്നുള്ള ഗുരുകാരണവന്മാർക്കും വിനയാദരങ്ങളോടെ പ്രണാമം അർപ്പിക്കുന്നു.

## Memories that emanate sandalwood wood smell

Vallathol Bhamini, Vallathol Kondayur Branch

The author's childhood memories have the sweet smell of sandalwood forever for her. She begins by narrating her unforgettable times with her eldest brother Rajettan ( Vallathol Bharatha Rajan ) who was an immensely talented drama artist . His untimely demise caused much grief which words can not describe enough. Thanks to his insistence the author has appeared on various stages both as a dancer and an actress. She learned all the art of acting from Rajettan. Anybody who had met him once would have felt a sense of huge loss with the passing away of Rajettan. Such was his impact on others. She gratefully credits her uncle Vallathol Kumara Menon for looking after the household and welfare of all at home after the death of her father. She then takes us through her joyful school days and the frequent visits of cousins from nearby houses. During School summer vacations the Kondayur house used to turn into a beehive of merry activities with the presence of so many realtives. and when it was time to say adieu with schools reopening a melancholy mood used to descend on them. She touches on the famed Thalapoli at Irukulangara Temple in the compound adjacent to Kondayur house. She concludes by paying rich tributes to many of her ancestors who were blessed with adorable qualities

# ഓർമ്മയിൽ ഞാനും, അമ്മയും, അമ്മു ഏടത്തിയും

ശ്രീമതി. D/o. വള്ളത്തോൾ ശാരദമ്മ.






എന്റെ ഓർമ്മയിൽ ഞാനും, അമ്മയും, അമ്മു ഏടത്തിയും (ഇന്ദിര) കൂടി മഹാകവിയുടെ വീട്ടിൽ നാലഞ്ചുദിവസം താമസിച്ചിട്ടുണ്ട്. അപ്പോൾ മഹാകവി എല്ലാവർക്കും ഊണു കഴിക്കുന്ന സമയത്ത് എല്ലാവർക്കും നെയ്യ് കൂട്ടി കൊഴച്ച് ഉരുള കൊടുക്കാറുണ്ട്. ശാരദേ എന്നു വിളിച്ച് നെയ്യുരുള കൊടുക്കാറുണ്ട്. അത് അമ്മയുടെ ഒരവകാശം പോലെ ആണ്. അമ്മ വല്ല്യമ്മാമന്റെ പ്രിയപ്പെട്ട കണ്ണിലുണ്ണി ആയിരുന്നു. വല്യമ്മാമ ചെറുതുരുത്തി യിൽ ഒരു മുറിയിൽ ചാരുകസേലയിൽ കിടക്കുക പതിവാണ്. അതിപ്പോഴും മനസ്സിൽ തങ്ങിനിൽ ക്കുന്നു. ഉരുള കൊടുക്കുന്നത് ഇപ്പോഴും മനസ്സിൽ ഉണ്ട്. പിന്നീട് മഹാകവി ഞങ്ങളുടെ ദേവിവിലാസം തറവാട്ടിൽ ഭായി ഏടത്തിയുടെ വിവഹാത്തിന് വന്നിട്ടുണ്ട്. അവിടത്തെ ചാരുകസേരയിൽ കിടക്കു ന്നത് നല്ല ഓർമ്മയുണ്ട്. പിന്നെ ദേവിവിലാസത്തിൽ വന്നാൽ ശബ്ദ സുന്ദരനായ മഹാകവിയുടെ ഒരു വിളിയുണ്ട് ശാരദേ ശാരദേ എന്ന്. അതുപോലെ തന്നെയാണ് മാലതി ചെറിയമ്മയുടെ അമ്മയുടെയും ബന്ധം. ശരിക്കും ഒരു മാതൃക ആണ്.

# എന്റെയും വളർച്ചയ്ക്ക് പിറകിൽ - കലാമണ്ഡലം



എന്റെ ജീവിതത്തിലെ അതിപ്രധാന കാലഘട്ടമായിരുന്നു കലാമണ്ഡലത്തിലെ പഠനകാലം. കുടുംബം കെട്ടിപടുക്കുവാനും ഇന്നത്തെ സുഖജീവിതത്തിന് വഴിതെളിയിക്കുന്നതിനും പത്തായപുരയിലെ മൂത്ത സന്തതിയായ കെ.വി. വിശ്വനാഥമേനോനാണ് കാരണമായത്. മക്കൾ വിനോദ്കുമാറും വിന്ദുജയും മരുമക്കൾ രാജേഷും കൊച്ചുമക്കൾ ഋത്വിവിക്കും, നേഹയും ആ കുടുംബത്തിലെ പാരമ്പര്യം അനുഭവിച്ചു വരുന്നു. തിരുവനന്തപുരത്തെ പ്രശസ്തിയാർജ്ജിച്ച 'കേരള നാട്യ അക്കാദമി' ലോകമെമ്പാടും അറിയപ്പെടുന്ന കലാമണ്ഡലം വിമലാ മേനോൻ എന്ന എന്റെയും വളർച്ചയ്ക്ക് പിറകിൽ താങ്ങും തണലായി നിൽക്കുന്നത് എന്റെ ഭർത്താവും നിങ്ങൾ കുടുംബാംഗങ്ങളുമാണെന്ന അഭിമാനത്തോടെ ഞാൻ ഓർക്കുന്നു.

വിമലാ മേനോൻ

# From Fading Pages of Memory

**Ravindranatha Paniker Poonthottam**

Folklore has it that the original Vallathol Tharavad was a Chennara-based run-of-the-mill Nair household in the service of Vettath Royalty. Its ascendance started with an enterprising ancestor rising to the position of the then Vettath Raja's minister. To be close on call, he built his head-quarters at Pullooni on land gifted by the Raja, incorporating elaborate paraphernalia – grand abode for his matriarchal clan in Ettukettu architecture, Kalari, guest accommodation, Pathayappura –the granary, Nellukuthupura for paddy husking, Koodu for storage of coconuts, firewood etc, gate structures on all four sides, cattle sheds and what-not! Eventually, however, the hey-days passed and decline started with devastating impact on the complex. Fortunately, there was a second even more magnificent coming with the name 'Vallathol' acquiring world fame in the personage of the great Poet-Laureate and reviver of Kathakali.

I was a Pullooni inmate for the best part of pre-teen years. By then, all the peripheral structures and even half of the Ettukettu had bid goodbye and reappeared elsewhere as modest residences, consequent on partitions between groups known as thavazhi. All the able bodied men had floated away in quest of better living, Madras, Calcutta and Bombay being favoured destinations. My paternal grandmother's thavazhi had inherited what was left of Pullooni establishment. Her husband –addressed 'Valliachan' by my generation- was in charge. Venu, my cousin, and me, aged ten, were his able deputies for managing the still sizeable paddy fields and coconut groves. And what efficient performance!

To cite just one example. For the monthly coconut plucking, Valliachan would schedule school holiday weekends in order to entrust field operation to his deputies. Not to miss the opprtunity, we would strut around donning an air of authority. Not for long though. Soon enough Venu would get bored and perform his well-practised disappearing act on some pretext or other, pompously repeating to me Valliachan's caution to be alert not to miss any straying nut. And it was my fate to slog in humid heat, only to be rewarded with a single tender coconut at the end of the long day. Because, Venu was my senior by all of twentyeight days, qualifying him to the status of my 'Ettan' and consequently boss! Fair enough. But he had this uncanny knack of appearing on the scene whenever Valliachan made his inspection visit, thus earning his tender coconut without sweating. All I could do was to go red with rage, even more than from the sweltering heat!



For one day in the lunar cycle however, the cousins would transform into the best of buddies. The eagerly awaited Pradosham day. Its highlight was the family puja in Kaipambady temple The special prasadam, delicious rice-and-jaggery payasam, was doled out by Pujari in generous measure at the end of the day's rituals and it was our duty to collect and deliver at home. The privilege of carrying the treat as well as the complementary duty of lighting the path with a torch of burning coconut fronds rotated between us. Once out of the temple premises, armed with a broad leaf plucked from the bushes lining the fence, 'operation payasam pinch' would start. Naturally custodian of the booty would mouth the larger helping . Never mind. Come the next Pradosham, correction would happen by exchange of roles. Careful calibration would signal exactly when to terminate the operation to avoid raising suspicion at home. Even so, some smart alec among the womenfolk would occasionally comment on depletion in quantity of prasadam. Instead of countering, we would tactfully agree and pass the buck to the hapless Pujari who was not present to defend himself. Fantastic unity of the otherwise cold-warring cousins!

Years passed and now it was our turn to merge with the city-bound job-seekers. Happily Venu shaped out into a successful company executive owning the status symbol of those times– a motor car. Armed with a University degree in Engineering – arguably the first for the Vallathol conglomerate- I too headed eventually to Calcutta as job seeker. And thanks to the enthusiasm of our well-meaning and energetic young generation, Pullooni rose once again as an appropriate memorial to the great Bard. Indeed, this is a matter of immense joy for us old-timers who had the misfortune to be helpless witnesses to the downfall of an edifice close to our heart with tremendous emotional bond.

# Mind and Soul at Kondayur

**Jayasree**
Daughter of Vallathol Parvathi Bhai
Vallathol Devi Vilas,Trikkatiri.



I am writing this on behalf of my mother. I remember she had fond memories of KondayurTharavadu. She used to say, she had a loving and caring mother there,but I don't remember, if it is Ammuedthi's mother or Ammuedthi's grandma. Many times I had felt that her mind and soul were at Kondayur.

We had been to Kondayur twice or thrice only with my mother.but my mother had gone all alone to Kondayur many times. I wonder now how she managed to go alone all this distance, may be the blessings of kondayur temple deity had given her the strength and courage.The last we came there with mother was for a thalapoli only.and at the age of 35, she gave me rice from that temple which she had prayed (chorunu) very long back.

Once with my mother, we had gone to V K Balakrishnan Menon's home(appuettan I think mother called him)in Kondayur and at Palakkad also. In my vague memory, I think he was the Palakkad Dist Collector. I hope this is the same Balakrishnan. When we (myself and Girija) were studying in LSN Convent,Ottapalam. Once when he had an official visit to Ottapalam had come to see us also. It was a very great time for us when the school authorities knew a Collector came to see us. We became the then VIP'S and remembering how soft spoken the teachers were to us. We enjoyed the dignity with pride. And getting to know our family relatives at school Anitha and Sunanda.

HAD GONE WITH MOTHER TO CHERUTHURUTHY TO SEE VASANTHY CHECHI,REMEMBER MALATHY CHERIAMMA CURLY HAIR,AND OUR AMMUEDTHI ALWAYS WITH US IN THE JOURNEY.ALL BECAUSE OF MY MOTHER<u>PARVATHY BHAI</u>.

***AND THE JOURNEY BEGINS***

# Eventful and enjoyable childhood at Punnona and Pullooni

**Surendranath P.**



My grateful thanks to the organisers of "reunion of Vallathol family" for their wonderful efforts and particularly for giving me an opportunity to write something in this context. I had a rather eventful but mostly enjoyable childhood, starting my life alternatingly at Punnona and Pullooni moving to Madras for a while (where there was an episode of me getting lost amidst the evening crowd of the city but luckily getting rescued and taken home by a kind hearted Tamil gentleman) and finally settling down at shoranur as kid brother of Raviettan and struggling to catch up with him in studies etc.

Early memories include getting pushed by Venuettan and Raviettan into the middle of the domestic pond (Muttathe Kulam) struggling back ashore after gulping plenty of water and then being declared fit to swim on my own.

Overhearing Vallathol School Headmaster Kalathil Gopiettan's compliment which loosely translated meant "silent cat breaks the pot" referring to me as the boy who silently did well in studies.

Generally enjoying life as full of sukham (comfortable) in Punnona and rasam (pleasurable) in Pullooni being looked after beautifully by Oppol (Manorama) May her soul rest in peace.

Many an evening I used to go with friends to Bharathapuzha (Shoranur) spending part of the time on the bridge. I have pleasant though somewhat awesome memories of meeting Poet Vallathol taking his majestic constitutional walks on the bridge. He would recognize me and make enquiries about my parents but more often than not I would hide from him because of extreme respectful awe.

# Time of my life

**Jothin Vallathol, Melbourne, Australia**

The extended family reunion was a dream of Ramuattan (Vallathol Ramdas) and Vinu. When I met them a few years back during a visit to Pullooni, we discussed this at length and I felt the passion of these two to make it happen. The fact that it is really happening is very heartening to know, and many in the family will have this place etched in their memories with many unforgettable experiences and anecdotes. It was place for family togetherness and love and affection for everyone who lived there, visited there or passed through the place in their life journeys.

I am happy to contribute a little piece of my own experience to be shared with the extended family.

Everyone has their own "best part of my life" childhood story. This is mine and it lasted a decade and a half. Our family lived in Chennai (then called Madras) and from the time I remember we used to spend all our holidays in Mangalam, a small village in Malappuram disrict in Kerala, India. It was the most beautiful place on earth for me and my brother, I am sure my parents thought so too. We used to grind through our lives going to school, playing this and that after school, pretending to study while reading some comic books etc all in order to spend those few weeks in Mangalam. As soon as the exams came up, we knew we were close to the holidays and we just needed to grit through the few days of exams and we will be on our way to paradise. Tickets on the Mangalore mail that will take us to Tirur which is the nearest train station was hard to come by as there were a zillion people trying to get to different parts of Kerala for the school holidays and my dad was the best anybody could wish to have, he will get us tickets somehow, sometimes it used to be WL (waiting list) or RAC (Reservation Against Cancellation) but we did not care, our destination was far too precious for us to care how we travelled. We used to pack our bags with some play things, like cricket bats, balls, stump, football which were all exotic marvels for the folks in Mangalam. The part of travel before we get to the train is a bit of blur for me as my mind was always racing ahead and thinking of the things we want to do once we get there. Meal time on the train was always exciting as the food, whatever it was, was especially tasty, and packed in banana leaves which would have been heated up a little to give it the flexibility to fold around the food. We became hungry once we got on the train and once we had shared and made sure there is nothing left, we went to bed on the wooden berths with a small sheet, the rocking of the train made sure we got some decent sleep. We get up very early as the train reaches Tirur early in the morning and we don't want to miss the sights of Kerala as we enter from Tamilnadu. The cool breeze from the windows was so refreshing and the scenery was always wet and beautiful. When we wake up we are almost always in Shornur station or past it and we knew the next station was Pattambi. We start putting away our things and our faces will be looking bright and excited. We need to move our luggage to the door as the train only stops for a very short time in Tirur and we have to unload everything quickly. After we pass Kuttipuram station we start moving the bags to the door, in the initial days we had a thing called a "hold-all" it was a military equipment type bed rolled up and strapped up that can hold anything. That one used to be on top of the hard suitcases and we used to fight over who gets to sit on it as we near Tirur station, we pass through familiar points in the landscape as we near the station and once we get to the station, my dad would signal a porter who will be walking on the platform, we used to have a regular porter who will come up and unload the bags quickly so that we can get off the train.



In the early days my uncle used to come to the station, a car will be waiting for us, the driver used to be someone we knew as there were very few cars as taxis those days. We load up the car and off we go on a trip from Tirur station to Mangalam, for me that is one of the best journeys one can have, I remember every single turn and every single landmark along that route there will be comments like "that house was not there last time", it has "rained well this year", "what is the price of coconut", etc.

The roads are most of the time full of pot holes and we can hear the cranks from the car as it winds around the bigger pot holes, we pass the bridge at Annasery and we know we are almost there, we can see pulloonikavu wow what a sight amidst the green paddy fields is this temple that is mysterious and steeped in strange and sometime

frightening godly tales. We take the turn at the CBD of Pulooni with a café, and a couple of Grocery stores. Just past the bend is the spot between my fathers traditional home Murukingal and my mothers Achikulam, the excitement now for us is at fever pitch and we will be grinning from ear to ear. There is the Vallathol AUP School over looking the road about 500 metres on the right and the Murukingal house was 500 metres to the left on another high ground. The classes that face the road will literally stop when they see the car as those days it was open class rooms with only corner pillars to hold the tiled roofs. The teachers would come over the knee high walls of the class room to greet us as they were all our close relatives, the school was run by my uncle. The schools holidays did not exactly match and there used to a few days of school before they closed for the holidays while we were there. We say the hellos to everyone who would have come over to greet us from both houses, it was a large family, with many uncles, aunties and cousins. We usually go to my mothers house first to settle our things and clean up. The house was huge with lots of rooms with large open space in front and heavy vegetation with large mango trees, jack fruit trees etc around the house. There used to be two large mango trees in front, the ones called mooandan, ie they will start bearing fruit within three years. They were round mangoes with a special taste which I have never tasted anywhere else in the world except at my uncles who took one of those to plant in Chennai and nurtured it to a big tree with huge yields these days. Once we get to Achikulam, we are let loose, our cousins come over and then it is heaven for the next few days, we have a few houses around the place and specifically 4 in a square. Achikulam, Vadakeveedu, Murukingal and Pulooni. Murukingal was on the east, Achikulam was on the west, Vadakeveedu on the north, and Pulooni on the south, all equi distant from each other. Brothers Ravi and Venuatten are from Murukingal, brothers Babuatten and Gokulatten from Pulooni, me jathi and my brother Jayan from Achikulam.

We start every morning in Achikulam as that is where we used to have our bath. There used to be a choice of four ponds for us to have our bath. The bath in the pond was one of the highlights of our time in Mangalam. We used to spend hours in the relatively huge ponds. We randomly chose a pond (although there was some method to it as there were ladies and others who would use the pond for their baths too and there was the grandfather factor, my mothers father used to chase us with his walking stick to get us out of the pond as we will turn the water and make it very slushy and nobody could use it for a while after that, till it all settles again). We used to have diving competitions, swimming races, catching games etc in the water. We being the city folk used to be weaker in these games as my local cousins were experts in swimming underwater and staying longer in the water etc. My brother was very good at it and could match up with some of the locals. It used to be especially great when it was raining, when it rains it really pours down and being in the pond at that time is a special experience and the temperatures are always warm and that was never a problem. We used to have visiting cousins from Changaramkulam who were even better at this like Sudhakaratten was a expert in diving and swimming underwater, if only we could have trained them properly I am sure they would have been very competitive at higher levels, but at that time we did not even know such things existed let alone try and participate.

After a few hours in the water, we go in to have our breakfast, wow what a breakfast, with Dosas made of hand pounded red rice, hand ground ullichamandi and hand ground thanga chutney, my mouth waters thinking of that now. We also used to have podiarikangi (broken rice kongi), with plavila(jack fruit tree leaf) as a spoon, the taste of the leaf give it an extra oomph that was out of this world, with kadu manga (hot mango pickle) and/ or uppilita manga (pickled mango). After quickly finishing up with breakfast we walk over to Vadekke veedu, where we will be greeted with genuine pleasure and enthusiasm on seeing us, it was like our own home, we go around the house play a few things muck around, our uncle there was a great gardener and had a perfect garden and as he had returned from Malaysia a few years back had a lot of exotic things in his house which we explore and try and generally have a ball. When we have had enough of there, we used to wander out and go over to Murukingal, Ravi is a timid, clean, conservative guy who was very careful with all his things and kept them neatly and perfectly, while Venuatten was the opposite, his things were all a mess and broken, he was outgoing and generally the complete opposite of Ravi. We go to their place and pluck a few mangoes, play some marbles, which Ravi had a lot and Venuatten only a few as he did not take care of them and also gambled away more recklessly than Ravi.

We used to have lunch there sometimes which was very tasty with sambar (not really as they knew we liked sambar, and they used to make pullingari which was sambar for me) and lots of uppari (fried or steamed vegetables), some time fish used to be in the menu if one of my fathers brothers are visting or my father buys some. After lunch we go back to the school compound which was right in the middle of the four houses.

Babuatten and Gokulatten used to be ready for play by then after all the chores they had to do, their father was a task master and they had a few bullocks which was used to plough the fields and they had to go graze them and take them back to the shed and feed them etc etc. In the afternoon they are also ready to play and we bring out the exotic game things, cricket was in fashion in some seasons, football in others. We used to have cousins from Pulooni, Ramuatten used to come from Irrinjalakuda, where he used to study and we played Cricket, football in Pulooni, I can never forget those days, it used to be fun and laughter and fights and reconciliations. Our cousin sisters and aunts in Pulooni were always bringing us stuff to eat and drink in our breaks. Pulooni was an extraordinary house, it used to be the original main tharavdu (traditional joint family home) from where everyone had gone off. The bricks and pillars of that house were very special and sight to behold, the benches used to have chess squares built into them as there have been many a big chess game played there.

Pulooni had one of the best wells in the world, we see the bottom of the deep well and it had that bluish tinge to it, the water from that used to taste so sweet and was so refreshing after a big game. We used to sweat like pigs and stink all over when we were finished. We were treated with whatever was in the house, they were such magnanimous people that I feel we can never ever forget those things. We used to then have another bath, this time a shorter one as we were all very tired, some time it used to be on the side of the well with buckets of water from the well poured over the head. We have to then go to the temple PullooniKavu if there was any special event, or on all Tuesdays.

My father used to drop us off and go off again for work and used to return for a few more days. On such visits we go off to visit other relatives and to places like Guruvayoor and we always pressure our parents and have one of our cousins with us, Venuatten used to be one more often who will be with us and sometimes Babuatten will also be there. We have had so many great adventures on such trips, I remember one where Babuatten and Venuatten were with us on a visit to Ernakulam, we stayed at BTH (Bharath Tourist Home) which was one of the better places, we had the actor Sukumaran staying in the same hotel and at that time he was having an affair with Mallika the actress who he later married and had the kids who are now top actors. Babuatten used to go up to Sukumaran and befriend him and have chats and ask him questions till he was annoyed with us.

The saddest part of such trips is the return back. I used to often end up in tears and would force my parents to post pone our trip back, my parents have relented a few times, I am sure they also wanted to stay longer, especially when there was the AyyapanVillku at Kuttasamis temple which was right behind Murukingal house, there used be elephants and lots of exciting things happening all through the night that I want to experience it at least once. It was always on the 4th of Jan and our school always opens on the 2nd of Jan and we had to be back by the time the school opens.

We have had so many anecdotes of adventures that we can sit and talk about them over a few drinks, all others will be bored stiff of hearing these stories, especially our wives who have had to listen to them so many times, but I think not many people are fortunate enough to have had such a long and beautiful part of our lives, that I will never tire of telling them and if you don't want to hear them bad luck, I will write about this again and again till I die as it is such a big part of my life experience. I am sure my cousins will all add to this as they will have their own little special moments to share.

